നേതൃസ്മൃതി



ബി. പോക്കർ സാഹിബ്

കെ.പി. കുഞ്ഞിമ്മൂസ

ബി.പോക്കർ സാഹിബ്

കെ.പി. കുഞ്ഞിമ്മൂസ

പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

Malayalam
Nethrusmrithi - 9
B. Pocker Sahib
(Biography)
by
K.P. Kunhimoosa

General Editor
P.A.Rasheed

All rights reserved
First Edition : August 2013

Published by
Grace Educational Association
Regd 245/04
PB No. 3, Malappuram Dist. 676 317

Typesetting & Layout:
appletalk prindesign
Cover: entermedia
Printed at : Redstar Offset, Calicut

Distributors
Grace Books
Camp Sayyid, PB No. 3
Malappuram Dist. 676317
9895114673, 9633902944

₹ 70.00

പ്രസാധകക്കുറിപ്പ്

മലബാർ രാഷ്ട്രീയത്തിലെ അതികായനായിരുന്നു ബി.പോക്കർ സാഹിബ് (1890–1965). ഭരണഘടനാനിർമ്മാണസമിതിയംഗം, ഒന്നും രണ്ടും ലോക്സഭകളിലെ സജീവ അംഗം എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബി.പോക്കർ സാഹിബിന്റെ ലഘുജീവചരിത്രകൃതിയാണിത്.

രാഷ്ട്ര വ്യവഹാരത്തിന്റെ ആധാരശിലയായ ഭരണഘടനാതത്വങ്ങളിൽ വിശാരദനായിരുന്നു പ്രസിദ്ധ അഭിഭാഷകൻ കൂടിയായ പോക്കർ സാഹിബ്. ആധുനിക വിദ്യാഭ്യാസത്തിലേക്കുള്ള വടക്കേ മലബാറിന്റെ പ്രവേശംകൂടിയാണ് പോക്കർസാഹിബിന്റെ ജീവിതം അടയാളപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ നാമധേയത്തിൽ കേരളത്തിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളജ് പ്രവർത്തിക്കുന്നു എന്നത് ആ സ്മരണയോട് ചെയ്യുന്ന ആദരമായി പരിലസിക്കുന്നു.

പ്രശസ്ത പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ കെ.പി.കുഞ്ഞിമ്മൂസയാണ് 'ഗ്രെയ്സി'നുവേണ്ടി ഈ രചന നിർവ്വഹിച്ചത്. അനുബന്ധമായി ഭരണഘടനാ നിർമ്മാണസഭയിൽ പോക്കർ സാഹിബ് ചെയ്ത പ്രസംഗങ്ങളിൽ ചിലതിന്റെ വിവർത്തനം തയ്യാറാക്കിയ പത്രപ്രവർത്തകരായ സുൽത്താൻ, മുഹമ്മദ് അഫ്സൽ എന്നിവർക്കും നന്ദി.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ പാരമ്പര്യ പഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രോജക്ടുകളിലൊന്നാണ് 'നേതൃസ്മൃതി'. ഈ പരമ്പരയിലെ ഒമ്പതാമത്തെ പുസ്തകമായ 'ബി.പോക്കർ സാഹിബ്' പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ച തിരൂരങ്ങാടി പി.എസ്.എം.ഒ. കോളജ് അലുംനി യു.എ.ഇ. ചാപ്റ്റർ ഭാരവാഹികൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ



കെ.പി. കുഞ്ഞിമ്മൂസ

തലശ്ശേരിയിലെ പൂന്നോൽ സ്വദേശി. ആലമ്പത്ത് മാപ്പിള സ്കൂൾ, മാഹി മയ്യലവിയ്യ ഹൈസ്കൂൾ, മടപ്പള്ളി ഗവ.കോളജ്, തലശ്ശേരി ബ്രണ്ണൻ കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ഹാസ്യ സാഹിത്യകാരൻ, കോളമിസ്റ്റ്, സംഘാടകൻ.

1966 ൽ ചന്ദ്രിക ദിനപത്രത്തിൽ സഹപത്രാധിപരായി ചേർന്നു. 1975 മുതൽ ഒരു പതിറ്റാണ്ട് ലീഗ് ടൈംസിൽ ന്യൂസ് എഡിറ്റർ. 1986 ൽ വീക്ക്ലി എഡിറ്റർ ഇൻ ചാർജ്ജായി വീണ്ടും ചന്ദ്രികയിൽ. 1996 ൽ വിരമിച്ചു. കാലിക്കറ്റ് പ്രസ് ക്ലബ്ബ് പ്രസിഡന്റ്, കേരള പ്രസ് അക്കാദമി എക്സിക്യൂട്ടീവ് മെമ്പർ, ഐ.എഫ്. ഡബ്ലിയു.ജെ.നാഷണൽ കൗൺസിൽ മെമ്പർ, പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റി മെമ്പർ, സീനിയർ ജേർണലിസ്റ്റ് ഫോറം സ്ഥാപക സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചു.

പുസ്തകങ്ങൾ : വഴികാട്ടികൾ, മധുരിക്കും ഓർമ്മകൾ, അഞ്ച് ലീഗ് നേതാക്കൾ, കല്ലായിപ്പുഴ മുതൽ ബ്രഹ്മപുത്രവരെ, ഓർമ്മയുടെ ഓളങ്ങളിൽ, ആശുപത്രി ഫലിതങ്ങൾ, പത്ര ഫലിതങ്ങൾ, ഈത്തപ്പഴത്തിന്റെ നാട്ടിലൂടെ, പുണ്യങ്ങളുടെ പൂക്കാലം, വ്രതകാല കഥകൾ, പരിചിതമുഖങ്ങൾ, സി.എച്ച്.ഫലിതങ്ങൾ, മൊയ്തുമൗലവി, ഒരു പത്രപ്രവർത്തകന്റെ തീർത്ഥാടന സ്മൃതികൾ, സ്മൃതിപഥങ്ങളിലെ ശിഹാബ് തങ്ങൾ, കോട്ടാൽ ഉപ്പി സാഹിബ്, കേരളത്തിന്റെ സ്നേഹതേജസ്.

ഇന്ത്യയിലുടനീളം പത്രപ്രവർത്തകൻ എന്ന നിലയിൽ പഠനയാത്ര. യു.എ.ഇ., കുവൈത്ത്, ബഹ്റൈൻ, ഖത്തർ, സൗദി അറേബ്യ, ഒമാൻ തുടങ്ങിയ അറബ് രാജ്യങ്ങളിൽ പലതവണ പര്യടനം.

മാതാവ് : കുഞ്ഞിക്കണ്ടി പുതിയപുരയിൽ കുഞ്ഞിപ്പാത്തു.
പിതാവ് : പടയൻ പൊയിൽ മമ്മു.
ഭാര്യ: വി.എം.ആയിഷയുടെയും സി.വി.അബൂബക്കർ ഹാജിയുടെയും മൂന്നാമത്തെ പുത്രി കതിരൂർ സ്വദേശിനി വി.എം.ഫൗസിയ.
മക്കൾ : ഷെമി, ഷെജി, ഷെസ്ന.
സഹോദരി: കുഞ്ഞായിശ.

വിലാസം : മൈത്രി
പന്നിയങ്കര, കോഴിക്കോട് 3
ഫോൺ: 9847584843

ആമുഖം

ഇന്ത്യയിലെ മുസ്‌ലിം രാഷ്ട്രീയ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം സ്വന്തമാക്കിയ ബി.പോക്കർ സാഹിബിന്റെ കർമ്മപഥത്തിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണീ പുസ്തകം. ഇതിലെ അധ്യായങ്ങൾ വിസ്മൃതമായ ഒരു കാലഘട്ടത്തെ പുനർവായിക്കാനുള്ള ശ്രമവുമാണ്.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷന്റെ നിരന്തര പ്രേരണയില്ലായിരുന്നുവെങ്കിൽ ഈ കൃതി വെളിച്ചം കാണുമായിരുന്നില്ല. പോക്കർ സാഹിബിന്റെ ജീവചരിത്രം വിശദവും സമഗ്രവുമായി രേഖപ്പെടുത്താൻ കഴിഞ്ഞുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. കേരളത്തിലരങ്ങേറിയ വിദ്യാഭ്യാസവിപ്ലവത്തിന്റെയും നവോത്ഥാനചൈതന്യത്തിന്റെയും രാഷ്ട്രീയപ്രബുദ്ധതയുടെയും കേന്ദ്രബിന്ദുവായിരുന്നു പോക്കർ സാഹിബ്. യവനിക നീക്കുമ്പോൾ ആദ്യം കാണുന്നത് പ്രതികൂല സാഹചര്യത്തിൽ വിജ്ഞാനം നേടുന്ന സാഹസികനായ വിദ്യാർത്ഥിയെയാണ്. പിന്നീട് എല്ലാവരും ആ പ്രതീക്ഷാനാളത്തിൽ കണ്ണു തറപ്പിച്ചു നിൽക്കുകയായിരുന്നു.

അലി സഹോദരന്മാരുടേയും ഗാന്ധിജിയുടെയും നേതൃത്വത്തിൽ നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രക്ഷോഭവും ശക്തിയാർജ്ജിക്കുന്ന കാലത്ത് ചരിത്രാദ്ധ്യായങ്ങളിൽ പുതിയ ഖണ്ഡികകൾ കൂട്ടിച്ചേർക്കാൻ പോക്കർ സാഹിബിന് കഴിഞ്ഞു. മലബാറിൽ ആളിപ്പടർന്ന സ്വാതന്ത്ര്യ സമരമായിരുന്ന മലബാർ കലാപത്തെ ബ്രിട്ടീഷ് ഭരണകൂടം നിഷ്ഠൂരമായി നേരിട്ടപ്പോൾ ക്രൂരമായ പീഡനം ഏറ്റു വാങ്ങുന്നവരുടെ ഇടയിലേക്ക് വിശ്വാസത്തിന്റെ ദൂതുമായി പോക്കർ സാഹിബ് കടന്നുവന്നു. കലാപബാധിത പ്രദേശങ്ങളിലെ പീഡിതരെ തേടിച്ചെന്ന അദ്ദേഹം ഒരു സമൂഹത്തിന്റെ മുഴുവൻ ആശ്വാസമായി മാറി. അദ്ദേഹത്തിന്റെ ത്യാഗം ഒരു സമൂഹത്തിന്റെ നിലനിൽപ്പിനുള്ള അടിത്തറയായും രൂപാന്തരപ്പെട്ടു.

നിയമസഭാംഗമെന്ന നിലയിലും നിയമനിർമ്മാണ കൗൺസിൽ അംഗമെന്ന നിലയിലും അന്തമാനിലെ മാപ്പിളത്തടവുകാരുടെ വിമോചനത്തിനു വേണ്ടി അദ്ദേഹം പൊരുതി.

ഭരണഘടനാ നിർമ്മാണ വേളയിൽ മുസ്‌ലിംകൾക്ക് പ്രത്യേക പ്രാതിനിധ്യം ആവശ്യപ്പെട്ട് ശബ്ദിച്ച പോക്കർ സാഹിബ് പിൽക്കാലത്ത്

ലോക്സഭയിൽ മുസ്ലിംലീഗിന്റെ ഒറ്റയാൻ മെമ്പറായി ഇന്ത്യൻ മുസ്ലിം ജനകോടികളുടെ ശബ്ദമായി അംഗീകാരം നേടിയെടുത്തു.

പാർലിമെന്റ് മുമ്പാകെ വന്ന പ്രത്യേക വിവാഹബില്ലിന്റെ ചർച്ചയിലും ശരീഅത്ത് നിയമ ഭേദഗതി കാര്യത്തിലും അലീഗഡ് സർവ്വകലാശാല ന്യൂനപക്ഷ സ്വഭാവം എടുത്തു കളയുന്നതിന്നെതിരിലും ശബ്ദിച്ച ഇതിഹാസ പുരുഷനെക്കുറിച്ച് പുതിയ തലമുറ അറിയണം. അവരുടെ ചരിത്രബോധത്തിന്റെ പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമമാണ് 'നേതൃസ്മൃതി'യിലൂടെ ഗ്രെയ്സ് നടത്തുന്നത്.

പഠനവും ഗവേഷണവും നടത്താതെ അശ്രദ്ധമായി രചിക്കപ്പെടുന്ന ചരിത്രം കാലത്തോടും മനുഷ്യസമൂഹത്തോടും ക്രൂരത കാണിക്കുന്നു. അത്തരം വൈകല്യങ്ങളെ തിരുത്തുവാനുള്ള ഉത്തരവാദിത്വവും ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ ഏറ്റെടുത്തു കാണുന്നതിൽ സന്തോഷമുണ്ട്. അതുകൊണ്ടു തന്നെ 'നേതൃസ്മൃതി' പ്രസക്തമാവുന്നു.

ജനജീവിതം കൂടുതൽ സങ്കീർണ്ണവും യാന്ത്രികവുമായി മാറുകയും വാണിജ്യതന്ത്രങ്ങൾ സമസ്തമേഖലകളെയും അടക്കി വാഴുകയും ചെയ്യുന്ന വർത്തമാനകാലത്ത് ആദർശധീരത എന്ന ധർമ്മത്തിന്റെയും അവകാശ സംരക്ഷണമെന്ന വികാരത്തിന്റെയും ആഴവും പരപ്പും മനസ്സിലാവാൻ ഉപകരിക്കുന്ന രചനകൾ ഇനിയുമിനിയും ഉണ്ടാവണം. അതുകൊണ്ട് തന്നെ ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷന്റെ ഒരകമ്പടിക്കാരനായി 'നേതൃസ്മൃതി' പരമ്പരയിലേക്ക് ഒരു പുസ്തകം കൂടി സമർപ്പിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ആഗസ്ത് 2013 **കെ.പി.കുഞ്ഞിമ്മൂസ**

ഉള്ളടക്കം

1	നേതാവിന്റെ പിറവി	9
2	വിദ്യക്കുവേണ്ടി അഭ്യാസങ്ങളേറെ	12
3	പഠനവും സാമൂഹികസേവനവും	15
4	കല്ലേറും പൂച്ചെണ്ടും	20
5	ആരോഗ്യകരമായ ഇടപെടൽ	22
6	മായാത്ത മുദ്രകൾ	25
7	വഴിത്തിരിവിലെ ദീപശിഖ	29
8	സമുദായത്തിന് സമർപ്പിക്കപ്പെട്ട ജീവിതം	32
9	പാലക്കാട്ടൊരു ഇടിമുഴക്കം	34
10	തളരാത്ത നിശ്ചയദാർഢ്യം	38
11	മൗലാനയുടെ കാല്പാടുകൾ പിന്തുടർന്ന്	40
12	അല്പം ലജ്നത്ത് നഗർ വിശേഷം	43
13	മാതൃകാപരമായ വ്യക്തിജീവിതം	45
14	ഇടപെടലിന്റെ രജതരേഖ	47
15	സഫലമായ ജീവിതയാത്ര	49
16	പോക്കർ സാഹിബ് മെമ്മോറിയൽ റിലീഫ് കമ്മിറ്റി	52
17	മുസ്ലിംലീഗിന്റെ സ്ഥാപകനേതാവ്	55
18	കുരിക്കളുടെ വഴികാട്ടി	58
19	കാലിക പ്രസക്തമായ സന്ദേശം	61
20	അമ്പരപ്പിക്കുന്ന സത്യാധിഷ്ഠിത സമീപനം	64

അനുബന്ധം 1

ബി. പോക്കർ സാഹിബ് ജീവിതരേഖ 67

അനുബന്ധം 2

ഭരണഘടനാ നിർമാണ സഭയും ബി. പോക്കർ സാഹിബും 68

1
നേതാവിന്റെ പിറവി

രാഷ്ട്രീയ ചരിത്രത്തിലെ സൂര്യശോഭയാർന്ന പടത്തലവനായിരുന്നു ബി.പോക്കർ സാഹിബ്. മോചനപ്രതീക്ഷയുടെ കൊടിക്കൂറയുമായി സഞ്ചരിച്ച അദ്ദേഹം മുസ്‌ലിംരാഷ്ട്രീയചരിത്രത്തിൽ പുതിയ ഒരദ്ധ്യായത്തിനു തുടക്കം കുറിച്ചു. രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഒരു പ്രസ്ഥാനത്തെ മത-സാമൂഹിക-സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിലെ വഴിയടയാളമായി അദ്ദേഹം പരിവർത്തിപ്പിച്ചു.

ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിൽ ഒരു പുത്തൻ ഏട് കൂടി എഴുതിച്ചേർക്കുകയായിരുന്നു പോക്കർ സാഹിബ്. വിദ്യാഭ്യാസത്തിലൂടെ മുന്നേറിയാൽ അന്ധവിശ്വാസത്തിന്റേയും അനാചാരത്തിന്റേയും മുഖം തന്നെ മാറ്റാനാവുമെന്ന് വിദ്യാർത്ഥിജീവിതകാലത്തു തന്നെ അദ്ദേഹം തെളിയിച്ചു. മർദ്ദിത ജനതയുടെ മോചനത്തിന് ആ യുവത്വം പ്രയോജനപ്പെടുത്തി.

പിന്നോക്ക-ന്യൂനപക്ഷ സമുദായത്തെ ശാക്തീകരിക്കുന്നതിന് സന്ധിയില്ലാതെ പോരാടി. രാജ്യത്തിനു വേണ്ടി രക്തവും വിയർപ്പും നൽകിയ ആ ധീരദേശാഭിമാനി നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ അസാമാന്യ ധീരതകാട്ടി. വടക്കെ മലബാറിൽ നിന്നു മുഴങ്ങിയ ഈ ശബ്ദം രാജ്യത്തിന്റെ അഷ്ടദിക്കുകളിലൂടെ ഇന്ത്യൻ പാർലിമെന്റിലും ചെന്നെത്തി.

അരങ്ങുമങ്ങിയ സന്ധ്യ ഉജ്ജ്വലമായൊരു പ്രഭാതത്തെ ഉള്ളിൽ വഹിക്കുന്നു എന്ന ഇഖ്ബാൽ വചനത്തെ അദ്ദേഹം അന്വർത്ഥമാക്കി.

മുപ്പതുകളിൽ മദിരാശി ലെജിസ്ലേറ്റീവ് അസംബ്ലി മെമ്പറായിരുന്ന പോക്കർ സാഹിബ്, മാപ്പിള ഔട്ട്റേജസ് ആക്ട് മുഖേന മാപ്പിളമാരുടെ നേരെ കയ്യോങ്ങാനൊരുങ്ങിയ വെള്ളക്കാരനെ കൊണ്ട് കണക്കു പറയിച്ചു. അസംബ്ലിയിലെ യുനൈറ്റഡ് നാഷനലിസ്റ്റ് പാർട്ടിയുടെ ഈ കാര്യദർശി അധസ്ഥിത പീഡിത വിഭാഗത്തിന്റെ പ്രതിനിധിയായി എല്ലാ വിവേചനത്തെയും തകർത്തെറിഞ്ഞു.

1946ൽ പോക്കർ സാഹിബ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്കും കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. മുസ്‌ലിം

mappilaheritagelibrary.com

കൾക്കുള്ള പ്രത്യേക പ്രാതിനിദ്ധ്യം വിവാദമായപ്പോൾ പ്രലോഭനത്തിന് വഴങ്ങാതെ, പതറാതെ പോരാടി. ഉച്ചനീചത്തങ്ങളും സാമൂഹികമായ ജീർണ്ണതകളും രാഷ്ട്രീയമായ അടിമത്തങ്ങളും തുടച്ചു നീക്കാനുള്ള ആ ശബ്ദം ഉരുക്കുമനുഷ്യനായ സർദാർ വല്ലഭഭായ് പട്ടേലിനു പോലും ആഴത്തിലും പരപ്പിലും മനസ്സിലാക്കാനായി.

മുസ്‌ലിംലീഗ് മലബാറിൽ സ്ഥാപിതമാവുന്നതിനു മുമ്പു തന്നെ മദിരാശിയിൽ ലീഗ് പ്രവർത്തനങ്ങളുമായി പോക്കർ സാഹിബ് ബന്ധപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ മലബാറിൽ ലീഗിന്റെ സ്ഥാപകരിലൊരാളായി അദ്ദേഹം ഗണിക്കപ്പെട്ടു. അഞ്ഞൂറോളം അംഗങ്ങളുള്ള ലോക്സഭയിൽ ചരിത്രം മൂടിപ്പുതച്ചു ഉറങ്ങുന്ന മൗലാനമാർക്കും സയ്യിദുമാർക്കും മലബാറിൽ നിന്നുള്ള ഈ ഏക തൊപ്പിക്കാരൻ ആത്മവീര്യത്തിന്റെ പ്രതീകമായി നിലകൊണ്ടു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ വർക്കിംഗ് കമ്മിറ്റി അംഗമായ പോക്കർ സാഹിബ് 1952ലും 1957ലും മുസ്‌ലിംലീഗ് ടിക്കറ്റിൽ പാർലിമെന്റിലേക്ക് മത്സരിച്ചപ്പോൾ മലപ്പുറത്തേയും മഞ്ചേരിയിലേയും വോട്ടർമാർ തോളോട് തോൾചേർന്നു അദ്ദേഹത്തെ ലക്ഷ്യത്തിലേക്കെത്തിച്ചു. പ്രത്യേകവിവാഹ ബില്ലിന്റെ ചർച്ചാവേളയിൽ തെറ്റായ സമീപനങ്ങൾക്കെതിരെ പ്രതികരിക്കേണ്ടത് എങ്ങനെയാണെന്ന് അദ്ദേഹം കാണിച്ചു തന്നു. ഇന്ത്യൻ പൗരുഷം തന്റെ മുമ്പിൽ വന്നു നിൽക്കുന്ന പ്രതീതിയായിരുന്നു രാഷ്ട്രനേതാക്കളിൽ പലർക്കും അപ്പോൾ അനുഭവപ്പെട്ടത്.

ഇന്ത്യൻ പാർലിമെന്റിൽ പോക്കർ സാഹിബ് വെച്ച ചുവടുകൾ ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവി നന്മയിലേക്കാണെന്ന് കാലം തെളിയിച്ചു.

ആശയങ്ങളുടെയും ചിന്തയുടെയും പുതിയ നാമ്പുകൾ വികസിച്ചു വരുന്ന ഇടങ്ങളിൽ ആ മാപ്പിളത്തൊപ്പിക്കാരനെ കാണാമായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വലിയൊരു വിഭാഗത്തിന് നിഷേധിക്കപ്പെട്ട വിദ്യാഭ്യാസത്തിന്റെ ശക്തിയും കാഴ്ചപ്പാടും കാട്ടിക്കൊടുക്കാൻ വിദ്യാഭ്യാസ സംഘത്തിലൂടെ അസോസിയേഷനുകളിലൂടെ വിവിധതലങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ അദ്ദേഹം കാഴ്ച വെച്ചു. സ്വതന്ത്രേന്ത്യയുടെ സ്വപ്നങ്ങളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്ന തത്വങ്ങളാണ് അദ്ദേഹം വിളംബരം ചെയ്തത്. വിദേശ ശക്തികൾക്കെതിരെ പോരാടിയവർ ലക്ഷ്യമാക്കിയത് രാജ്യത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കുമിടയിൽ നീതിയും സ്വാതന്ത്ര്യവും സമത്വവും പുലരണമെന്നാണ്. നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നത് സോഷ്യലിസ്റ്റ് മതേതര ജനാധിപത്യപരമാധികാര റിപ്പബ്ലിക്കാണെന്ന സത്യവും ജനാധിപത്യത്തിന്റെ അടിത്തറയിൽ നിന്നു പിറകോട്ടു പോവരുതെന്ന മുന്നറിയിപ്പും ഭരണാധികാരികൾക്കുള്ള ബാദ്ധ്യതയും ഔദ്യോഗികമായി സ്ഥിരീകരിക്കാൻ പോക്കർ സാഹിബിന്റെ ശബ്ദം ഉപയുക്തമായി.

mappilaheritagelibrary.com

കാഴ്ചപ്പാടിലും ലക്ഷ്യത്തിലും വ്യക്തതയുള്ള ജീവിതദൗത്യമാണ് പോക്കർ സാഹിബ് നിർവ്വഹിച്ചത്. ധാർമ്മികബോധത്തോടെ കൈകാര്യം ചെയ്യേണ്ട രാഷ്ട്രീയരംഗം മലീമസമാകരുതെന്ന ശാഠ്യം മതാഭിമാനിയായ പോക്കർ സാഹിബിനുണ്ടായിരുന്നു.

അവഗണിച്ചുകളയേണ്ടതും സ്വീകരിക്കാൻ വിസമ്മതിക്കേണ്ടതുമായ ഒരു ന്യായവും പോക്കർ സാഹിബിന്റെ നാവിൽ നിന്നുതിർന്നില്ല.

സദാചാരനിഷ്ഠയും വീറും അദ്ധ്വാനശീലവും സത്യസന്ധതയുമുള്ള അനുയായിവൃന്ദത്തെയാണ് അദ്ദേഹം ആഗ്രഹിച്ചത്. സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തെ ധ്യാനിച്ചു കൊണ്ടു മാത്രമേ ബോദ്ധ്യമായ സത്യത്തെ പ്രഖ്യാപിക്കാനും പ്രയോഗിക്കാനുമാവൂ എന്ന വിനയപൂർണ്ണമായ സമീപനമാണ് അദ്ദേഹം അനുയായികളെ പഠിപ്പിച്ചത്. ഇതു കൊണ്ടു തന്നെയാവാം രാഷ്ട്രീയ മഹത്വത്തിന്റെ ഔന്നത്യങ്ങളിലേക്ക് പ്രയാണം ചെയ്യാൻ അദ്ദേഹത്തിന് നിഷ്പ്രയാസം സാധ്യമായത്.

അന്ധവിശ്വാസത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തിന്റെയും കരിമ്പടക്കെട്ടിനുള്ളിൽ മുഖം മൂടിപ്പുതച്ചുറങ്ങിയ ഒരു ജനവിഭാഗത്തെ തട്ടിയുണർത്തിയ പോക്കർസാഹിബ്, ആ വിഭാഗത്തെ ചരിത്രത്തിൽ നിന്ന് മാറ്റി നിർത്താനാവില്ലെന്ന് ഭരണാധികാരികളെ ബോധ്യപ്പെടുത്തുകയായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ പിന്തള്ളപ്പെട്ട ന്യൂനപക്ഷ പിന്നോക്ക സമുദായത്തിന് മതപരമായ ഉണർവ്വും ആവേശവും ഊർജ്ജസ്വലതയും ഉളവാക്കാൻ വലിയ ഒരളവോളം യത്നിച്ച ഈ നേതാവിന് ചരിത്രത്തിലെ ഏറ്റവും കടുത്ത പരീക്ഷണം തന്നെയാണ് നേരിടേണ്ടി വന്നത്. ധീരതയുടെ ഇതിഹാസമായി ഈ നേതാവ് വിലയിരുത്തപ്പെട്ടതിന്റെ കാരണവും അതാണ്.

mappilaheritagelibrary.com

2
വിദ്യക്കുവേണ്ടി അഭ്യാസങ്ങളേറെ

മുസ്‌ലിംകൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് കഠിനവെറുപ്പ് പുലർത്തിയിരുന്ന കാലത്തായിരുന്നു ഈ മാപ്പിളക്കുട്ടിയുടെ സ്കൂൾവിദ്യാഭ്യാസം. ഇംഗ്ലീഷ് പഠിച്ചാൽ കാഫിറായി പോകും എന്ന അന്ധവിശ്വാസം സമുദായത്തിൽ വടുകെട്ടി നിന്നിരുന്നു.

സ്കൂളിൽ പോകുമ്പോൾ അപഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യാൻ വഴിവക്കിൽ ആളുകളുണ്ടാവും. ചില അവസരങ്ങളിൽ തരം കിട്ടിയാൽ അക്രമവും നടത്തും.

നരകത്തിലേക്കാണവൻ പോകുന്നത് എന്ന് വിളിച്ചു പറയുന്നവർ മീൻ വില്പനക്കാരെപ്പോലെ കൂവുകയും ചെയ്യും. ജനിച്ചു വളർന്ന തലശ്ശേരിയുടെ അജ്ഞതയും അന്ധവിശ്വാസങ്ങളും രാഷ്ട്രീയ-സാമൂഹിക വിദ്യാഭ്യാസ രംഗങ്ങളിൽ അത്യന്തം കെട്ടുപിണഞ്ഞു ഇഴചേർന്നു കിടന്നിരുന്നു. തികഞ്ഞ യാഥാസ്ഥിതികത്വം യാദൃച്ഛികതകളായി അദ്ദേഹത്തിന്റെ അടുത്തു ചെല്ലുകയായിരുന്നു. അവയിൽ മുഴുകുകയേ ആ ബാലന് നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

തല മുണ്ഡനം ചെയ്യണം. കത്തിവെച്ച് നന്നായി വടിച്ച് മിന്നുന്ന മൊട്ടത്തലയാണ് തറവാടിത്തത്തിന്റെ ചിഹ്നമായി ഗണിക്കപ്പെട്ടത്. ക്രോപ്പ് ചെയ്തവൻ കാഫിറായി. തലവടിക്കാൻ ഓരോ തറവാട്ടിലും ഒസാന്മാർ കൃത്യമായി വരും. അവരുടെ പെട്ടിയിലെ ക്ഷൗരക്കത്തി പട്ടയിലണച്ചു മൂർച്ച വരുത്തി തല ചെത്തുമ്പോൾ പലപ്പോഴും ചോരപൊടിയും.

മൊട്ടത്തലയുമായി പള്ളിക്കൂടത്തിലെത്തിയാൽ ഭൂരിപക്ഷ സമുദായം ഗങ്ങളുടെ ഒരു തരം റാഗിംഗുമുണ്ടാവും. അധികവും തലക്ക് ചൊട്ടലാവും. മാപ്പിളക്കുട്ടി മ്ലേച്ഛനായതുകൊണ്ട് ദൂരത്തിരുത്തണം എന്ന തോന്നലും ചില കുട്ടികളിലുണ്ടാവും. അവരുടെ പെരുമാറ്റവും വളരെ മോശമായിരിക്കും വിദ്യാഭ്യാസം തങ്ങളുടെ മാത്രം കുത്തുകയാണെന്ന് ധരിച്ച ഉന്നതജാതിക്കാർ 'മാപ്പിളമ്ലേച്ഛന്' അത് നിഷേധിക്കണമെന്ന് വാശിപിടിച്ചിരുന്നു.

പോക്കർ എന്ന വിദ്യാർത്ഥിയുടെ തലക്ക് ചോക്ക് കൊണ്ട് മാർക്കി

mappilaheritagelibrary.com

ടുക, ഉടുത്ത ഉടുപ്പിൽ പെൻസിൽ കൊണ്ട് വരക്കുക തുടങ്ങിയ വികൃതികൾ അരങ്ങേറുമ്പോഴൊക്കെ പഠനത്തിൽ മുഴുകുക എന്ന നയമായിരുന്നു ആ വിദ്യാർത്ഥി സ്വീകരിച്ചത്.

സ്കൂളിലെ സ്ഥിതി നെഞ്ചിടിപ്പോടെ നോക്കിക്കണ്ട പോക്കർ പഠിത്തം വീട്ടിലെ ഒരാഘോഷമാക്കി മാറ്റുകയായിരുന്നു. നമസ്ക്കാരവും ഖുർആൻ പാരായണവും മാലചൊല്ലലും കഴിഞ്ഞുള്ള ഇംഗ്ലീഷ് പഠിത്തം ഒരു ദിവസം മൂന്നു മണിക്കൂർ മാത്രം ഉറങ്ങാനുള്ള അവസരമേ ആ വിദ്യാർത്ഥിക്ക് നൽകിയുള്ളൂ. ആ മനസ്സിൽ രോഷത്തിന്റെ അലകൾ അടങ്ങിയിരുന്നില്ല. അതിഭയങ്കരമായ അസമത്വം സരസ്വതീക്ഷേത്രത്തിൽ പോലും കാണുന്നതിലായിരുന്നു രോഷം. യാതൊരു ന്യായീകരണവുമില്ലാത്ത അസമത്വമാണ് ചുറ്റും. ഒരു വിഭാഗത്തെ ദ്രോഹിക്കുകയും അവകാശം കവർന്നെടുക്കുകയും അസൂയപ്പെടുകയും ചെയ്യുന്ന നീതിരഹിത സമൂഹത്തെ വിദ്യാഭ്യാസത്തിലൂടെ നിഷ്ക്കാസനം ചെയ്യാനുള്ള തയ്യാറെടുപ്പിലായിരുന്നു പോക്കർ. പാതിരാത്രികളിൽ ആ വിദ്യാർത്ഥിയുടെ മനസ്സിലൂടെ കടന്നുപോവുന്ന ചിന്തകൾ എന്തൊക്കെയായിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. തന്റെ മനസ്സിൽ ഇത്തരം ചിന്തകൾ കടന്നു വരാൻ ഇടയാക്കിയവരോട് പകരം വീട്ടാനുള്ള തയ്യാറെടുപ്പായിരുന്നു പോക്കർ നടത്തിയത്. തന്റെ ദേശത്തിന്റെ പ്രാന്തങ്ങൾ അത്ഭുതങ്ങളുടെ കലവറയാണെന്ന് ആ വിദ്യാർത്ഥി തിരിച്ചറിയുകയായിരുന്നു. വൈഡൂര്യത്തിന്റെ ഖനി സ്വന്തമാക്കാനായി വീണ്ടും വീണ്ടും ഉറക്കൊഴിഞ്ഞു പഠിക്കാൻ പോക്കർ സാഹസപ്പെട്ടു.

എത്ര വൈകി ഉറങ്ങിയാലും സുബ്ഹി നമസ്കാരത്തിന് മുമ്പ് ഉണരും. പിന്നീട് കൃത്യസമയം ഓത്തുപള്ളിയിലെത്തും. അവിടെനിന്ന് തിരിച്ചു വന്ന് സ്കൂളിലേക്ക് പോവും. സ്കൂളിൽ നിന്ന് മടങ്ങിവന്നാൽ രാത്രി പള്ളിദർസിൽ പോകണം. കിത്താബോതിക്കഴിഞ്ഞ് വീട്ടിലെത്തിയാലേ ഒജീനം കൊടുക്കുകയുള്ളൂ അതു തന്നെ ഇശാനമസ്ക്കാരാനന്തരം ഹദ്ദാദ്റാത്തീബും മങ്കൂസ് മൗലൂദും കഴിഞ്ഞ ശേഷം. അവിശ്വസനീയമായി തോന്നുന്ന കുട്ടിക്കാലത്തെപ്പറ്റി പോക്കർ സാഹിബ് പറഞ്ഞു കൊടുത്തത് ചന്ദ്രികയുടെ റിപ്പോർട്ടറായിരുന്ന എലത്തൂർ സ്വദേശി എം.ആലികുഞ്ഞിയോടാണ്. അദ്ദേഹം അത് ചന്ദ്രികയിലൂടെ തലമുറയെ അറിയിച്ചു. അതോടെ ഒരുപാട് ഗതകാല ചരിത്രസത്യങ്ങൾ പുറത്തു വന്നു.

പോക്കർ എന്ന വിദ്യാർത്ഥിക്ക് നേരിട്ട വലിയൊരു കടമ്പയെപ്പറ്റി ആലിക്കുഞ്ഞി വിവരിക്കുന്നുണ്ട്. വീട്ടിൽ ഇംഗ്ലീഷ് പഠിക്കുന്നതിന് സ്ത്രീകൾ തീരെ അനുവദിച്ചില്ല. അത്രയും മോശമായിരുന്നു സാഹചര്യം. സാമൂഹ്യാന്തരീക്ഷത്തിലെ മാറ്റങ്ങൾ ചെറിയ തോതിലെങ്കിലും കടന്നു ചെല്ലാത്ത വീട്ടിൽ പ്രതികരിക്കാൻ കഴിയാത്ത ഒരു വിദ്യാർത്ഥിയുടെ ദുരന്തം വിവരണാതീതമായിരുന്നു സർവ്വവിലക്കുകളേയും ലംഘിച്ചും എതിർപ്പുകളെ തൃണവൽഗണിച്ചും പഠിച്ചു മുന്നേറിയ 'മാപ്പിളക്കുട്ടി' സഹ

mappilaheritagelibrary.com

പാഠികളേക്കാൾ മാർക്ക് സ്ക്കോർ ചെയ്യുന്നതു കണ്ടപ്പോൾ വിദ്യാർത്ഥികൾ മാത്രമല്ല അധ്യാപകരും ഞെട്ടിപ്പോയി.

പോക്കർ സാഹിബിന് മുമ്പും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ആകൃഷ്ടരായ അംഗുലീപരിമിതരായ ചെറുപ്പക്കാർ സഹിച്ച ത്യാഗവും പീഡനവും പോക്കർ സാഹിബിൽ ആവേശം പകർന്നിരുന്നു. ഒന്നാമത്തെ മാപ്പിള വക്കീലും ഡിസ്ട്രിക് ജഡ്ജിയുമായിരുന്ന സി.ഒ.ആലുപ്പിക്കേയി പോക്കർ സാഹിബിന് മാതൃകയായി. മാപ്പിളമാരിൽ രണ്ടാമത്തെ അഡ്വക്കറ്റായി തീരാൻ പോക്കർ സാഹിബിന് ഈ മാതൃക സഹായകവുമായി.

സാഹചര്യം ഒത്തുവന്നപ്പോൾ വിദ്യാഭ്യാസകാര്യത്തിൽ തലശ്ശേരിയിൽ മുന്നേറ്റമുണ്ടായി. ആലുപ്പിക്കേയിയുടെ പുത്രൻ ടി.ടി.പി. അബ്ദുല്ലാ സാഹിബും വിദ്യാസമ്പന്നനായി ഉയർന്ന ഉദ്യോഗം വഹിച്ചു. രണ്ടാമത്തെ മാപ്പിളവക്കീലും അഞ്ചാമത്തെ മാപ്പിളബിരുദധാരിയുമായ പോക്കർ സാഹിബിന്റെ മാതൃക പിൻപറ്റി പഠിപ്പിൽ മിടുക്കുകാണിച്ചവർ മാതൃകാപുരുഷന്മാരായി. വിദ്യാഭ്യാസത്തിലൂടെ മാപ്പിള സമുദായത്തിനുണ്ടായ ഉത്തേജനം ആ കാലത്തെ വലിയ സംഭവമായിരുന്നു. ഒന്നാമത്തെ മാപ്പിള ബിരുദധാരി പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടായിരുന്ന കെ.കോയാസാഹിബായിരുന്നെങ്കിൽ രണ്ടാമത്തെ മാപ്പിള ബി.എ.ബിരുദധാരി പോക്കർ സാഹിബിന്റെ സഹോദരൻ ബി. കാദർകുട്ടി സാഹിബായിരുന്നു. റജിസ്ട്രാളായി ഉദ്യോഗത്തിലിരിക്കെയാണ് അദ്ദേഹം നിര്യാതനായത്. കാദർകുട്ടിയും മകനെ ആധുനിക വിദ്യാഭ്യാസത്തിനയച്ചു. മലബാർ ഡിസ്ട്രിക്ട് ബോർഡ് ഓഫീസറായിരുന്ന സി.ഒ.ടി.കുഞ്ഞിപ്പക്കി സാഹിബായിരുന്നു കാദർകുട്ടി സാഹിബിന്റെ മകൻ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജനിച്ച തലമുറയുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയെക്കുറിച്ച് പരിശോധിക്കുമ്പോൾ പഠിച്ച് ഉദ്യോഗത്തിൽ പ്രവേശിച്ചവരെപ്പറ്റി അത്ഭുതം തോന്നും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് പരക്കെ എതിർപ്പ് മാത്രമല്ല മലയാള ഭാഷ പഠിക്കുന്നതും ഹറാമായിരുന്നു. ബോർഡിൽ അറബി അക്ഷരങ്ങൾ എഴുതുന്നത് നിഷിദ്ധം. ഇതെക്കുറിച്ച് കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിലും (1966) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലും (1970) പരാമർശമുണ്ട്.

ഇത്തരം ഒരു അവസ്ഥയിൽ പോക്കർ സാഹിബിന്റെ കുടുംബാംഗങ്ങളും അനന്തിരവന്മാരും അഭ്യസ്തവിദ്യരായിത്തീർന്നത് അത്ഭുതം തന്നെയാണ്. വിദ്യാഭ്യാസവിഷയത്തിൽ പോക്കർ സാഹിബ് കാണിച്ച ആഭിമുഖ്യം തലമുറകളിൽ പ്രതിഫലിക്കുകയും ചെയ്തു. നൂറുകണക്കിൽ ബന്ധുക്കൾക്ക് വിദ്യാഭ്യാസകാര്യത്തിൽ മുന്നേറാൻ ഇത് സഹായകമായി. ബിരുദാനന്തരബിരുദം നേടിയ സ്ത്രീകളും ഈ കുടുംബത്തിലുണ്ടായി. സംഭവങ്ങളുടെ തീവ്രത വിദ്യാർത്ഥിജീവിതകാലത്തു തന്നെ സഹ്യമാക്കിത്തീർത്ത പോക്കർ സാഹിബിന്റെ വിദ്യാഭ്യാസപ്രവർത്തനം കുതിപ്പിന്റേയും കിതപ്പിന്റെയും എഴുതാപ്പുറങ്ങളാണ്.

mappilaheritagelibrary.com

3
പഠനവും സാമൂഹികസേവനവും

1909-ൽ 19-ാം വയസ്സിലാണ് പോക്കർ സാഹിബ് ഉപരിപഠനാർത്ഥം മദിരാശിയിലെത്തുന്നത്. കലാശാലാബിരുദവും നിഷ്പ്രയാസം നിയമ ബിരുദവും നേടാനായി. മദിരാശിയിലെ ജീവിതമാവട്ടെ പൊതുപ്രവർത്ത നത്തിന്റേയും സാമൂഹ്യസേവനത്തിന്റെയും പാഠങ്ങളും ഏറെ പഠിപ്പിച്ചു.

മൗലാനാ ഷൗക്കത്തലിയുടെ അദ്ധ്യക്ഷതയിൽ മദിരാശിയിൽ ചേർന്ന ഖിലാഫത്ത് സമ്മേളനത്തിൽ മലബാറിനെ പോക്കർ സാഹിബ് പ്രതി നിധീകരിച്ചു. സമ്മേളന ഭാരവാഹികളിൽ ഒരാൾ കൂടിയായിരുന്നു അദ്ദേ ഹം. മൗലാനാ ഷൗക്കത്തലിയെയും മൗലാനാ മുഹമ്മദലിയേയും വിദ്യാ സമ്പന്നരാക്കാൻ വിധവയായ ബീഉമ്മ കാണിച്ച ആവേശവും താല്പര്യവും ത്യാഗവുമൊക്കെ പോക്കർ സാഹിബ് കേട്ടറിഞ്ഞു. മൗലാനാ ഷൗക്കത്തലിയുമായുള്ള സമ്പർക്കത്തോടെ വിദ്യാഭ്യാസ പ്രചാരകനും സമുദായ പരിഷ്കർത്താവുമായി പോക്കർ സാഹിബ് മാറി. നിയമബിരുദമെടുത്തതോടെ അവകാശങ്ങൾക്ക് വേണ്ടി നിരന്തരം പോരാ ട്ടത്തിലേർപ്പെട്ട ദേശാഭിമാനിയായ സമുദായസേവകനുമായി.

മലബാറിലെ പ്രമുഖ ഖിലാഫത്ത് പ്രവർത്തകരായിരുന്ന എ.കെ.കു ഞ്ഞിമായൻ ഹാജി, ഹാജി അബ്ദു സത്താർ ഹാജി ഇസ്ഹാഖ് സേട്ടു സാഹിബ് എന്നിവരുമായി നിരന്തരം സമ്പർക്കം സ്ഥാപിച്ച് വടക്കെ മല ബാറിലെ ഖിലാഫത്തിന് ശക്തി പകരാൻ പോക്കർ സാഹിബ് വലിയ പങ്കുവഹിച്ചു.

തലശ്ശേരിയിൽ വന്ന് അൻവാറുൽ ഇസ്ലാം സഭാഹാളിൽ യോഗം വിളിച്ചു കൂട്ടി പോക്കർ സാഹിബ് ചെയ്ത പ്രസംഗത്തോടെ പരിവർത്ത നത്തിന്റെ കാറ്റ് വീശി പുതുമയുടെ പരിമളം പ്രസരിച്ചു. ഖിലാഫത്ത് പ്രസ്ഥാനം മലബാറിൽ മുഴുക്കെ അരങ്ങ് തകർത്തു.

മദിരാശിയിലെ സ്ഥിരതാമസക്കാരനായ പോക്കർ സാഹിബിന്റെ കൃത്യാന്തര ബാഹുല്യത്തെ കുറിച്ച് നന്നായറിയാവുന്ന കുഞ്ഞിമായൻ ഹാജിയും സത്താർ സേട്ടുവും ദൗത്യം ഏറ്റെടുത്തു. ഈമാനിന്റെ മാസ്മ രികശക്തിയാണ് അവർ പോക്കർ സാഹിബിൽ ദർശിച്ചത്.

mappilaheritagelibrary.com

ഖിലാഫത്ത് പ്രവർത്തനം മലബാറിലങ്ങോളമിങ്ങോളം ശക്തിപ്പെട്ട തോടുകൂടി കോൺഗ്രസ്സിന്റെ നിസ്സഹകരണ പ്രസ്ഥാനവും പ്രബലപ്പെട്ടു. ഇരുകക്ഷികളും യോജിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചതോടെ ബ്രിട്ടീഷുകാർക്ക് സഹിക്കാതായി.

സേവനവും രാജ്യസ്നേഹവും ഒന്നിച്ചാണ് പോക്കർ സാഹിബിന്റെ മനസ്സിൽ കടന്നു കൂടിയത്. അതു പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് തെളിയിക്കുന്നതിലായി പിന്നത്തെ ശ്രദ്ധ. ഏറനാട്ടിലെ മുസ്ലിംകളുടെ മതബോധവും മതനിഷ്ഠയും മതസ്നേഹവും നന്നായറിയാവുന്ന ബ്രിട്ടീഷ് ഏജന്റുമാർ കിംവദന്തികളിലൂടെ വെള്ളക്കാരനെ പ്രകോപിപ്പിക്കാൻ ശ്രമിച്ചിരുന്നു. വെള്ളക്കാരനെതിരെ ലഹളയുണ്ടാക്കിയാലേ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാനാവൂ എന്ന ദുഷ്ടബുദ്ധി ഉദ്യോഗസ്ഥന്മാർക്ക് ലഭിച്ചു. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം ഇവിടെ വെള്ളക്കാർ പ്രയോഗിക്കുകയായിരുന്നു.

നിരപരാധികളും നിസ്സഹായരുമായ വലിയ വിഭാഗം ദുരിതത്തിൽ അകപ്പെട്ട കാലമായിരുന്നു അത്. ഇതോടെ പോക്കർ സാഹിബിന് മദിരാശിയിൽ അടങ്ങിയിരിക്കാനായില്ല. ദ്രോഹിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തതു നിമിത്തം നിസ്സഹായരായ മാപ്പിളമക്കളുടെ രോദനങ്ങളാണ് പോക്കർ സാഹിബിനെ ഉൽക്കണ്ഠാകുലനാക്കിയത്. ലഹള വരുത്തിയ കെടുതികളെക്കുറിച്ചറിഞ്ഞപ്പോൾ അദ്ദേഹം തീർത്തും അസ്വസ്ഥനായി. സ്ത്രീകളും കുട്ടികളും തിന്നാനും കുടിക്കാനും ഉടുക്കാനുമില്ലാതെ നരകിക്കുകയാണെന്ന വിവരമറിഞ്ഞതോടെ വെടിയുണ്ടയുടെ ശബ്ദവും ബയനറ്റിന്റെ തിളക്കവും കൂസാതെ ധീരനായ പോക്കർ സാഹിബ് മനുഷ്യനിർമ്മിതമായ സകല നിയമങ്ങളേയും ലംഘിച്ചു.

അക്കാലത്തു തന്നെയായിരുന്നു മുസ്ലിംകളെയാകമാനം ആക്ഷേപിച്ചുകൊണ്ട് മദിരാശിയിലെ ചില ഇംഗ്ലീഷ് പത്രങ്ങളിൽ ലേഖനങ്ങൾ അടിക്കടി വരാൻ തുടങ്ങിയത്. ലേഖനങ്ങളിലെ ആരോപണങ്ങൾക്ക് മറുപടി നൽകാനും അതു പ്രസിദ്ധീകരിക്കാനും വ്യക്തികളും പത്രങ്ങളും വിരളം.

ഇതേക്കുറിച്ച് ഗാഢമായി ചിന്തിക്കാൻ പോക്കർ സാഹിബും ടി.എം. മൊയ്തു സാഹിബും ഒത്തു ചേർന്നു. ഈ കൂടിച്ചേരൽ നല്ല ഫലം ചെയ്തു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡണ്ട് എന്ന നിലയിൽ പ്രസിദ്ധനായ ടി.എം. മൊയ്തു സാഹിബ് തലശ്ശേരി സ്വദേശിയും മൊയ്തു പാലത്തിന്റെ ശില്പിയും പ്രഗത്ഭനായ ഭരണാധികാരിയുമായിരുന്നു. മൊയ്തു സാഹിബുമായുള്ള സഹവാസം പോക്കർ സാഹിബിന് സഹായകമായി. കെ.പി.അബ്ദുല്ലക്കുട്ടി ചന്ദ്രികയുടെ മുൻപത്രാധിപരും ചരിത്രകാരനും ഫാറൂഖ് കോളേജ് പ്രൊഫസറുമായിരുന്ന കെ. വി.അബ്ദുറഹിമാൻ സാഹിബിന്റെ പിതാവാണ്. ഡിസ്ട്രിക്ട് മുൻസീഫായിരുന്ന അദ്ദേഹം മാപ്പിളമാരിൽ രണ്ടാമത്തെ മുൻസീഫായിരുന്നു.

mappilaheritagelibrary.com

മുസ്‌ലിംകൾക്കെതിരെയുള്ള ആരോപണങ്ങൾക്ക് ചുട്ടമറുപടിയുമായി അന്ന് സീതിസാഹിബ് എത്തി. ആന്ധ്രാകേസരി എന്ന അപരനാമത്തിൽ അറിയപ്പെട്ട പ്രഗത്ഭനായ ടി.പ്രകാശം ഏറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരനായിരുന്നു സീതിസാഹിബ്. സീതിസാഹിബിന്റെ മറുപടി ലേഖനം സ്വരാജ്യയിൽ അച്ചടിച്ചു വന്നപ്പോൾ അന്നത്തെ കൊച്ചി ദിവാന്റെ ശ്രദ്ധയിൽ പെട്ടു.

മലബാറിലെ മുസ്‌ലിംകളോട് സമ്പർക്കം പുലർത്താനോ സ്ഥിതിഗതികൾ അറിയാനോ ഒരു സംവിധാനവും മദിരാശിയിൽ കഴിയുന്ന നേതാക്കൾക്ക് ഉണ്ടായിരുന്നില്ല. ഇടക്കിടെ ഇംഗ്ലീഷ് പത്രങ്ങളിൽ വരുന്ന വാർത്താശകലങ്ങൾ കിംവദന്തികൾ ആറ്റിക്കുറുക്കിയതുമായിരിക്കും. എല്ലാ റിപ്പോർട്ടുകളിലും മാപ്പിളമാരെ അതിക്രമികളും കൊള്ളക്കാരുമായി ചിത്രീകരിക്കുന്നതിൽ ഏറെ വേദനിച്ച മനസ്സായിരുന്നു പോക്കർ സാഹിബിന്റേത്. മുസ്‌ലിംകൾക്കെതിരിലുള്ള ആരോപണങ്ങളുടെ മുനയൊടിക്കാനും എന്ത് വിലകൊടുത്തും സത്യസ്ഥിതി വെളിപ്പെടുത്താനും ഒരുമ്പെട്ടു കൊണ്ടായിരുന്നു പോക്കർ സാഹിബിന്റെ രംഗപ്രവേശം.

മദിരാശി മെയിൽ പത്രത്തിൽ വൈ.എം.സി.എ ജനറൽ സെക്രട്ടറി പോമ്പിയുടെ പ്രസ്താവന പ്രസിദ്ധീകരിച്ച ദിവസം പോക്കർ സാഹിബിന്റെ കണ്ണുകൾ ഈറനണിഞ്ഞു.

ഉണ്ണാനും ഉടുക്കാനും കുടിക്കാനും കിടക്കാനുമില്ലാതെ എഴുപത്തി അയ്യായിരം മുസ്‌ലിംകൾ ലഹള ബാധിത പ്രദേശത്ത് കുടുങ്ങിക്കിടക്കുകയാണെന്നും തക്കസഹായം ഉടൻ എത്തിച്ചില്ലെങ്കിൽ അവരുടെ ജീവൻ അപകടത്തിലാവുമെന്നും പോമ്പിയുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നു. അതോടെ യോഗം വിളിച്ചു കൂട്ടി കമ്മറ്റി രൂപീകരിക്കാൻ ഒട്ടും വൈകിയില്ല. പോക്കർ സാഹിബ് സെക്രട്ടറിയായി മാപ്പിള അമിലിയറേഷൻ കമ്മിറ്റി രൂപം കൊള്ളുന്നത് അങ്ങിനെയാണ്.

മാപ്പിള അമിലിയറേഷൻ കമ്മിറ്റി പോക്കർ സാഹിബിന്റെ സംഘടനാശേഷിക്കും ദീർഘദൃഷ്ടിക്കും നിശ്ചയദാർഢ്യത്തിനും മകുടോദാഹരണമായി. ജമാൽ മുഹമ്മദ് സാഹിബ് പ്രസിഡണ്ടായ കമ്മിറ്റിയുടെ പ്രധാന കാര്യങ്ങൾ പോക്കർ സാഹിബായിരുന്നു ഏറ്റെടുത്തത്. ടി.എം.മൊയ്തു സാഹിബായിരുന്നു മറ്റൊരു സെക്രട്ടറി.

മദിരാശി ഗവർണ്ണറും ഹോം മെമ്പറുമായിരുന്ന സർ മുഹമ്മദ് ഉസ്മാനുമായി ചൂടു പിടിച്ച ചർച്ച പോക്കർ സാഹിബ് നടത്തിയത് ഈ കാലത്താണ്. വളരെ തന്ത്രപൂർവ്വം മുഹമ്മദ് ഉസ്മാനെ പോക്കർ സാഹിബ് കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ടാക്കി.

ഇതോടെ കമ്മിറ്റിയുടെ നേരെയുള്ള അധികൃതരുടെ വീക്ഷണഗതി പാടേ മാറി. ലഹളബാധിത പ്രദേശങ്ങളിൽ സഞ്ചരിക്കുന്നതിന് മദിരാശി ഗവർമ്മെണ്ട് പച്ചക്കൊടി വീശിയത് അങ്ങിനെയാണ്. മദിരാശിയിൽ നിന്ന് പിരിച്ചെടുത്ത കാൽലക്ഷം രൂപയുമായാണ് പോക്കർ സാഹിബ് കോഴി

mappilaheritagelibrary.com

ക്കോട്ടെത്തിയത്. അദ്ദേഹത്തിന്റെ കൂടെ മുഹമ്മദ് ശെറൂൽ സാഹിബും ഉണ്ടായിരുന്നു.

കോഴിക്കോട്ട് അമിലിയറേഷൻ കമ്മിറ്റിയുടെ ഒരു ശാഖ പോക്കർ സാഹിബ് മുൻകയ്യെടുത്തു രൂപീകരിച്ചു. ഖാൻ സാഹിബ് കെ.കോയ സ്സൻ കോയ ഹാജിയെ സെക്രട്ടറിയാക്കി. ഖാൻ ബഹദൂർ വി.അലിബ റാമിയുൾപ്പെടെ കോഴിക്കോട്ടെ പൗരപ്രമുഖരുടെ നിർല്ലോഭമായ സഹായം അതോടെ കമ്മിറ്റിക്ക് കൈവന്നു.

അമിലിയറേഷൻ കമ്മിറ്റി സെക്രട്ടറി എന്ന നിലയിൽ പോക്കർ സാഹിബ് വടക്കെ ഇന്ത്യയിലെ പത്രങ്ങളിൽ ഒരഭ്യർത്ഥന പുറപ്പെടുവി ച്ചിരുന്നു. അതോടെ വടക്കെ ഇന്ത്യയിൽ നിന്ന് സംഭാവന പ്രവഹിച്ചു. പ്രസിഡണ്ട് ജമാൽ മുഹമ്മദ് സാഹിബിനു പുറമെ സൗക്കാർ അബ്ദുൽ ഹഖീം സാഹിബും ഫണ്ട് പിരിവിൽ സഹകരിച്ചു. മലബാറിലാണെങ്കിൽ കോഴിക്കോട്ട് മാസങ്ങൾ നീണ്ടു നിന്ന റിലീഫ് പ്രവർത്തനങ്ങൾക്ക് കോയ സ്സൻ കോയഹാജിയാണ് നേതൃത്വം നൽകിയത്. രണ്ടു ലക്ഷം രൂപ മല ബാറിൽ ചെലവാക്കിയതായാണ് ഹാജിയുടെ കണക്ക്. മലബാറിൽ നിന്നാ ണെങ്കിൽ സംഭാവനകളൊന്നും ലഭിച്ചിരുന്നില്ല. മലബാറിൽ മുസ്‌ലിം കൾക്ക് പത്രമില്ല. പത്രപാരായണക്കാരും വിരളം.

പോക്കർ സാഹിബ് സെക്രട്ടറിയാക്കിയ ഖാൻ സാഹിബ് കെ.കോയ സൻ കോയ ഹാജി കർമ്മനിരതനായിരുന്നു. മലബാറിലെ പ്രസിദ്ധിപെറ്റ വ്യാപാരസ്ഥാപനമായ എം.കുഞ്ഞമ്മദ് ആന്റ് സൺസിലെ മാനേജിംഗ് പാർട്ണറായിരുന്നു അദ്ദേഹം. മറ്റെല്ലാ പരിപാടികളും നിർത്തിവെച്ച് റിലീഫ് ഡിപ്പോകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച കോയസ്സൻ കോയ ഹാജി വശം ഫണ്ട് ഏല്പിക്കുന്നതിൽ പോക്കർ സാഹിബിന് സംതൃ പ്തിയായിരുന്നു.

മാപ്പിള അമിലിയറേഷൻ കമ്മിറ്റിയുടെ പ്രവർത്തനം സജീവമായി മുന്നോട്ടു നീങ്ങുമ്പോഴായിരുന്നു ഉത്തരേന്ത്യയിലെ ഒരു ഉർദു പത്രത്തിൽ കടുത്ത ആരോപണവുമായി റിപ്പോർട്ട് വരുന്നത്. കമ്മിറ്റിയിൽ ഒരു ക്രിസ്ത്യൻ മെമ്പർ ഉണ്ടെന്നും അയാൾ മുസ്‌ലിംകളെ ക്രൈസ്തവ മത ത്തിലേക്ക് റിക്രൂട്ട് ചെയ്യുകയാണെന്നുമായിരുന്നു വാർത്ത.

കമ്മിറ്റിയുടെ പ്രവർത്തനവും വാർത്തയിലെ അടിസ്ഥാനരഹിതമായ ആരോപണങ്ങളിലെ ദുഷ്ടലാക്കും ജനങ്ങളെ ബോധ്യപ്പെടുത്താൻ കമ്മറ്റി അംഗങ്ങളുടെ യോഗം വിളിച്ച് മാപ്പിളനാട്ടിൽ പര്യടനം നടത്താൻ പോക്കർ സാഹിബ് തീരുമാനിച്ചു. മുസ്‌ലിംകൾക്ക് നേരെയുള്ള വെല്ലു വിളിയാണ് വ്യാജവാർത്തയെന്നും അത് പൊറുപ്പിക്കാനാവില്ലെന്നും ഉറക്കെ പ്രഖ്യാപിച്ച് പര്യടനവേളയിൽ പോക്കർ സാഹിബ് സുദീർഘ മായി സംസാരിച്ചു. ജമാൽ മുഹമ്മദിനോടും കോയസ്സൻ കോയഹാജി യോടുമൊപ്പം പോക്കർ സാഹിബ് മാപ്പിളനാട്ടിൽ നടത്തിയ പര്യടനം അനേകം പേർക്ക് ആശ്വാസമരുളി.

mappilaheritagelibrary.com

ലഹള കഴിഞ്ഞ പ്രദേശങ്ങളിൽ കൂനിന്മേൽ കുരുപോലെ 1924 ൽ വെള്ളപ്പൊക്കമുണ്ടായപ്പോഴും പോക്കർ സാഹിബിന്റെ സഹായം വലിയ ഫലം ചെയ്തു.

മലബാറിൽ മുസ്‌ലിംകൾക്ക് ഒരു പത്രം ഇല്ലാത്ത ദുഃഖം പോക്കർ സാഹിബിനെ വല്ലാതെ വേട്ടയാടിയിരുന്നു. വാർത്തകളറിയാൻ, ജനസേവനം ചെയ്യാൻ, ദുരിതത്തിലകപ്പെട്ടവരെ സഹായിക്കാൻ ഒരു പത്രത്തിന്റെ അനിവാര്യത മനസ്സിൽ താലോലിച്ച പോക്കർ സാഹിബിന് തേടിയ വള്ളി കാലിൽ ചുറ്റിയതുപോലെയായിരുന്നു അൽ അമീനിന്റെ വരവ്.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് നബിദിനത്തിന് ഉദ്ഘാടനം ചെയ്യാൻ അൽ അമീനിനെ അണിയിച്ചൊരുക്കുന്നത് പോക്കർ സാഹിബിനെ ഏറെ സന്തുഷ്ടനാക്കി. ഈ കാര്യത്തിൽ അബ്ദുറഹിമാൻ സാഹിബിനെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കാൻ പോക്കർ സാഹിബ് മുതിർന്നു. പത്രത്തിന്റെ നിയമോപദേഷ്ടാവായാണ് പോക്കർ സാഹിബിനെ പത്രാധിപർ നിയമിച്ചത്. പത്രത്തിന്നെതിരെ വരുന്ന ഏതു വെല്ലുവിളികളെയും നിയമതടസ്സങ്ങളേയും സാങ്കേതികമായ ഊരാക്കുടുക്കുകളേയും അതിജീവിക്കാൻ നിയമജ്ഞനായ പോക്കർ സാഹിബിനേ കഴിയൂ എന്ന് അബ്ദുറഹിമാൻ സാഹിബ് മനസ്സിലാക്കി. പത്രപ്രവർത്തനവുമായി ബന്ധപ്പെട്ടവരെ കണ്ടെത്തി നിയമിക്കാൻ അദ്ദേഹം പോക്കർ സാഹിബിന്റെ സഹായവും തേടിയിരുന്നു.

mappilaheritagelibrary.com

4
കല്ലേറും പൂച്ചെണ്ടും

ഭരണാധികാരികളുടെ മൃഗീയവികൃതികൾ ഒതുങ്ങിക്കഴിയുന്ന ഒരു ജനതയുടെ മേൽ ഏല്പിക്കുന്ന പരിക്കുകൾ എത്രമാത്രം ഗുരുതരമായിരിക്കുമെന്ന് അനുഭവങ്ങളിലൂടെ തിരിച്ചറിയുകയായിരുന്നു പോക്കർ സാഹിബ്. 1923-ലെ മദിരാശി കൗൺസിലിലേക്ക് ഹോം മെമ്പറായി സർ മുഹമ്മദ് ഉസ്മാനെ ബ്രിട്ടീഷ് ഗവർമ്മെണ്ട് നിയമിച്ചത് വെളുക്കാൻ തേച്ചത് പാണ്ടായതു പോലെയായി. മാപ്പിള അമിലിയറേഷൻ കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ടായിരുന്ന മുഹമ്മദ് ഉസ്മാൻ റബ്ബർ സ്റ്റാമ്പായി മാറിയപ്പോൾ പോക്കർ സാഹിബ് ആഞ്ഞടിക്കാൻ തുടങ്ങി.

1923-ലെ മദിരാശി കൗൺസിലിൽ അംഗങ്ങളായ ഉപ്പിസാഹിബിനേയും ടി. എം. മൊയ്തു സാഹിബിനേയും അത്ഭുതപരതന്ത്രരാക്കിയാണ് പോക്കർ സാഹിബ് പുറത്തു നിന്ന് പ്രക്ഷോഭം നയിച്ചത്. ഏറനാട്ടിലെ ദുരിതമനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്ക് സർ മുഹമ്മദ് ഉസ്മാന്റെ നിയമനം ആശ്വാസപ്രദമായിരിക്കുമെന്ന് കരുതിയ പോക്കർ സാഹിബ് കണക്കുകൂട്ടൽ തെറ്റിയപ്പോൾ അടങ്ങിയിരുന്നില്ല. മുസ്ലിം സ്ത്രീകളേയും കുട്ടികളേയും അന്തമാനിലേക്ക് കടത്തിക്കൊണ്ടു പോകാൻ നടത്തുന്ന ശ്രമത്തിനെതിരെ പോക്കർ സാഹിബ് പൊട്ടിത്തെറിച്ചു. പോക്കർ സാഹിബ് മുന്നിൽ നിന്നു നടത്തിയ പ്രക്ഷോഭ പരിപാടികൾക്ക് മുസ്ലിം നേതാക്കൾ പിന്തുണ നൽകി. നില്ക്കക്കള്ളിയില്ലാതായതോടെ അന്തമാനിൽ കൂടുതൽ സൗകര്യപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ ഗവർമ്മെണ്ട് നിർബന്ധിതമായി. ദിവാൻ ബഹദൂർ എം. കുഞ്ഞിരാമൻ നായരെ മാപ്പിളത്തടവുകാരുടെ സ്ഥിതികൾ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സ്പെഷ്യൽ ഓഫീസറായി അന്തമാനിലേക്കയച്ചത് അതോടെയാണ്. മുസ്ലിംകൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണമെന്ന ഭരണപരിഷ്ക്കരണ ബില്ലവതരണ വേളയിൽ ശക്തിയായി ആവശ്യപ്പെട്ടതും പോക്കർ സാഹിബായിരുന്നു. മോണ്ടേഗു ഭരണപരിഷ്ക്കരണ കമ്മിറ്റി മുമ്പാകെ പോക്കർ സാഹിബ് സമർപ്പിച്ച മെമ്മോറാണ്ടം മൂന്നു പതിറ്റാണ്ടിനു ശേഷവും ചിലർക്ക് അലർജിയായി മാറിയത് ചരിത്രസംഭവമായി.

mappilaheritagelibrary.com

പ്രത്യേക നിയോജക മണ്ഡലവ്യവസ്ഥ നടപ്പായപ്പോൾ മലബാർ മുസ്‌ലിംകൾക്ക് രണ്ടു സീറ്റുകൾ ലഭിച്ചു. ഖാൻസാഹിബ് കെ.കുഞ്ഞ ഹമ്മദ് കോയ ഹാജിയും എ.ഡി.ബാവോട്ടി സാഹിബുമാണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രത്യേക നിയോജകമണ്ഡല വ്യവസ്ഥ സർദാർ പട്ടേലിന്റെ സമ്മർദ്ദതന്ത്രത്താൽ എടുത്തു കളഞ്ഞപ്പോഴും മുപ്പ തുവർഷങ്ങൾക്കു മുമ്പ് സമർപ്പിച്ച നിവേദനത്തിന്റെ കോപ്പി ഉറക്കെ വായി ച്ചുകൊണ്ട് പ്രതികരിക്കുകയാണ് പോക്കർ സാഹിബ് ചെയ്തത്. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ പ്രത്യേക നിയോജക മണ്ഡലം നില നിർത്താനാവശ്യപ്പെട്ട് പോക്കർ സാഹിബ് നടത്തിയ പോരാട്ടം ധീരത പോക്കർ സാഹിബിന്റെ സഹജ ഗുണമാണെന്നതിന്റെ തെളിവായിരുന്നു. ഈ അവകാശബോധം അനുഭവങ്ങളുടെ തീച്ചൂളയിലാണ് ഉരുകി ത്തെളിഞ്ഞത്.

mappilaheritagelibrary.com

5
ആരോഗ്യകരമായ ഇടപെടൽ

1918 ഒക്ടോബർ അഞ്ചാം തീയതിയായിരുന്നു കോഴിക്കോട്ടെ പ്രസിദ്ധമായ മദ്രസത്തുൽ മുഹമ്മദിയ്യയുടെ കെട്ടിടോദ്ഘാടനം. മദിരാശി ഹൈക്കോടതി ജഡ്ജി സർ അബ്ദുറഹീമായിരുന്നു ഉദ്ഘാടകൻ.

മദ്രസത്തുൽ മുഹമ്മദിയ്യ കമ്മിറ്റി സെക്രട്ടറിയായിരുന്ന ഖാൻ ബഹദൂർ ഹാജി അലിബറാമിയോടൊപ്പം പോക്കർ സാഹിബാണ് ജസ്റ്റീസിനെ ക്ഷണിക്കാൻ പോയത്. പോക്കർ സാഹിബ് ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു വർഷം തികയുന്നതേയുള്ളൂ.

ക്ഷണം സ്വീകരിച്ച ജസ്റ്റീസിനെ വരവേൽക്കാൻ കോഴിക്കോട്ട് ഒരുക്കങ്ങൾ തുടങ്ങി. അപ്പോഴാണ് ജസ്റ്റീസ് അബ്ദുറഹീമിന് ഓർക്കാപ്പുറത്ത് ഒരു കത്ത് ലഭിക്കുന്നത്. പിന്നീട് പാക് പ്രധാനമന്ത്രിയായ നാസിമുദ്ദീന്റെ അമ്മാവൻ പോസ്റ്റൽ സൂപ്രണ്ട് മസ്ഹറുദ്ദീന്റെതായിരുന്നു കത്ത്.

കോഴിക്കോട്ട് രണ്ടു വിഭാഗക്കാർ ഉണ്ടെന്നും അതിൽ ഒരു വിഭാഗത്തിന്റെ ക്ഷണം സ്വീകരിക്കുന്നതിൽ അനൗചിത്യമുണ്ടെന്നും അറിയിച്ചുകൊണ്ടുള്ളതായിരുന്നു എഴുത്ത്. വിഭാഗീയതയുള്ള ഒരു പരിപാടിക്ക് ഹൈക്കോടതി ജഡ്ജിയെ പങ്കെടുപ്പിക്കുന്നതിനെച്ചൊല്ലി വിവാദമുണ്ടായതോടെ ജസ്റ്റീസ് ഉടനെ പോക്കർ സാഹിബിനെ വിളിപ്പിച്ചു.

ജസ്റ്റീസിന്റെ അടുത്തെത്തിയ പോക്കർ സാഹിബ് സംഗതി വിശദീകരിച്ചു കൊടുത്തു. അത് കോഴിക്കോട്ടെ 'പാകത്തർക്കം' മാത്രമാണെന്ന് പച്ചമലയാളത്തിൽ അദ്ദേഹം പറഞ്ഞു.

മുട്ടുള്ള കക്ഷിയും മുട്ടില്ലാത്ത കക്ഷിയുമായി പലതരത്തിലും കോഴിക്കോട്ടുകാർ ചേരിപിരിഞ്ഞു എന്നത് ശരി തന്നെ. ജസ്റ്റീസ് അതിൽ കക്ഷി ചേരേണ്ട ആവശ്യമില്ല. മുട്ടുള്ള കക്ഷിയാണ് മദ്രസത്തുൽ മുഹമ്മദിയ്യയുടെ നടത്തിപ്പുകാർ. അതുകൊണ്ട് അവരുടെ പരിപാടിയിൽ സംബന്ധിക്കുന്നതിൽ തെറ്റില്ല. അതേ അവസരത്തിൽ മുട്ടില്ലാത്ത കക്ഷിയുടെ സൽക്കാരത്തിൽ പങ്കെടുക്കാനും ജസ്റ്റീസ് തയ്യാറാവണം.

സ്വതസ്സിദ്ധമായ ശൈലിയിലുള്ള പോക്കർ സാഹിബിന്റെ വിശദീകരണത്തോടെ ജസ്റ്റീസിന്റെ സംശയം നീങ്ങി. കോഴിക്കോട്ടെ മുസ്‌ലിം

mappilaheritagelibrary.com

കളുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു നാഴികക്കല്ല് നാട്ടുവാനുള്ള ഭാഗ്യം ജസ്റ്റീസ് അബ്ദുറഹീമിനുണ്ടായി. പോക്കർ സാഹിബിന്റെ പിൻബലം പിന്നീടുണ്ടായ കോഴിക്കോട്ടെ മുസ്ലിംകളുടെ വിദ്യാഭ്യാസ പുരോഗതിക്ക് പ്രധാന പങ്ക് വഹിക്കുകയും ചെയ്തു.

മുട്ടില്ലാത്ത കക്ഷി നടത്തിയിരുന്ന ഹിമായത്തുൽ ഇസ്ലാം മദ്രസ 1922ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടതിലും മദ്രസത്തുൽ മുഹമ്മദീയക്ക് മൂന്നു ധനാഢ്യന്മാർ ഒരു ലക്ഷം രൂപ മൂലധനമായി സംഭാവന നൽകിയതിലും ഏറ്റവുമധികം സന്തോഷിച്ച പോക്കർ സാഹിബ് എവിടെ ചെന്നാലും കോഴിക്കോട് മുസ്ലിംകളുടെ നല്ല മാർഗം പിന്തുടരുവാൻ ഉണർത്തുമായിരുന്നു. പോക്കർ സാഹിബിന്റെ കാലത്ത് ചരിത്രം അനുഭവനിബിഡവും ചലനാത്മകവുമായിരുന്നുവെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. സൗഹൃദസംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും സ്വന്തം ദുഃഖങ്ങൾ മാറ്റിവെച്ച് അന്യരുടെ ഹൃദയങ്ങളുടെ അകത്തളങ്ങളിൽ വെളിച്ചം വീശാൻ ഇറങ്ങിപ്പുറപ്പെടുകയും ചെയ്ത ഉൽകൃഷ്ടവ്യക്തിത്വത്തിന്റെ ഈ ഉടമ ധീരതയുടെ ഇതിഹാസമായി മാറുകയായിരുന്നു.

1919 ൽ മദിരാശി ഹൈക്കോടതിയിൽ സർ മുഹമ്മദ് സഫറുല്ലാഖാന്നെതിരെ പോക്കർ സാഹിബ് കേസ് വാദിച്ചപ്പോൾ 'നട്ടെല്ലുള്ള വക്കീലിന്റെ ആരോഗ്യകരമായ ഇടപെടൽ' എന്നായിരുന്നു പ്രമുഖ നിയമജ്ഞർ വിശേഷിപ്പിച്ചത്. പിന്നീട് അന്താരാഷ്ട്ര കോടതി ജഡ്ജിയായി മാറിയ സർ മുഹമ്മദ് സഫറുല്ലാഖാൻ പോക്കർ സാഹിബിന്റെ ധീരതയെ പ്രകീർത്തിക്കേണ്ടി വന്നിട്ടുണ്ട്.

കണ്ണൂരിൽ നടന്ന ഒരു വിവാഹ പ്രശ്നത്തിൽ ഖാദിയാനിയായ വരന് വേണ്ടിയായിരുന്നു സഫറുല്ലാഖാൻ വാദിച്ചത്. ഹൈക്കോടതിയിൽ പോക്കർ സാഹിബും സർ മാധവൻനായരും സഫറുല്ലാഖാന്റെ വാദത്തിന്റെ മുനയൊടിക്കുന്നതു കാണാൻ ധാരാളം പേർ എത്തിയിരുന്നു.

മദിരാശി ലോ കോളേജിൽ നിന്ന് ഡിഗ്രി എടുത്ത ചെറുപ്പക്കാരൻ ഹൈക്കോടതിയിൽ എൻറോൾ ചെയ്ത് അധികകാലം കഴിയാതെ തന്നെ സീനിയർ അഭിഭാഷകരേക്കാൾ മിടുക്കോടെ കേസ് വാദിക്കുന്നത് കേട്ട വർക്കൊക്കെ പുതുമയായിരുന്നു.

ഇന്ത്യൻ സുപ്രീം കോടതിയിലെ ഏക മാപ്പിള സീനിയർ അഡ്വക്കറ്റ് എന്ന ഖ്യാതിയും അദ്ദേഹം നേടിയെടുത്തു.

കർമ്മധീരനായ പോക്കർ സാഹിബിന്റെ ഒരു നീക്കം കണ്ടുപിടിക്കാനാവാതെ ഉദ്യോഗസ്ഥന്മാർ കുഴങ്ങിപ്പോയിട്ടുണ്ട്. ഡോ.ചെമ്പകരാമൻ പിള്ളയുടെ നയത്തോട് പോക്കർ സാഹിബിന്റെ പ്രവർത്തനത്തെ താരതമ്യപ്പെടുത്തിയവരുണ്ടായിരുന്നു. ജയ്ഹിന്ദ് എന്ന സ്വാതന്ത്ര്യമന്ത്രത്തിന്റെ ശബ്ദം ആദ്യമായി മുഴക്കിയ ഡോ.പിള്ള പോക്കർ സാഹിബിന്റെ സമകാലീനൻ എന്ന നിലക്ക് മാത്രമല്ല, ഒരേതരം കർമ്മ പരിപാടികൾ ഒരേ കാലഘട്ടത്തിന് ചേരും വിധം ചേർത്ത ബുദ്ധിജീവികൾ എന്ന

mappilaheritagelibrary.com

നിലക്കും ഏതാണ്ട് തുല്യരായിരുന്നു. വിദേശത്ത് ഇന്ത്യൻ സ്വാതന്ത്ര്യ സമരം സംഘടിപ്പിക്കാൻ നേതാജിയെ പ്രേരിപ്പിച്ചതാണ് പിള്ളയുടെ മഹത്വമെങ്കിൽ സ്വദേശത്ത് നിലനിൽക്കാനുള്ള അർഹതക്ക് വേണ്ടി അടരാടുകയായിരുന്നു പോക്കർ സാഹിബിന്റെ ദൗത്യം. ജർമ്മനിയിലെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഡോ.പിള്ള എന്ന സമർത്ഥനായ എഞ്ചിനീയറോട് ഹിറ്റ്ലർ കാണിച്ച ബഹുമാനവും പിന്നെ കാണിച്ച ഭർത്സനവും പോലെ ആദർശധീരനായ പോക്കർ സാഹിബിനോട് ജവഹർലാൽ നെഹ്റു കാണിച്ച അടുപ്പവും അകൽച്ചയും ചരിത്രത്തിലെ അടയാളങ്ങളാവുന്നു.

mappilaheritagelibrary.com

6
മായാത്ത മുദ്രകൾ

1930-ൽ മദിരാശി നിയമസഭയിൽ ഡോ.പി.സുബ്ബരായന്റെ നേതൃത്വത്തിലുണ്ടായിരുന്ന യുണൈറ്റഡ് നാഷനലിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായിരുന്നു പോക്കർ സാഹിബ്. ബ്രിട്ടീഷ് ഗവൺമെണ്ടിന്റെ തണലിൽ മദിരാശിയിലെ ഭരണം കുത്തകയാക്കി വെച്ചിരുന്ന ജസ്റ്റീസ് കക്ഷിക്ക് വലിയ ഭീഷണിയായി നാഷനലിസ്റ്റ് പാർട്ടി മാറി.

യുണൈറ്റഡ് നാഷനലിസ്റ്റ് പാർട്ടിയിൽ പതിമൂന്ന് മുസ്‌ലിം മെമ്പർമാരാണുണ്ടായിരുന്നത്. പ്രസ്തുത പാർട്ടിക്ക് കീഴിൽ ഒരു മുസ്‌ലിം ഗ്രൂപ്പ് പോക്കർ സാഹിബ് രൂപീകരിച്ചു. ഈ ഗ്രൂപ്പിന്റെ തീരുമാനമായിരുന്നു മുസ്‌ലിം പ്രശ്നങ്ങൾ വരുമ്പോൾ യുണൈറ്റഡ് നാഷനലിസ്റ്റ് പാർട്ടി സ്വീകരിച്ചിരുന്നത്. ഡോക്ടർ സുബ്ബരായന്റെയും പോക്കർ സാഹിബിന്റെയും യോജിച്ച പ്രവർത്തനം ജസ്റ്റീസ് പാർട്ടിയെ തളർത്തി. മാപ്പിളത്തടവുകാരുടെ കാര്യത്തിൽ ഹോം മെമ്പറായിരുന്ന സർ മുഹമ്മദ് ഉസ്മാൻ കൈക്കൊണ്ട നയത്തെ പോക്കർ സാഹിബാണ് നിശിതമായ വിമർശനത്തിലൂടെ മാറ്റിച്ചത്.

മദിരാശി നിയമസഭയിലെ പ്രവർത്തനം 1933ൽ പോക്കർ സാഹിബിനെ എതിരില്ലാതെ വീണ്ടും അവിടെ എത്തിക്കാൻ സഹായിച്ചു. ഇന്ത്യാ ആക്ട് അനുസരിച്ചുള്ള പുതിയ അസംബ്ലിയുടേയും കൗൺസിലിന്റെയും രൂപീകരണം സംബന്ധിച്ച ചർച്ചകൾ വരുന്നത് ഈ ഘട്ടത്തിലാണ്. അസംബ്ലിയിലേയും കൗൺസിലിലേയും സീറ്റ് നിർണ്ണയ ചർച്ചയിൽ സജീവമായി പങ്കെടുത്ത് ലഖ്നോ സന്ധിയുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾക്ക് പ്രത്യേക സീറ്റുകൾ അനുവദിക്കണമെന്ന് ശക്തിയായി വാദിച്ചത് പോക്കർ സാഹിബായിരുന്നു. നിയമസഭയിലും സെലക്ട് കമ്മിറ്റിയിലും പോക്കർ സാഹിബിന്റെ വാദമുഖങ്ങൾ ശ്രദ്ധിക്കപ്പെട്ടു. പറഞ്ഞതൊക്കെയും നേടിയെടുക്കാൻ അദ്ദേഹത്തിന് വലിയ പ്രയാസമുണ്ടായില്ല.

മലബാറിലേക്കുള്ള സീറ്റുകൾ രണ്ടെണ്ണം വെട്ടിക്കുറക്കാനുള്ള ശ്രമം നടന്നപ്പോൾ പോക്കർ സാഹിബാണ് അതിനെതിരേയും ശബ്ദിച്ചത്. ഈ

mappilaheritagelibrary.com

കാര്യത്തിൽ പിന്നീട് ഹൈക്കോടതി ജഡ്ജിയായ ബഷീർ അഹമ്മദ് സഈദുമായാണ് പോക്കർ സാഹിബ് ഏറ്റുമുട്ടിയത്.

ഏതാനും കോയമാരെ അസംബ്ലിയിൽ കയറ്റിവിടാനാണോ നിങ്ങൾ വാദിക്കുന്നത് എന്ന് പോലും പരിഹാസത്തോടെ പോക്കർ സാഹിബി നോട് ബഷീർ അഹമ്മദ് ചോദിച്ചിരുന്നു. എതിർപ്പുകൾക്ക് മുമ്പിൽ പത റാതെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തി വിജയം കണ്ട പോക്കർ സാഹിബ് മലബാറിന് സീറ്റ് വർദ്ധിപ്പിച്ചു കിട്ടുന്നതിലും വിജയം കൈവരിച്ചു.

1930 മുതൽ 1936 വരെ എം.എൽ.സിയായിരുന്ന പോക്കർ സാഹിബ് മലബാർ മുസ്‌ലിം നിയോജക മണ്ഡലത്തിലെ സർവ്വരുടെയും സ്നേഹാ ദരവുകൾ നേടിയെടുത്തു.

1937-ൽ പുതിയ അസംബ്ലി തെരഞ്ഞെടുപ്പ് വന്നപ്പോൾ കോഴിക്കോട് കുറുമ്പ്രനാട് ഡിവിഷനിൽ മുസ്‌ലിം നിയോജക മണ്ഡലത്തിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയായി ഖാൻ ബഹദൂർ പി. എം. ആറ്റക്കോയ തങ്ങൾക്കെതിരായി പോക്കർ സാഹിബ് മത്സരിച്ചു. പോക്കർ സാഹിബിനു വേണ്ടി കോൺഗ്രസ്സും ലീഗും സഹകരിച്ചുകൊണ്ട് പ്രവർത്തനം നട ത്തി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ 'അൽഅമീൻ' പോക്കർ സാഹിബിന്റെ വിജയത്തിനു വേണ്ടി യത്നിച്ചു. ഇ.മൊയ്തു മൗലവിയ ടക്കം പലരും പ്രചാരവേല ചെയ്തു. മൗലാനാ ഷൗക്കത്തലി കോഴി ക്കോട്ടെത്തി പോക്കർ സാഹിബിനു വേണ്ടി പ്രസംഗിച്ചു. എന്നാൽ തെര ഞ്ഞെടുപ്പിൽ പോക്കർ സാഹിബ് തോറ്റു 'വിജയം വരിച്ച പരാജയം' എന്നായിരുന്നു ഈ തോൽവിയെ കുറിച്ചു പോക്കർ സാഹിബ് പറഞ്ഞ ത്. സയ്യിദ് അബ്ദുറഹിമാൻ ബാഫഖിതങ്ങളെ പോലുള്ളവർ പിന്നീട് മുസ്‌ലിംലീഗിലേക്ക് വരാൻ കാരണമായത് ഈ തെരഞ്ഞെടുപ്പാണ്. മല ബാറിലെ മുസ്‌ലിംകളിൽ പുതിയ ഉണർവ്വും രാഷ്ട്രീയ ബോധവും കൈവരുത്തിയ തെരഞ്ഞെടുപ്പായിരുന്നു അത്.

1946-ൽ പോക്കർ സാഹിബ് മലബാർ അർബൻ മുസ്‌ലിം നിയോജക മണ്ഡലത്തിൽ നിന്ന് മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയായി അസംബ്ലിയി ലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ലീഗിന് നൂറു ശതമാനം വിജയം ലഭിച്ച തെരഞ്ഞെടുപ്പായിരുന്നു 1946ലേത്. കെ.എം.സീതിസാഹിബ് ആദ്യമായി മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും ഈ തെരഞ്ഞെ ടുപ്പിലാണ്.

മദിരാശി ഗവർണ്ണറായിരുന്ന ആർച്ചി ബാൾഡ് നൈയും ഭവനഗർ രാജാവും പോക്കർസാഹിബിനേയും സീതിസാഹിബിനേയും കർമ്മനി രതരായ പ്രതിപക്ഷ അംഗങ്ങളെന്ന നിലയിൽ പ്രശംസിക്കുകയുണ്ടായി. ടി.പ്രകാശിന്റേയും ഓമന്തൂരിന്റേയും കുമാരസ്വാമി രാജയുടേയും മന്ത്രിസഭാ കാലങ്ങളിലും ഇരുവർക്കും ഈ പ്രശംസ ലഭ്യമായി.

മദിരാശി അസംബ്ലിയിൽ നിന്ന് ഭരണഘടനാ സമിതിയിലേക്ക് പോക്കർ

mappilaheritagelibrary.com

സാഹിബിനെയാണ് തെരഞ്ഞെടുത്തത്. ഭരണഘടനാ നിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്ന് 1952 ൽ മുസ്ലിംലീഗ് സ്ഥാനാർത്ഥിയായി പോക്കർ സാഹിബ് പിന്നീട് ലോക്സഭയിലെത്തിയത് ഒരു ചരിത്ര സംഭവമായി. ലോക്സഭയിലെ ഏക മുസ്ലിംലീഗ് മെമ്പർ ആയിരുന്നു പോക്കർ സാഹിബ്. 1952 ലും തുടർന്ന് 1957 ലും മുസ്ലിംലീഗ് ടിക്കറ്റിൽ പാർല്ലിമെന്റിലേക്ക് ആദ്യം മലപ്പുറത്തു നിന്നും പിന്നീട് മഞ്ചേരിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു.

കേരള മുസ്ലിംകൾ മാത്രമല്ല ഇന്ത്യയിലെ മുസ്ലിംകളാകമാനം ആ നാമത്തിൽ ഊറ്റം കൊണ്ട നാളുകളായിരുന്നു അത്. ആ ധീരപുരുഷന്റെ മായാത്ത മുദ്രകൾ ചരിത്രത്തിൽ എക്കാലവും നിലനിൽക്കത്തക്കവിധത്തിലുള്ളതായിരുന്നു പ്രവർത്തനം. ഇന്ത്യൻ മുസ്ലിംകൾ ഇരുണ്ട ഒരു കാലഘട്ടത്തിന്റെ തിക്തമായ യാതനകളും വേദനകളും അനുഭവിച്ചു കൊണ്ടിരുന്നപ്പോൾ ഇന്ത്യയുടെ പരമാധികാര സഭയായ പാർലിമെന്റിൽ ന്യൂനപക്ഷാവകാശ സംരക്ഷണത്തിനായി ഏകനായി വീരപുരുഷൻ പടപൊരുതി. ഇന്ത്യയിൽ മുസ്ലിംകൾ അവശേഷിക്കുന്ന കാലത്തോളം രാഷ്ട്രീയ സംഘടനയായ മുസ്ലിംലീഗിനെ നിലനിർത്തുക തന്നെ ചെയ്യുമെന്ന് ധീരമായ പ്രഖ്യാപനം നടത്തിയ പോക്കർ സാഹിബിന്റെ പ്രസംഗങ്ങൾ വിഭജനത്തിന് മുമ്പും പിമ്പും ഏറെ കോളിളക്കം സൃഷ്ടിക്കുകയുണ്ടായി.

കൽത്തുറുങ്കും കയ്യാമവും മുമ്പിൽ കണ്ടിട്ടു പോലും അദ്ദേഹം പിന്തിരിഞ്ഞില്ല. സ്വതന്ത്രാപാർട്ടിയുടെ സ്ഥാപക നേതാവും മുൻ ഗവർണ്ണർ ജനറലുമായിരുന്ന സി.രാജഗോപാലാചാരി പോക്കർ സാഹിബിനോട് അക്കാലത്ത് ഒരു ചോദ്യമുന്നയിച്ചു.

താങ്കളുടെ തല കഴുത്തുമായി വേർപിരിയുന്ന ദിവസം ആസന്നമായി എന്നല്ലേ പറഞ്ഞു കേൾക്കുന്നത്?

രാജാജിക്ക് പോക്കർ സാഹിബ് കൊടുത്ത മറുപടി 'ഞാനതിൽ അഭിമാനം കൊള്ളുന്നു' എന്നായിരുന്നു.

മുസ്ലിംകൾ സംഘടിക്കുക എന്നത് അവരുടെ മൗലികവകാശമാണെന്നും ഇന്ത്യൻ ഭരണഘടന അവർക്ക് അതിന് അനുമതി നൽകിയിട്ടുണ്ടെന്നും ഈ പൗരാവകാശത്തെ വെല്ലുവിളിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും പോക്കർ സാഹിബ് സമർത്ഥിച്ചു.

സ്പെഷ്യൽ മാര്യേജ് ആക്ട് (പ്രത്യേക വിവാഹബിൽ) ലോക്സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ പോക്കർ സാഹിബ് മുഴക്കിയ 'നോ, നോ' ശബ്ദം ഞെട്ടിച്ചത് നീണ്ട താടിയും തലപ്പാവുമുള്ള മൗലാനമാരെയായിരുന്നുവല്ലോ. മുസ്ലിം ശരീഅത്തിന് വിരുദ്ധമായ ബില്ലിന്റെ അവതരണാനുമതിക്ക് അവർ മൗനാനുവാദം നൽകിയപ്പോൾ നിഷേധാർത്ഥത്തിൽ മുഴങ്ങിക്കേട്ട ശബ്ദം പോക്കർ സാഹിബിന്റേത് മാത്രമായിരുന്നു മാപ്പിള

mappilaheritagelibrary.com

ത്തൊപ്പി ധരിച്ച മലബാറിന്റെ ഈ വീരകേസരി മൗലനാ അബുൽ കലാം ആസാദ് തൊട്ടിങ്ങോട്ടുള്ള എല്ലാ മൗലാനമാർക്കും വലിയ മാതൃകയാണ് സൃഷ്ടിച്ചത്. ഇസ്ലാമിക ശരീഅത്തിന് വിരുദ്ധമായ നിയമം മുസ്ലിംക ളുടെ പൗരാവകാശങ്ങളിന്മേൽ കൈവെക്കലാണെന്ന് പറയാനും അത് മുസ്ലിം കൾക്ക് ബാധകമാക്കരുതെന്ന് വാദിക്കാനും പാർലിമെന്റിലു ണ്ടായിരുന്ന മുസ്ലിംലീഗിന്റെ ഏക മെമ്പർക്ക് മാത്രമേ സാധിച്ചുള്ളൂ.

mappilaheritagelibrary.com

7
വഴിത്തിരിവിലെ ദീപശിഖ

ഇന്ത്യയിലെ മുസ്‌ലിം ജനകോടികളുടെ ആവേശമായിരുന്നു ബി. പോക്കർ സാഹിബ്. സമുദായ സേവനത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ധന്യമായ ആ ജീവിതം മലബാറിന്റെ യശസ്സ് വർദ്ധിപ്പിച്ചു. മലബാറിലെ മുസ്‌ലിംകളിൽ നിന്നുള്ള അഞ്ചാമത്തെ ബിരുദധാരിയും രണ്ടാമത്തെ അഭിഭാഷകനുമായിരുന്ന പോക്കർ സാഹിബ് വഴിത്തിരിവിലെ ദീപശിഖയായി വിശേഷിപ്പിക്കപ്പെട്ടു.

പോക്കർ സാഹിബ് അഖിലേന്ത്യാ രാഷ്ട്രീയത്തിൽ കടന്നു വരുന്നത് തന്നെ മുസ്‌ലിംകൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ അനുവദിക്കണമെന്ന നിവേദനവുമായാണ്.

1919-ൽ മൊണ്ടേഗു പ്രഭുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട 29 കാരന് ന്യായം പറയാൻ നാവ് കോടിയില്ല. സാമൂഹ്യ പുരോഗതിയാണ് ആഗ്രഹിക്കുന്നതെങ്കിൽ മുസ്‌ലിംകൾക്ക് അർഹമായ ഓഹരി ലഭിച്ചേ തീരൂ. ദേശാഭിമാനവും മതവികാരവും മുസ്‌ലിംകൾക്ക് രണ്ടായി കാണാൻ കഴിയാത്തത് അവരുടെ മാത്രം കുറ്റമല്ലെന്ന് അദ്ദേഹം സമർത്ഥിച്ചു.

അലീഗറിന്റെ ന്യൂനപക്ഷ സ്വാഭാവം എടുത്തുകളഞ്ഞപ്പോൾ ലോക്സഭയിൽ മരുന്നറപോലെയായിരുന്നു, പോക്കർ സാഹിബ് പൊട്ടിത്തെറിച്ചത്.

1877-ൽ അലീഗറിൽ മുഹമ്മദൻ ആഗ്ലോ ഓറിയന്റൽ കോളേജിന് ശിലാസ്ഥാപനം നടത്തിയപ്പോൾ സർ സയ്യിദ് അഹമ്മദ് ഖാൻ ഗദ്ഗദത്തോടെ സന്തോഷാശ്രു പൊഴിച്ചുകൊണ്ട് പറഞ്ഞ കാര്യം പോക്കർ സാഹിബ് അനുസ്മരിച്ചു: കാലക്രമത്തിൽ ഈ കോളേജ് ഒരു സർവ്വകലാശാലയായി വളരുകയും അതിന്റെ സന്തതികൾ നാട്ടിലുടനീളം നിഷ്പക്ഷമനോഭാവത്തിന്റെ സന്ദേശം പരത്തുകയും ചെയ്യും. ഈ സർസയ്യിദ് വചനത്തോടനുബന്ധമായി പോക്കർ സാഹിബ് ഇങ്ങനെ പ്രസ്താവിച്ചു:- "വിജ്ഞാനമാണ് വീരസമരത്തേക്കാൾ ശാശ്വതപ്രതിഷ്ഠ നേടുന്ന സംഭവം" ഇന്ത്യയിലെ മുസ്‌ലിം വിദ്യാഭ്യാസത്തിന്റെ നിലയെപ്പറ്റി അന്വേ

mappilaheritagelibrary.com

ഷിക്കാൻ 1871-ൽ നിയോഗിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ പോക്കർ സാഹിബ് ലോക്സഭയിൽ വായിച്ചു കേൾപ്പിച്ചു. മൊട്ടത്തലയിൽ വെളുത്ത മാപ്പിളത്തൊപ്പിയും ധരിച്ച് പഴയ മാപ്പിള വേഷത്തിൽ ലോക്സഭയിൽ പ്രത്യക്ഷപ്പെട്ട പോക്കർ സാഹിബിന്റെ മുഖം മതന്യൂനപക്ഷങ്ങളുടെ അകതാരിൽ അനന്തമായ പ്രചോദനത്തിന്റെ പ്രഭവകേന്ദ്രമായി ഇന്നും പ്രശോഭിക്കുന്നു.

മലബാറിൽ മാത്രം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഘടകങ്ങൾ പ്രവർത്തിച്ച മുസ്ലിംലീഗിന്റെ ശബ്ദം ലോക്സഭയിൽ മുഴങ്ങുമ്പോൾ ഉത്തരേന്ത്യയുൾപ്പെടെ പല നാട്ടുകാർക്കും അതൊരു വിസ്മയമായിരുന്നു. മുസ്ലിം ലീഗിനെ ഒരു സാമൂഹ്യസംഘടനയാക്കി മാറ്റിയ തിരുകൊച്ചിക്കാർക്കും രാഷ്ട്രീയത്തിൽ താല്പര്യമുദിച്ചു. ലീഗിന്റെ എല്ലാ ഘടകങ്ങളും പിരിച്ചു വിട്ട വടക്കെ ഇന്ത്യക്കാർ മലബാറിലെ അത്ഭുതം നോക്കിക്കണ്ടു. മുസ്ലിം ലീഗ് ഫോർത്ത് പാർട്ടിയായി രൂപാന്തരപ്പെട്ട് സാമൂഹ്യപ്രവർത്തനങ്ങളിൽ ഒതുങ്ങിനിന്ന ബോംബെയിലും പോക്കർ സാഹിബിന്റെ ശബ്ദം മാറ്റൊലി കൊണ്ടു.

'ഹമാരി ആവാസ്' പത്രാധിപർ ബാറവി സാഹിബും ബഷീർ ഏഗത്സും യു.പി.യിലെ ഇത്ഹാഖ് ഇൽമി സാഹിബും തമിഴ്നാട്ടിലെ തിരുപ്പൂർ മൊയ്തീൻ സാഹിബും പോക്കർ സാഹിബുമായി അഭിമുഖം നടത്താൻ അദ്ദേഹത്തെ തേടി ഡൽഹി മുതൽ കേരളം വരെ ചുറ്റി. അക്കാലത്ത് പാലക്കാട് ടിപ്പുസുൽത്താൻ കോട്ട മൈതാനത്തെ മുസ്ലിം ലീഗ് സമ്മേളനത്തിലെ ഒരൊറ്റ പ്രസംഗം പോക്കർ സാഹിബിനെ അഖിലേന്ത്യാ പ്രശസ്തിയിലേക്കുയർത്തി. പോക്കർ സാഹിബിന്റെ പ്രസംഗത്തിലെ നിരാക്ഷേപമായ ഒരു വാചകത്തെ അടിസ്ഥാനമാക്കി ഒരു മലയാള പത്രം മുഖപ്രസംഗമെഴുതുകയും പാലക്കാട്ടെ മുനിസിപ്പാലിറ്റിയെക്കൊണ്ട് പ്രതിഷേധ പ്രമേയം പാസ്സാക്കി ഒച്ചപ്പാടുകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു.

അരനൂറ്റാണ്ടിനു ശേഷം അതേ പത്രം അതിന്റെ ഡൽഹി ബ്യൂറോ ആരംഭിക്കുമ്പോൾ ഒരു സപ്ലിമെന്റിറക്കി. മലബാറിൽ നിന്ന് 'ബി.പൊക്കൻ' എന്നൊരാൾ പാർലിമെന്റ് അംഗമായിരുന്നുവോ എന്ന് അതിന്റെ ചാർജ്ജിലുള്ള സുഹൃത്ത് എന്നോടാണ് വിളിച്ചു ചോദിച്ചത്. അദ്ദേഹത്തിന്റെ പാർട്ടി ഏതായിരുന്നുവെന്നും അദ്ദേഹം ഏതു നാട്ടുകാരനായിരുന്നുവെന്നും അന്വേഷിക്കുകയും ചെയ്തു.

ബി.പൊക്കനല്ല, അത് ബി.പോക്കർ സാഹിബാണെന്നും അദ്ദേഹം തലശ്ശേരി സ്വദേശിയായിരുന്നുവെന്നും മുസ്ലിംലീഗിനെ പ്രതിനിധീകരിച്ചാണ് ലോക്സഭയിലെത്തിയതെന്നും വിവരിച്ചു കൊടുത്തപ്പോൾ മുമ്പ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്ത സുഹൃത്ത് അത്ഭുതപരതന്ത്രനായി. ചരിത്രാതീതകാലത്ത് നടന്ന ഒരൈതിഹ്യകഥ കേൾക്കുന്നതു പോലെയാണ് അദ്ദേഹം അത് കേട്ടത്.

mappilaheritagelibrary.com

ആഫ്രിക്കൻ പായലുപോലെ പരന്നു പന്തലിച്ച ആഗ്ലേയ ചരിത്ര സാഹിത്യങ്ങളിൽ കാടന്മാരെന്നും മതഭ്രാന്തന്മാരെന്നും സംസ്കാരശൂന്യരെന്നും എന്തും ചെയ്യാൻ മടിയില്ലാത്തവരെന്നും ദുഷ്ടലാക്കോടെ മാപ്പിളമാരെ പരിചയപ്പെടുത്തി കയ്ക്കുന്ന വേപ്പിലയേക്കാൾ കഷ്ടമാക്കിയവരോടുള്ള മധുരമായ പ്രതികാരമായിരുന്നു പോക്കർ സാഹിബിന്റെ ലോക്സഭാംഗത്വം. മാനസികവും ശാരീരികവുമായ പീഡനങ്ങൾ അനുഭവിച്ച് മഥിതചിത്തനായി കഴിയുന്ന മാപ്പിളയുടെ അഭിമാന ബോധം തലയുയർത്തി നില്ക്കാൻ പോക്കർ സാഹിബിന്റെ ശബ്ദം പ്രയോജനപ്പെട്ടു. മുറിവേറ്റ മാപ്പിളമാർക്ക് അത് മൃതസഞ്ജീവനിയായി.

മാപ്പിളമാർക്ക് ജീവിക്കാനുള്ള അഭിവാഞ്ഛയും പുതിയ ചൈതന്യവും നേടിക്കൊടുത്തത് ഈ ശബ്ദമായിരുന്നു. മുസ്ലിംലീഗിന്റെ സംഘടിത ശബ്ദം മാപ്പിളമാരെ ഇന്ത്യയിലെ മുസ്ലിം സമൂഹത്തിലെ ജീവസ്സുറ്റ ഘടകമാക്കി മാറ്റിയതും ഈ സംഘടന തന്നെയാണ്.

ഒരിക്കലും മാർഗ്ഗഭ്രംശം വരാത്ത രാഷ്ട്രീയ പ്രക്ഷോഭമാക്കി മുസ്ലിംകളുടെ പൊതുവികാരം മാറ്റിയെടുക്കുന്നതിൽ പോക്കർ സാഹിബ് വഹിച്ച പങ്ക് കണക്കിലെടുക്കുമ്പോൾ 'വഴിത്തിരിവിലെ ദീപശിഖ' എന്ന വിശേഷണം അന്വർത്ഥമാവുന്നു.

വൈകാരികമെന്നതിലുപരി വസ്തുതാപരമായി കാര്യങ്ങൾ അപഗ്രഥിക്കാൻ സന്മനസ്സുള്ളവർക്ക് തുറന്ന പുസ്തകം പോലെ മുന്നിൽ കിടക്കുന്നു മുസ്ലിം ലീഗിന്റെ ചരിത്രം. ന്യൂനപക്ഷങ്ങളിലും പിന്നാക്ക സമൂഹങ്ങളിലും അരക്ഷിതാവസ്ഥ നിലനിൽക്കാൻ പാടില്ലെന്നായിരുന്നു സംഘടനയുടെ ശാഠ്യം. സ്വതന്ത്ര ഇന്ത്യയിലെ മുസ്ലിംകൾക്ക് ലക്ഷ്യബോധത്തോടെ പയറ്റാൻ ഒരു ദേശീയ സംഘടനയെ സംഭാവന ചെയ്യുന്നതിൽ പോക്കർ സാഹിബ് നിർണ്ണായകമായ പങ്കാണ് വഹിച്ചതെന്ന യാഥാർത്ഥ്യത്തിലേക്ക് നാമിവിടെ എത്തിച്ചേരുന്നു.

മുസ്ലിംലീഗ് നാട്ടിലെ മതന്യൂനപക്ഷത്തിന്റെ ഒരു ദേശീയ സംഘടന എന്ന് പറയുന്നതോടൊപ്പം തന്നെ നാടിന്റെ ഒട്ടാകെയുള്ള വിദ്യാഭ്യാസപരവും സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തേയും അഭിവൃദ്ധിയേയും സംബന്ധിക്കുന്ന കാര്യങ്ങളിലും സജീവമായ താല്പര്യം കാണിച്ചിട്ടുണ്ട് എന്ന് തെളിയിക്കാനും പോക്കർ സാഹിബിന് സാധിച്ചു.

ന്യൂനപക്ഷങ്ങൾ ആവശ്യപ്പെടുന്നത് നാട്ടിലെ മറ്റു പൗരന്മാരോട് തുല്യമായ അവകാശങ്ങളാണ്. പോക്കർ സാഹിബിന്റെ ഇത്തരം വാക്കുകൾ ഇന്ത്യൻ മുസ്ലിംകളെ രാഷ്ട്രീയമായി ഒന്നിക്കാൻ പ്രോത്സാഹിപ്പിക്കുന്നവയായി. ദേശസ്നേഹപരമായ ഒരു ചുമതലയെന്ന നിലക്ക് ഇന്ത്യയിലെ മുസ്ലിംകളും മറ്റുള്ളവരും മുസ്ലിംലീഗിനെ ശക്തിപ്പെടുത്താൻ മുന്നോട്ടു വന്നതിന് പോക്കർ സാഹിബ് കാരണക്കാരനായി. അത് ഇന്ത്യൻ ജനതയുടെ ചൈത്യനത്തെ ബലപ്പെടുത്താൻ സഹായകമാവുകയും ചെയ്തു.

mappilaheritagelibrary.com

8
സമുദായത്തിന് സമർപ്പിക്കപ്പെട്ട ജീവിതം

പോക്കർ സാഹിബിലൂടെ സമുദായത്തിന് കൈവന്ന നേട്ടങ്ങൾ കൂടുതൽ ഉയരങ്ങളിലേക്കുള്ള ഗ്രാഫാണ് ചരിത്രത്തിൽ വരച്ചുവെച്ചത്. പുരുഷായുസ്സ് മുഴുവൻ സമുദായ സേവനത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ധന്യമായ ജീവിതം ഇന്ത്യയിലെ മുസ്‌ലിം ജനകോടികളുടെ ആവേശമായി രേഖപ്പെടുത്തപ്പെട്ടു.

1952 ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട്ടു ചേർന്ന ആലോചനാ യോഗത്തിൽ മുസ്‌ലിംലീഗ് നേതാവും മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായ എ.കെ.കുഞ്ഞിമായൻ ഹാജി അഭിപ്രായമാരാഞ്ഞത് പോക്കർ സാഹിബിന്റേതാണ്. തെരഞ്ഞെടുപ്പിൽ വൻ വിജയമുണ്ടായപ്പോൾ മഞ്ചേരിയിൽ നടന്ന സ്വീകരണ യോഗത്തിൽ പോക്കർ സാഹിബിനെ ക്ഷണിച്ചത് മദിരാശിയിൽ ഐക്യമുന്നണി സർക്കാറിന് ലീഗ് പിന്തുണ നൽകുന്ന കാര്യത്തെപ്പറ്റി നിവേദനം സമർപ്പിക്കാനായിരുന്നു. രാജാജി മന്ത്രിസഭക്ക് ലീഗ് പിന്തുണ എന്ന് ഒറ്റവാക്കിലായിരുന്നു പോക്കർ സാഹിബിന്റെ മറുപടി ഭരണത്തിൽ പങ്കില്ലാതെ തന്നെ കാര്യങ്ങൾ നേടിയെടുക്കാനാവുമെന്ന വിശദീകരണം അധികം താമസിയാതെ പ്രായോഗികമായി.

മുസ്‌ലിംലീഗിന്റെ പ്രഥമ നിർവ്വാഹക സമിതിയിൽ ഇന്ത്യയുടെ കരുത്തും കേരളത്തിന്റെ അഭിമാനവുമായ പ്രഗത്ഭരായിരുന്നു ഉണ്ടായിരുന്നത്. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽസാഹിബ്, സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, കെ.എം.മൗലവി, സി.എച്ച്.മുഹമ്മദ് കോയ, എം.പി.എം.അഹമ്മദ് കുരിക്കൾ, ഇബ്രാഹിം സുലൈമാൻ സേട്ട്, എം.കെ.ഹാജി തുടങ്ങിയവർ അവസാന തീർപ്പിന് പോക്കർ സാഹിബിന്റെ അഭിപ്രായമാണാരാഞ്ഞത്. പാർല്ലിമെന്റ് തെരഞ്ഞെടുപ്പ് മുതൽ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പു വരെയും ലോക്കൽ കോ-ഓപ്പറേറ്റീവ് യൂന്യൻ മുതൽ മാർക്കറ്റിംഗ് സൊസൈറ്റി വരേയും പ്രചാരണത്തിന് പോക്കർ സാഹിബ് എത്തുക മാത്രമല്ല നാടൻ ഭാഷയിൽ പ്രസം

mappilaheritagelibrary.com

ഗിച്ച് പരമാവധി വോട്ടുകൾ പിടിക്കുകയും ചെയ്യും. മാനുക്കുരിക്കളുടേയും പെരുൽ അഹമ്മദ് സാഹിബിന്റേയും അടുത്ത കൂട്ടുകാരനായിരുന്ന പോക്കർ സാഹിബ് തനി മഞ്ചേരിക്കാരൻ എന്ന രീതിയിലാണ് അഭിപ്രായം പ്രകടിപ്പിക്കുക. മുസ്ലിംലീഗിനെ സംബന്ധിച്ചിടത്തോളം അത്യന്തം അസ്വസ്ഥജനകമായിട്ടും ആത്മാർത്ഥതയുള്ള അനുയായികൾക്ക് ധൈര്യം പകർന്നത് പോക്കർ സാഹിബായിരുന്നുവെന്ന് ഡോ. സി.എം.കുട്ടി ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലിം എം.എൽ. എയും ചരിത്രകാരനും എഴുത്തുകാരനുമായിരുന്ന ഡോ.കുട്ടി പ്രത്യേക നിയോജക മണ്ഡലം എടുത്ത് കളഞ്ഞതിന് ശേഷമുള്ള സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിനെ വർണ്ണിച്ചപ്പോൾ പോക്കർ സാഹിബിന്റെ പാർല്ലിമെന്റിലേക്കുള്ള വിജയം പൊലിപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഉപ്പിസാഹിബും സീതിസാഹിബും ചാക്കീരി അഹമ്മദ് കുട്ടിയും കെ.കെ.മുഹമ്മദ് ഷാഫിയും എം.ചടയനും മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സന്തോഷത്തിന്റെ പതിന്മടങ്ങാണ് അന്ന് പോക്കർ സാഹിബിന്റെ പാർല്ലിമെന്റ് വിജയം കൊണ്ടുണ്ടായത്.

ഭരണാധികാരികൾക്ക് അദ്ദേഹം പേടിസ്വപ്നമായിരുന്നു. മോണ്ടേഗു പ്രഭുവിന്റെ മുമ്പാകെ പോലും ന്യായം പറയാൻ മടിക്കാത്ത പോക്കർ സാഹിബ് അന്യായമായ വിലക്കുകൾ ലംഘിക്കുന്ന സിംഹഗർജ്ജനക്കാരനായി അറിയപ്പെട്ടു. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ ജനറൽ സെക്രട്ടറിയായിരുന്ന കെ.ടി.എം.അഹമ്മദ് ഇബ്രാഹിം സാഹിബ് പറഞ്ഞത് ഇന്ത്യൻ ഭരണഘടനയനുവദിക്കുന്ന സംഘടനാ സ്വാതന്ത്ര്യത്തെ കുറിച്ച് ഇത്രയേറെ പഠിച്ച മറ്റൊരു നേതാവില്ലെന്നായിരുന്നു. ലീഗിന്റെ ശത്രുക്കൾ തൊടുത്തുവിട്ട ആരോപണങ്ങൾക്ക് അക്കമിട്ടു മറുപടി പറയാനും നേതാവിന് യാതൊരു കൂസലുമില്ലായിരുന്നു.

mappilaheritagelibrary.com

9
പാലക്കാട്ടൊരു ഇടിമുഴക്കം

1953 ഒക്ടോബറിൽ പാലക്കാട് താലൂക്ക് മുസ്ലിംലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന വമ്പിച്ച മുസ്ലിംലീഗ് മഹാസമ്മേളനത്തിൽ പോക്കർ സാഹിബ് ചെയ്ത പ്രസംഗം കേരളത്തിനകത്തും പുറത്തുമുള്ള രാഷ്ട്രീയ നിരീക്ഷകന്മാരിൽ സവിശേഷ കൗതുകമുയർത്തുന്നതായിരുന്നു. മുസ്ലിംലീഗ് വിരോധികളെ ഞെട്ടിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത പ്രസംഗമായിരുന്നു അത്.

കുനിഞ്ഞശിരസ്സുമായി ഭരണാധികാരികളുടെ മുമ്പിൽ പകച്ചു നില്ക്കേണ്ടി വന്നവർക്ക് അർത്ഥസമ്പുഷ്ടതയോടെ രാഷ്ട്രീയം പറഞ്ഞ് ധൈര്യം പകർന്ന ധീരനായ പോരാളിയുടെ വാക്കുകൾ സംഘടനാ പ്രവർത്തകർക്ക് ചാരിതാർത്ഥ്യത്തിന് വക നൽകി.

ഒരു പ്രസംഗം ഒരു നേതാവിന് അനിഷേധ്യമായ സ്ഥാനം നേടിക്കൊടുത്ത സംഭവമാണത്. വിദ്വേഷം തുടിക്കുന്ന കണ്ണുകൾ കൊണ്ട് മുസ്ലിം ലീഗിനെ നോക്കിക്കണ്ട ശത്രുക്കൾ പ്രസംഗം ദുർവ്യാഖ്യാനം ചെയ്തു വികലമാക്കി. പോക്കർ സാഹിബിനെ കരിതേച്ചു കാണിക്കാനുള്ള അവസരം അവരുപയോഗപ്പെടുത്തി.

സ്വാതന്ത്ര്യത്തിന്റെ സ്വർണ്ണ രശ്മികൾ ഉദയം ചെയ്തിട്ടും ഒരു സമുദായം കൂരിരുട്ടിൽ കഴിയണമെന്നാഗ്രഹിച്ചവർ ഭീമാകാരമായ അടിച്ചമർത്തലുകളുടെ അക്ഷരരൂപം തീർത്തു.

പോക്കർ സാഹിബിന്റെ വിവാദമുയർത്തിയ പാലക്കാട് പ്രസംഗം ഇതായിരുന്നു:

'മുസ്ലിംലീഗിന്റെ നേർക്ക്
അകാരണമായ ആക്ഷേപം
ഉന്നയിക്കുന്നത് പണ്ഡിറ്റ്
നെഹ്റു തന്നെയായാലും
അത് പുല്ലോളം വകവെക്കേണ്ടതില്ല.'

വിഭജനത്തിനുശേഷം മലബാറിൽ ചേർന്ന മുസ്ലിംലീഗിന്റെ ആദ്യ

mappilaheritagelibrary.com

സമ്മേളനമായതുകൊണ്ട് പാലക്കാട് സമ്മേളനത്തിന് വലിയ പ്രാധാന്യ മുണ്ടായിരുന്നു. തമിഴ്നാട്, തിരുകൊച്ചി പ്രദേശങ്ങളിൽ നിന്നും ധാരാളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. ഉത്തരേന്ത്യയിൽ നിന്ന് കോൺഗ്രസ് അനുകൂല ഉർദുവാരികയായ 'ഹമാരി ആവാസ്' പത്രാധിപർ ഹുസൈൻ അഹമ്മദ് ബാറവിയും അലീഗറിൽ മുസ്ലിം കൺവെൻഷൻ വിളിച്ചു കൂട്ടിയ സർവ്വേന്ത്യാ മുസ്ലിംജമാ അത്ത് വക്താവ് ഹുസൈൻ അഹസ ദുമൊക്കെ പങ്കെടുത്ത സമ്മേളനമായിരുന്നു അത്.

ബി.പോക്കർ സാഹിബിന്റെ ഉജ്ജ്വല പ്രസംഗത്തിലെ ഒരു വാചകം മാത്രം ദുർവ്യാഖ്യാനം ചെയ്തു ശത്രുക്കൾ വിഷം ചീറ്റിയപ്പോൾ അനാ വശ്യമായ ഒച്ചപ്പാടുകളിൽ നിന്ന് അകന്നു നിൽക്കുകയാണ് മുസ്ലിം ലീഗിന്റെ അഭ്യുദയകാംക്ഷികൾ ചെയ്തത്.

മുസ്ലിംലീഗിനെ നിരോധിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രമുഖ ദേശീയ പത്രം മുഖപ്രസംഗമെഴുതി. പാലക്കാട് മുനിസിപ്പാലിറ്റിയും ലീഗ് വിരുദ്ധസംഘടനകളും പ്രതിഷേധ പ്രമേയങ്ങൾ പാസാക്കി. മുസ്ലിം കൾക്ക് ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയിൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിനെ പ്രവർത്തിക്കാൻ അനുവദിക്കരുതെന്ന പിടിവാശിയു മായി സജീവരംഗത്തിറങ്ങിയവർ പോക്കർ സാഹിബിന്റെ പ്രസംഗം പൊലിപ്പിച്ചു കാണിച്ച് കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ ശ്രമിച്ചു. എന്നാൽ ഇന്ത്യൻ ഭരണഘടനയോട് കൂറു പുലർത്തുന്ന ഒരു നേതാ വിന്റെ ജനാധിപത്യബോധമാണ് പാലക്കാട്ട് മറനീക്കി പുറത്തു വന്ന തെന്ന് രാഷ്ട്രീയ പ്രബുദ്ധതയുള്ളവർ വിലയിരുത്തി. രാഷ്ട്രീയം ഉപേ ക്ഷിച്ചും നിർത്തി വെച്ചും പരുങ്ങിക്കളിച്ച തിരുകൊച്ചിക്കാർക്ക് മുസ്ലിം ലീഗ് കെട്ടിപ്പടുക്കാൻ ധൈര്യം പകർന്നത് പോക്കർ സാഹിബിന്റെ പാല ക്കാടൻ പ്രസംഗമായിരുന്നുവെന്ന് പാലക്കാട് സമ്മേളനത്തിന് പ്രയത്നം ചെയ്ത ഇ.എസ്.എം.ഹനീഫ ഹാജി രേഖപ്പെടുത്തിയിട്ടുണ്ട്.

1956 നവംബർ 11ന് എറണാകുളത്ത് ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മാ ഈൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മുസ്ലിംലീഗ് പ്രതിനിധി സമ്മേളനത്തിൽ വെച്ച് കേരളാ സ്റ്റേറ്റ് മുസ്ലിംലീഗ് സ്ഥാപിതമാവുമ്പോൾ ആദർശത്തിന്റെ കാര്യത്തിൽ പോക്കർ സാഹിബിന്റെ പാലക്കാട്ശബ്ദം മാറ്റമില്ലാതെ നിലക്കൊണ്ടു.

കഠിനമായ തപസ്യയുടെ സാഫല്യമായാണ് മുസ്ലിംലീഗിനെ പലരും കണ്ടത്. ദേശീയോദ്ഗ്രഥനത്തിനും മതമൈത്രിക്കും വേണ്ടി ശ്രദ്ധേയ മായ സംഭാവനകളർപ്പിക്കുകയും ഫാസിസത്തിനും തീവ്രഭീകരവാദത്തി നുമെതിരായി പ്രചണ്ഡമായ പ്രചാരണങ്ങളും പ്രബോധനങ്ങളും നടത്തു കയും സമുദായത്തിന് ശരിയായ ദിശാബോധം നൽകുകയും ചെയ്തത് മുസ്ലിംലീഗാണെന്ന സത്യം കാലം തെളിയിച്ചു. അവഗണിക്കപ്പെടുന്ന ഒരു സമൂഹത്തെ തട്ടിയുണർത്തി അസ്തിത്വബോധത്തിന്റെയും അവ കാശസംരക്ഷണത്തിന്റേയും പാതയിലേക്ക് തിരിച്ചു വിടാൻ ന്യൂനപക്ഷ

mappilaheritagelibrary.com

–പിന്നോക്ക വിഭാഗങ്ങളുടെ ഉയിർത്തെഴുന്നേല്പിന്റെ ശംഖനാദം മുഴക്കുകയാണ് പോക്കർ സാഹിബ് ചെയ്തതെന്ന് ഏവർക്കും ബോദ്ധ്യമായി. കാലത്തിനൊപ്പം അഭിമാനപൂർവ്വം സംഘടന വളർന്നു. അതിന്റെ വളർച്ചയിൽ ഭാഗഭാക്കാവാൻ കഴിഞ്ഞ പോക്കർ സാഹിബിന് അഭിമാനത്തോടെ ഇന്ത്യൻ പാർലിമെന്റിൽ തലയുയർത്തി നിൽക്കാനായി.

ഇന്ത്യയിൽ ഭരണഘടനയെ ഒരു കരാറായിട്ടാണ് മുസ്ലിംകൾ കാണുന്നതെന്ന് പോക്കർ സാഹിബ് വ്യക്തമാക്കി. നിയമനിർമ്മാണത്തിലൂടെ കരാർ പൊളിക്കരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും ന്യൂനപക്ഷ സമുദായങ്ങളുടെ മിതവും ന്യായവുമായ അവകാശങ്ങൾ റദ്ദ് ചെയ്യുന്നതുമായ നിയമനിർമ്മാണങ്ങളെ ശക്തമായി തടയുവാൻ അദ്ദേഹം ശബ്ദമുയർത്തി.

പ്രത്യേക വിവാഹബില്ലിന്റെ അവതരണവേളയിലും അലീഗറിന്റെ ന്യൂനപക്ഷ സ്വഭാവം എടുത്തുകളഞ്ഞപ്പോഴും ലോക്സഭയിൽ പോക്കർ സാഹിബ് നടത്തിയ ഗർജ്ജനം ഭരണാധികാരികളെ കിടിലം കൊള്ളിച്ചുവെന്നു ആവർത്തിച്ചു പറയട്ടെ. അക്കാലത്ത് ടൈംസ് ഓഫ് ഇന്ത്യയിൽ അതിന്റെ ഡൽഹി ലേഖകൻ എഴുതി: 'ലോക്സഭയിൽ മുസ്ലിംകളെ ബാധിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ മി.പോക്കർ മദിരാശിയിൽ നിന്ന് പറന്നെത്തും.'

പോക്കർസാഹിബിന്റെ ജീവചരിത്ര സംഗ്രഹവും ടൈംസ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചു.

അറുപതുകളിൽ മുസ്ലിം ലീഗ് സാഹിത്യവുമായി സി.എച്ചിന്റെ പിന്തുണയോടെ കോഴിക്കോട്ട് ഹലുവ ബസാറിൽ പ്രവർത്തനം തുടങ്ങിയ പ്രസിദ്ധീകരണാലയം പോക്കർ സാഹിബിന്റെ ലഘുജീവചരിത്രവും ദീർഘമേറിയ പ്രസംഗങ്ങളും പുറത്തിറക്കിയിരുന്നു. പെരിങ്ങത്തൂരിലെ എൻ.എ.മമ്മുഹാജി, എലത്തൂരിലെ എം.ആലിക്കുഞ്ഞി, തലശ്ശേരിയിലെ അഡ്വ.ടി.എം.സാവാൻകുട്ടി തുടങ്ങിയവർ പോക്കർ സാഹിബിനെക്കുറിച്ച് പരാമർശിക്കുമ്പോൾ ഏകസ്വരത്തിൽ പറഞ്ഞത് കേരള മുസ്ലിംകൾ മാത്രമല്ല, ഇന്ത്യയിലെ മുസ്ലിംകളാകമാനം ആ നാമത്തിൽ ഊറ്റം കൊള്ളുന്നു എന്നായിരുന്നു.

ആ ധീരപുരുഷന്റെ മായാത്ത മുദ്രകൾ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠിതമായിരിക്കും. ഇന്ത്യയിൽ മുസ്ലിംകൾ അവശേഷിക്കുന്ന കാലത്തോളം അവരുടെ രാഷ്ട്രീയസംഘടനയായ മുസ്ലിംലീഗ് നിലനിൽക്കുമെന്ന് ആ ധീരകേസരി സധീരം ശക്തിയുക്തം സമർത്ഥിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്.

പോക്കർ സാഹിബിന്റെ മൂർച്ചയേറിയ പ്രസംഗങ്ങൾ മുസ്ലിംലീഗിന് നവോന്മേഷം നൽകുകയും പൂർവ്വാധികം കരുത്താർജ്ജിച്ച് പ്രസ്ഥാനം വളരുകയും ചെയ്തു. അവകാശധ്വംസനം ആരുടെ ഭാഗത്തു നിന്നായാലും ആരുടെ ഭാഗത്തേക്കായാലും മുഖം നോക്കാതെ അതിനെ നഖ

mappilaheritagelibrary.com

ശിഖാന്തം എതിർക്കാൻ പോക്കർ സാഹിബ് എന്നും മുൻപന്തിയിൽ ഉണ്ടായിരുന്നു. വാക്കുകളിലൂടെ എതിരാളികളെ ഇരുത്തിക്കളയാനുള്ള കഴിവ് ഇന്ത്യൻ പാർലിമെന്റിലും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. പ്രഖ്യാതമായ ആ 'നോ' ശബ്ദം ഇന്നും അവിടെ മുഴങ്ങുന്നത് പോലെ...

mappilaheritagelibrary.com

10
തളരാത്ത നിശ്ചയദാർഢ്യം

മൂന്നരപതിറ്റാണ്ടിനു ശേഷം 1981 ൽ മുസ്‌ലിം ലീഗിലേക്ക് തിരിച്ചു വന്ന പഴയകാല മുസ്‌ലിം ലേബർ യൂനിയൻ നേതാവ് കെ.കെ.അബുസാഹിബ് ദീർഘകാലത്തെ സജീവ രാഷ്ട്രീയപ്രവർത്തനങ്ങൾക്കിടയിൽ പോക്കർ സാഹിബിൽ നിന്നാണ് അനുഭവജ്ഞാനം ലഭിച്ചത് എന്ന് രേഖപ്പെടുത്തിയതോർക്കുന്നു.

രണ്ടാംലോക മഹായുദ്ധകാലത്ത് ബർമ്മയിലായിരുന്നു അബുസാഹിബ്. ബർമ്മയിലെ റങ്കൂൺ ഉൾപ്പെടെയുള്ള തുറമുഖങ്ങൾ ജപ്പാൻ അധീനപ്പെടുത്തിയപ്പോൾ അബുസാഹിബ് അടക്കം അനേകങ്ങൾ മണിപ്പൂർ പർവ്വതം കയറിയിറങ്ങി ഇംഫാൽ ഡിമാപ്പൂർ വഴി ഇന്ത്യയിലേക്ക് മടങ്ങി. മലയാളികളായ മുസ്‌ലിംകൾക്ക് മണിപ്പൂരിലുണ്ടായ വേദനാജനകമായ അനുഭവങ്ങൾ പാഠമായി സ്വീകരിച്ചാണ് അബുസാഹിബ് മുസ്‌ലിം ലീഗിൽ ചേരാൻ ആഗ്രഹിച്ചത്. ഡോക്ടർ രാം മനോഹർ ലോഹ്യ എഴുതിയ ഇന്ത്യപാക് വിഭജനം എന്ന പുസ്തകം കയ്യിലേന്തിയായിരുന്നു ഏറനാടൻ ഭാഗങ്ങളിൽ അബുസാഹിബ് പര്യടനം നടത്തിയത്.

ഏറനാട് താലൂക്ക് ആകെ കലങ്ങി മറിഞ്ഞ അവസരമായിരുന്നു അത്. രാമസിംഹൻ കൊലക്കേസ് വരുത്തിവെച്ച പൊല്ലാപ്പ് ചില്ലറയായിരുന്നില്ല. ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു പോയതിന് അബുസാഹിബിനെ അറസ്റ്റു ചെയ്തു കണ്ണൂർ സെൻട്രൽ ജയിലിലടച്ചു.

പോക്കർ സാഹിബ് അന്ന് മദിരാശിയിലായിരുന്നു. മുഖ്യമന്ത്രി ഓമന്തൂർ രാമസ്വാമി റെഡ്ഡ്യാരെ ചെന്നു കണ്ടു. അബു സാഹിബിനെ വിട്ടയക്കാൻ ആവശ്യപ്പെട്ടു. ചീഫ് സെക്രട്ടറി രാമുണ്ണി മേനോനാണ് അറസ്റ്റ് വാറണ്ട് പുറപ്പെട്ടവിച്ചതെന്ന് പറഞ്ഞ് ഓമന്തൂർ ഒഴിഞ്ഞു മാറി. പോക്കർ സാഹിബ് മദിരാശി ഹൈക്കോടതിയിൽ ഹേബിയസ് കോർപ്പസ് ഹരജി ഫയൽ ചെയ്തു.

ഹൈക്കോടതി കനിഞ്ഞില്ല. ഏതാനും മാസങ്ങൾ ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്തിയ പോക്കർ സാഹിബ് ഉപാധികളോടെയുള്ള ജാമ്യം അബുസാഹിബിന് നേടിക്കൊടുത്തേ അടങ്ങിയുള്ളൂ. ഏറനാട്, വള്ളുവ

mappilaheritagelibrary.com

നാട് താലൂക്കുകളിൽ കടക്കാൻ പാടില്ലെന്ന നിബന്ധന നടപ്പാക്കിയപ്പോൾ അവിടെ ഞാനുണ്ട് എന്നായിരുന്നു പോക്കർ സാഹിബിന്റെ മറുപടി.

അക്കാലത്ത് കോൺഗ്രസ്സിൽ നിന്ന് പുറത്തു വന്നവർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകുകയായിരുന്നു. മത-ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സോഷ്യലിസ്റ്റ് ഇന്ത്യയിൽ സുരക്ഷിതമായിരിക്കുമെന്ന വിശ്വാസത്തോടെ സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്ന അബു സാഹിബിനെ പോക്കർ സാഹിബ് ശാസിക്കാനൊന്നും പോയില്ല. ലോഹ്യയും ജയപ്രകാശ് നാരായണനും യൂസഫ് മെഹറലിയും അച്യുത പട്വർദ്ധനുമൊക്കെയുണ്ടായിരുന്ന പാർട്ടി പിന്നീട് കിസാൻ മസ്ദൂർ പ്രജാ പാർട്ടിയിൽ ലയിച്ചപ്പോഴും പോക്കർ സാഹിബ് പ്രതികരിച്ചില്ല.

പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ കോളിളക്കമുണ്ടായപ്പോഴും എസ്. എസ്.പി പിറന്നപ്പോഴും എല്ലാം അമിട്ട് പൊട്ടുന്നതു പോലെ പൊട്ടിത്തെറിക്കുമെന്ന വിശ്വാസക്കാരനായിരുന്നു പോക്കർ സാഹിബ്. മതന്യൂന പക്ഷത്തിന്റെ സംഘടനാശക്തിയുടേയും സോഷ്യലിസ്റ്റ് ദൗർബല്യത്തിന്റെയും രഹസ്യം പ്രവർത്തനത്തിലൂടെ തുറന്നു കാട്ടുകയായിരുന്നു അദ്ദേഹം. കാലത്തിന്റെ കടന്നാക്രമണത്തെ ചെറുത്തു തോല്പിക്കാൻ സുസംഘടിതമായ സംവിധാനത്തിൽ ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ അനിവാര്യതയായിരുന്നു അദ്ദേഹം വിളംബരം ചെയ്തത്. എണ്ണത്തിൽ എത്രമികച്ചു നിന്നാലും കാറ്റിലും കോളിലും പാറിപ്പോവുന്ന ദുർബ്ബലരായി പല പാർട്ടികളേയും അദ്ദേഹം വിലയിരുത്തി. ഐക്യത്തിന്റെ ആത്മാവ് വേണമെന്നും അത് പ്രദാനം ചെയ്യുന്ന ശക്തി ആവാഹിക്കണമെന്നും പോക്കർ സാഹിബ് സമുദായത്തെ ഉണർത്തി. സമുദായത്തിന്റെ ഞരമ്പുകളിൽ ആത്മാർത്ഥതയുടേയും ആത്മാഭിമാനത്തിന്റേയും ജീവരക്തമോട്ടാനാണ് പോക്കർ സാഹിബ് ശ്രമിച്ചതെന്ന് വൈകിയാണെങ്കിലും പ്രതിയോഗികൾ മനസ്സിലാക്കുകയായിരുന്നു. നിസ്സഹായരും നിരാലംബരും അധഃസ്ഥിതരുമായാൽ അവഗണിക്കപ്പെടുമെന്ന് മുന്നറിയിപ്പു നൽകി നിശ്ചയദാർഢ്യത്തോടെ മുന്നേറാൻ പോക്കർ സാഹിബ് മടിച്ചില്ല. കാലത്തിന്റെ തരിശായ താഴ്വരയിൽ ഒരു പുതിയ വ്യവസ്ഥിതിയുടെ വസന്തമുണർന്നു. പ്രതിബന്ധങ്ങളുടേയും പ്രതികൂല ശക്തികളുടേയും കൊടുങ്കാറ്റുകളെ തളരാത്ത മനക്കരുത്തോടെയാണ് പോക്കർ സാഹിബ് നേരിട്ടതെന്ന് കാലം വ്യക്തമാക്കി. വിദ്വേഷം വിതച്ച് വിനാശം കൊയ്യുന്നവരെ തല്ലി നിരപ്പാക്കി ഐക്യവും സമാധാനവും വിതച്ച് സാമ്രാജ്യം കൊയ്ത ധീരനായി ചരിത്രത്തിൽ ഈ വീരനായകൻ മരണമില്ലാതെ ജീവിക്കുന്നു.

mappilaheritagelibrary.com

11
മൗലാനയുടെ കാല്പാടുകൾ പിന്തുടർന്ന്

അലി സഹോദരന്മാരിൽ നിന്നാണ് പോക്കർ സാഹിബും സീതിസാഹിബും ആവേശം നുകർന്നത്. 'ഐക്യ'ത്തിന്റെയും 'മുസ്‌ലിം' പത്രത്തിന്റെയും 'ചന്ദ്രിക'യുടെയും ചരിത്രവുമായി സീതിസാഹിബിനുള്ള അടുപ്പം പരിശോധിക്കുമ്പോൾ മൗലാനാ മുഹമ്മദലിയുടെ മാതൃക പിന്തുടർന്നതായി കാണാം. മൗലാനാ മുഹമ്മദലിയെക്കുറിച്ച് സീതിസാഹിബ് എഴുതിയ ഗ്രന്ഥത്തിലും ഈ വസ്തുത വെളിപ്പെടുത്തിയിട്ടുണ്ട്.

പോക്കർ സാഹിബിനെ സംബന്ധിച്ചിടത്തോളം മൗലാനാ മുഹമ്മദലിയുടെ ധീരതയാണ് ജീവിതത്തിൽ പകർത്തിയത്. പത്രപ്രവർത്തനം എന്ന സാഹസികതക്കും അദ്ദേഹം മുതിർന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ അൽ അമീൻ വഴി അധികാര പ്രാപ്തിയോ ധനസമ്പാദനമോ ലക്ഷ്യമാക്കാതെ നാടിനും ജനതക്കും സേവനം ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നിയത് മൗലാനയുടെ മാതൃക സ്വീകരിച്ചതുകൊണ്ടാണെന്ന് കാണാം.

ഇന്ത്യയെ എന്നും അടിമത്വത്തിൽ നിർത്തി ഭരിച്ചു കളയാമെന്ന് മോഹിച്ചിരുന്ന ബ്രിട്ടീഷ് മേധാവിത്വത്തെ മൗലാനാ മുഹമ്മദലി കിടിലം കൊള്ളിച്ചതുപോലെ ഇന്ത്യൻ മുസ്‌ലിംകൾക്ക് ആശയും ആവേശവും നൽകി പോക്കർ സാഹിബും മുന്നേറി.

ഫലസ്തീൻ മുതൽ മൊറോക്കോവരേയും ഈജിപ്ത് മുതൽ തുർക്കിവരേയും മൗലാനയുടെ 'ഹംദർദ്' (അനുകമ്പ) പതിഞ്ഞതുപോലെ അന്തമാൻ മുതൽ തിരൂരങ്ങാടി വരേയും ഡൽഹി മുതൽ ഉത്തരദേശം വരേയും പോക്കർ സാഹിബിന്റെ ശബ്ദമുയർന്നു.

മൗലാനാ മുഹമ്മദലി ബറോഡാ രാജാവിന്റെ കീഴിൽ ജോലി ചെയ്തിരുന്നപ്പോൾ ഇന്ത്യയിലെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് ടൈംസ് ഓഫ് ഇന്ത്യയിൽ ലേഖനങ്ങളെഴുതിയിരുന്നു. 1907 ലാണ് അത് പുസ്തകമായത്. പുസ്തകരചന രാജ്യസേവനത്തിന് ഉദ്യോഗം ഒഴിയാനുള്ള പ്രചോദനമായി. അന്ന് ഉദ്യോഗം രാജിവെച്ച് ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കത്തയിൽ നിന്ന് പത്രം ആരംഭിക്കാൻ തീരുമാനിച്ചു. പത്രം

mappilaheritagelibrary.com

വന്നാലുള്ള ഭവിഷ്യത്ത് മുൻകൂട്ടി മനസ്സിലാക്കി സർ മൈക്കേൽ ഓഡയർ മൗലാനക്ക് ജാവാനാട്ടുരാജ്യത്തിലെ മന്ത്രിപദം വെച്ചുകാട്ടി. ഓഡയറുടെ അഭ്യർത്ഥന നിരസിച്ചാണ് മൗലാന കൽക്കത്തയിൽ നിന്ന് 'കോംറേഡ്' ആരംഭിച്ചത്.

ഇന്ത്യയുടെ തലസ്ഥാനം കൽക്കത്തയിൽ നിന്ന് ഡൽഹിയിലേക്ക് മാറ്റിയപ്പോൾ കോംറേഡിന്റെ തലസ്ഥാനവും മൗലാന ഡൽഹിക്ക് മാറ്റി. കോംറേഡിന്റെ ജീവനാഡികളായിരുന്നു മൗലാനാ മുഹമ്മദലിയും ഗുലാം ഹുസൈൻ മീർ സയ്യിദ് മഹ്ഫൂസലിയും. മൗലാനാ ഇംഗ്ലണ്ടിലേക്ക് പോയപ്പോൾ ഗുലാം ഹുസൈൻ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുത്തു. വിലായത്ത് അലി, അബ്ദുറഹിമാൻ സിദ്ദീഖി എന്നിവർ ഇസ്തംബൂളിൽ നിന്നു അയച്ചിരുന്ന ലേഖനങ്ങൾ ഇന്ത്യൻ മുസ്ലിംകളെപ്പറ്റി തുർക്കിയിൽ മതിപ്പുളവാക്കുന്നതിന് പര്യാപ്തമായിരുന്നുവെന്ന് പോക്കർ സാഹിബ് മനസ്സിലാക്കി. 1952 ലെ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ വി.അബ്ദുൽ ഖയ്യൂം ഈ കാര്യം വിശദീകരിച്ച് എഴുതിയിട്ടുണ്ട്. കോംറെഡ് മുസ്ലിം ലോകത്തിന്റെ ഒരു പത്രമായിരുന്നുവെന്ന് അംഗീകരിക്കപ്പെട്ടതാണ്. കോംമ്രേഡ് ഇംഗ്ലീഷിലായിരുന്നതുകൊണ്ട് സാധാരണക്കാർക്ക് അതിന്റെ ഫലം സിദ്ധിക്കില്ലെന്ന് മനസ്സിലാക്കി ഉർദുവിൽ ഒരു പത്രം കൂടി മൗലാനാ നടത്തി. ടൈപ്പുകൾ വെച്ച് അച്ചടിച്ച ഇന്ത്യയിലെ ആദ്യത്തെ ഉർദുപത്രം (ഹംദർദ്) പോക്കർ സാഹിബിന്റെയും കൈകളിലെത്തി. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഹംദർദിന് ലേഖകന്മാരുണ്ടായിരുന്നു എന്നതിന് പുറമെ റോയിട്ടർ സർവ്വീസും ഏർപ്പെടുത്തിയിരുന്നു.

1914 മുതൽ 1931 വരെ ഇന്ത്യയിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ മൗലാനാ സജീവമായി ഇടപെടുമ്പോൾ സംഭവബഹുലമായ ജീവിതത്തെ സംബന്ധിച്ച വിശദമായ പഠനത്തിലായിരുന്നു പോക്കർ സാഹിബ്. രണ്ടുപ്രാവശ്യം കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്ന മൗലാനാ മുഹമ്മദലിയായിരുന്നു ഗാന്ധിജിയെ രാഷ്ട്രീയ പ്രവർത്തനത്തിലേക്കടുപ്പിച്ചത്. ജീവിതത്തിന്റെ വലിയൊരു ഭാഗം മൗലാനാ കാരാഗൃഹത്തിലായിരുന്നു. അദ്ദേഹത്തിന്റെ കൈകാലുകൾ ചങ്ങല കൊണ്ട് ബന്ധിക്കാൻ ബ്രിട്ടീഷ് ഗവർമ്മെണ്ടിന് സാധിച്ചുവെങ്കിൽ സ്വാതന്ത്ര്യവാഞ്ഛയെ അടിച്ചമർത്താൻ സാധിച്ചിരുന്നില്ലെന്ന് പോക്കർ സാഹിബ് മനസ്സിലാക്കി. ഇന്ത്യയുടെയും ഇന്ത്യൻ ജനതയുടേയും വിമോചനത്തിലെന്നപോലെ എല്ലാ മുസ്ലിം രാജ്യങ്ങളുടെയും വിമോചനകാര്യത്തിലും മൗലാന ശ്രദ്ധിച്ചത് പോക്കർ സാഹിബിനെ ആകർഷിച്ചു. ഒന്നാം ലോക മഹായുദ്ധം ആരംഭിച്ചപ്പോൾ തുർക്കിയെ ഭീഷണിപ്പെടുത്തി ഇംഗ്ലണ്ടിലെ അർദ്ധ ഔദ്യോഗിക പത്രമായ ടൈംസ് ഒരു മുഖപ്രസംഗമെഴുതിയിരുന്നു. ഒട്ടും താമസിയാതെ മൗലാനയുടെ മറുപടിയും വന്നു. തുർക്കി ജർമ്മനിയുടെ പക്ഷത്ത് ചേരുകയാണെങ്കിൽ അതിനുള്ള കാരണം ബ്രിട്ടന്റെ നയമാണെന്ന് മൗലാന ശക്തിയുക്തം സമർത്ഥിച്ചു. തുർക്കിയുമായി

mappilaheritagelibrary.com

ബ്രിട്ടൻയുദ്ധം ചെയ്യുകയാണെങ്കിൽ ഇന്ത്യൻ മുസ്‌ലിംകൾ കൈക്കൊ ള്ളുന്ന നിലപാട് അതിൽ പ്രതിപാദിച്ചിരുന്നു. ബ്രിട്ടീഷ് അധികൃതർ ലേഖനം കണ്ടുകെട്ടി. മൗലാനയേയും ജ്യേഷ്ഠൻ ഷൗക്കത്തലിയെയും അറസ്റ്റുചെയ്തു തടങ്ങലിലാക്കി. യുദ്ധം കഴിയുന്നതുവരെ അലി സഹോ ദരന്മാർ ജയിലിൽ തന്നെ കഴിച്ചുകൂട്ടേണ്ടി വന്ന കഥ ഹൃദയസ്പൃക്കായി സീതിസാഹിബ് എഴുതിയതോർക്കുന്നു. ഖിലാഫത്തിന് വേണ്ടി മൗലാനാ ധീരധീരം പൊരുതിയതും തുർക്കിയിലെ അനാഥർക്കും നിരാശ്രയർക്കും സഹായമെത്തിച്ചതും ഫലസ്തീനിൽ ബ്രിട്ടീഷ്-യഹൂദ കൂട്ടുകെട്ട് അക്ര മത്തിലേക്ക് നീങ്ങിയപ്പോൾ മുസ്‌ലിംകളെ സഹായിച്ചതും പോക്കർസാ ഹിബ് മനസ്സിലാക്കി. ലോക മുസ്‌ലിംകളെ ഫലസ്തീൻ കാര്യത്തിൽ ഉണർത്തിവിട്ടതും മൊറോക്കോവിൽ ഫ്രഞ്ച് അക്രമങ്ങളെ അപലപി ച്ചതും കൂടിയായപ്പോൾ ആ ശബ്ദം ഏറ്റെടുക്കുന്നതിൽ പോക്കർസാ ഹിബ് അഭിമാനിച്ചു. ഇന്ത്യ സ്വതന്ത്രയായതു കാണാൻ മൗലാനാ ഇല്ലാ തെപോയതിൽ ഏറ്റവും ദുഃഖിച്ച നേതാവായിരുന്നു പോക്കർ സാഹിബ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മൗലാനാ മുഹമ്മദലി വഹിച്ചിട്ടുള്ള പങ്കിനെ ആർക്കും നിഷേധിക്കാനാവില്ലെന്ന് പോക്കർസാഹിബ് ആവർത്തിച്ചു പറഞ്ഞു. ഹിന്ദു-മുസ്‌ലിം മൈത്രി കണ്ട് കണ്ണുമഞ്ഞളിച്ച വെള്ളക്കാരുടെ ഏജന്റുമാർക്ക് പോക്കർ സാഹിബ് പേടി സ്വപ്നമായി മാറുകയായിരുന്നു. അതുകൊണ്ടു തന്നെ മലബാർ ലഹളക്കാലത്ത് അതിനീചമായി പകരം വീട്ടാൻ ബ്രിട്ടീഷ് ഏജന്റുമാർ ശ്രമിച്ചു. ലഹള യുടെ ദുരനുഭവം നിമിത്തം മലബാറിൽ നിരാലംബരും നിസ്സഹായരു മായ ഒരു വലിയ വിഭാഗം മുസ്‌ലിംകളെ മരണവക്രത്തിലാക്കി പീഡി പ്പിച്ചത് പോക്കർ സാഹിബിന് ഒട്ടും സഹിച്ചില്ല. കിരാതനടപടികൾക്ക് വിധേയരായ സ്ത്രീകളും കുട്ടികളും തനിച്ചല്ലെന്നും മുഹമ്മദ് ശെറൂൽ സാഹിബിനെ പോലുള്ള പ്രഗത്ഭമതികളുടെ ഇടപെടൽ കനത്ത തിരിച്ച ടിക്ക് കളമൊരുക്കുമെന്നും പ്രഖ്യാപിച്ചു കൊണ്ടായിരുന്നു പോക്കർ സാഹിബ് മുന്നേറ്റം തുടർന്നത്.

mappilaheritagelibrary.com

12
അല്പം ലജ്നത്ത് നഗർ വിശേഷം

1958- ഏപ്രിൽ 26, 27 തീയതികളിൽ ആലപ്പുഴയിൽ ചേർന്ന കേരളാ സ്റ്റേറ്റ് മുസ്ലിം ലീഗ് സമ്മേളനം കേരള മുസ്ലിംകളുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാക്കി മാറ്റിയത് പോക്കർ സാഹിബായിരുന്നു. കേരളത്തിലെ സുസംഘടിതരായ മുസ്ലിം ജനവിഭാഗത്തിന്റെ ആശയാഭിലാഷങ്ങൾക്കുള്ള രൂപവും അവരുടെ ഭാവി ശോഭനമാക്കാനുള്ള പരിപാടിയും ആവിഷ്ക്കരിക്കാൻ മുൻകയ്യെടുത്തത് പോക്കർ സാഹിബായിരുന്നു.

ആലപ്പുഴയിൽ ലീഗ് സമ്മേളനം ഉത്സവപ്രതീതി സൃഷ്ടിച്ചു. സമ്മേളനത്തിന്റെ ആദ്യദിവസം അതിരാവിലെത്തന്നെ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനം ലജ്നത്ത് നഗറിലേക്ക് പ്രവഹിച്ചു- മലബാർ ഭാഗത്തു നിന്ന് സ്പെഷ്യൽ ബസ്സുകളും ബോട്ടുകളും ഏർപ്പെടുത്തിയിരുന്നു. ഖാഇദെമില്ലത്തും ബാഫഖിതങ്ങളും പോക്കർ സാഹിബും സി.എച്ചും എത്തിച്ചേർന്നതോടെ ലജ്നത്ത് നഗർ ഇളകിമറിഞ്ഞു. അന്നേ ദിവസം എറണാകുളത്തുണ്ടായിരുന്ന പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് സഞ്ചരിക്കാനായി കാവൽ നിന്ന പോലീസുകാർക്ക് കൗതുകമായത് പച്ചപ്പതാക പറപ്പിച്ചുപോകുന്ന ലീഗ് നേതാക്കളുടെ കാറുകളായിരുന്നു.

ആലപ്പുഴ നഗരത്തിന്റെ സുപ്രധാന കേന്ദ്രമായ ലജ്നത്ത് നഗറിലെ പ്രവേശന കവാടം കടന്ന് കമനീയമായി തുണികൊണ്ടുണ്ടാക്കിയ പന്തലിൽ നേതാക്കൾ എത്തിയതോടെ നിലക്കാത്ത തക്ബീർ മുഴങ്ങി. ഏപ്രിൽ 26ന് പകൽ പതിനൊന്നുമണിക്ക് ബി.പോക്കർ സാഹിബ് (എം.പി) പതാക ഉയർത്താൻ സന്നിഹിതനായപ്പോൾ വളണ്ടിയർമാർ നിരന്നു. പോക്കർ സാഹിബിന്റെ തൊട്ടടുത്ത് സയ്യിദ് ഉമർ ബാഫഖി തങ്ങളും നാട്ടിക പി.കെ. അബ്ദുൾ മജീദും പി.ടി.അവറാൻ കോയയും പി.പി.ആലിക്കോയയും അണിനിരന്ന് വഴിയൊരുക്കി. പതാക ഉയർത്തിക്കൊണ്ട് പോക്കർ സാഹിബ് ചെയ്ത പ്രസംഗം കാര്യമാത്ര പ്രസക്തവും അക്ഷരാർത്ഥത്തിൽ പ്രൗഢഗംഭീരവുമായിരുന്നു.

ഹരിതപതാകയുടെ പാരമ്പര്യവും മഹത്വവുമാണ് ആദ്യം വിവരിച്ച

mappilaheritagelibrary.com

ത്. പച്ചക്കൊടിയുടെ കീഴിലണിനിരന്നവർ ഇന്നേവരെ വല്ല രാജദ്രോഹ പ്രവർത്തനവും നടത്തിയിട്ടുണ്ടോ എന്നദ്ദേഹം വെല്ലുവിളിച്ചു. അങ്ങനെ വല്ലതും ലീഗിന്റെ ഭാഗത്തു നിന്നുണ്ടായെങ്കിൽ തെളിയിക്കാൻ വീണ്ടും അദ്ദേഹം പ്രതിയോഗികളോടാവശ്യപ്പെട്ടു.

1919-ൽ മോണ്ടേഗു പ്രഭുവിന്റെ മുമ്പിൽ മുസ്‌ലിംകൾക്ക് പ്രത്യേക നിയോജക മണ്ഡലം അനുവദിക്കണമെന്ന നിവേദനവുമായി ചെന്ന കഥ അയവിറക്കിക്കൊണ്ട് അഖിലേന്ത്യാ രാഷ്ട്രീയത്തിലേക്ക് കടന്നുവന്ന രംഗം അദ്ദേഹം വിവരിച്ചു. ഖിലാഫത്ത് പ്രസ്ഥാനം, മാപ്പിള ലഹള, അമിലിയറേഷൻ കമ്മിറ്റി തുടങ്ങി തന്റെ ഓർമ്മയിൽ പെട്ടതെല്ലാം അദ്ദേഹം വിവരിച്ചു. സൗത്ത് ഇന്ത്യാ മുസ്‌ലിം എജ്യുക്കേഷനൽ സൊസൈറ്റി മുതൽ കേരള മുസ്‌ലിം എജ്യുക്കേഷനൽ അസോസിയേഷൻ വരെ സ്ഥാപിച്ചു കൊണ്ട് മുസ്‌ലിം വിദ്യാഭ്യാസ പ്രസ്ഥാനത്തിന് ആധാരശിലയൊരുക്കിയതിനെ അദ്ദേഹം വിവരിച്ചു. പോക്കർ സാഹിബിന്റെ പുഞ്ചിരി തൂകുന്ന മുഖം പിന്നെ കണ്ടത് പ്രതിനിധി സമ്മേളനം നടന്ന ക്രിസ്ത്യൻ ഹൈസ്കൂളിലാണ്.

ഫാറൂഖ് കോളേജിലെ ഇസ്ലാമിക ചരിത്ര വിഭാഗം അധ്യാപകനും ആലപ്പുഴ സ്വദേശിയുമായ പ്രൊഫസർ എം.എ.ശുക്കൂർ എം.എ.എൽ. എൽ.ബിയുമായി വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് പോക്കർ സാഹിബ് ഏറെ സംസാരിച്ചത് അന്നാണ്. കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഒന്നേകാൽ മണിക്കൂർ നീണ്ടുനിന്ന പ്രസംഗത്തിന്റെ സിംഹഭാഗവും പോക്കർ സാഹിബിന്റെ പോയന്റായിരുന്നു. തലശ്ശേരിയിലെ ചന്ദ്രിക ലേഖകൻ സി.എച്ച്. മൊയ്തുവിനെക്കൊണ്ട് ഉർദു ഗാനം ചൊല്ലിച്ചതും കോട്ടയം താലൂക്ക് ലീഗ് കമ്മിറ്റി വക സമ്മാനിച്ച വിശറി വാങ്ങി ഖാഇദമില്ലത്തിന് കൊടുത്തതും പോക്കർ സാഹിബായിരുന്നു.

കേരള സ്റ്റേറ്റ് പി.എസ്.പി ചെയർമാൻ പട്ടം താണുപിള്ളയും ഡോ. കെ.ബി.മേനോനും സമ്മേളനത്തിൽ പോക്കർ സാഹിബിന്റെ പ്രസംഗം പ്രധാനമന്ത്രി കേരളത്തിലുള്ളപ്പോൾ നടത്തിയത് ഏറെ ഉചിതമായെന്നും വിമർശകർക്ക് ചുട്ട മറുപടിയാണ് പ്രസംഗത്തിലുള്ളതെന്നും പറഞ്ഞത് അന്ന് കെ.ബി.മോനോന്റെ ഇംഗ്ലീഷ്പ്രസംഗം മലയാളത്തിൽ ഭാഷാന്തരം ചെയ്ത പി.എം.അബൂബക്കർ അനുസ്മരിച്ചത് ഓർക്കുന്നു.

വിശുദ്ധ ഖുർആന്റെ വെളിച്ചവും തെളിച്ചവും സമുദായ ഹൃദയങ്ങളിൽ സൃഷ്ടിക്കാൻ ശ്രമിച്ച ആദർശശാലിയായ പണ്ഡിതനാണ് പോക്കർ സാഹിബെന്ന് ഇ.എസ്.എം.ഹനീഫ ഹാജി എടുത്തു പറഞ്ഞിരുന്നു. ഇസ്ലാമിക നവോത്ഥാന ചിന്തകളുടെ തീജ്വാലകൾ വഹിച്ച ആദർശശാലിയായിരുന്നു പോക്കർ സാഹിബ്.

mappilaheritagelibrary.com

13
മാതൃകാപരമായ വ്യക്തിജീവിതം

ധാർമ്മിക മൂല്യങ്ങളെ മാനിക്കുവാനും ഉൽകൃഷ്ട ആദർശങ്ങൾ പുലർത്താനും സർവ്വോപരി മാനവ സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനും വേണ്ടിയാണ് മതം നിലക്കൊള്ളുന്നത് എന്ന് പ്രസംഗിക്കുക മാത്രമല്ല ജീവിതത്തിലുടനീളം പ്രവർത്തിച്ചു കാണിച്ച മാതൃകാപുരുഷനായിരുന്നു പോക്കർ സാഹിബ്.

മുസ്‌ലിമിനെ അമുസ്ലിമിൽ നിന്നു വേർതിരിക്കുന്ന പ്രഥമ പ്രധാനമായ ചിഹ്നം അഞ്ചു നേരത്തെ നിസ്ക്കാരമാണെന്ന് അദ്ദേഹം പറയുമായിരുന്നു. നിസ്ക്കാരം നിർവ്വഹിക്കുന്ന കാര്യത്തിൽ നിഷ്ഠയും ഔത്സുക്യവും ജാഗ്രതയും പ്രാമുഖ്യവും കാണിക്കുന്നവർ വിശ്വാസത്തിന്റെ ദൃഢതയേയും ഹൃദയത്തിന്റെ സ്ഫുടതയേയുമാണ് വെളിപ്പെടുത്തുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു.

ഒരിക്കൽ ഒരു വിദ്യാർത്ഥി കൺവെൻഷനിൽ പോക്കർ സാഹിബ് നാടൻ ഭാഷയിൽ ചെയ്ത പ്രസംഗം മുൻ സംസ്ഥാന മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിയും പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായിരുന്ന അഡ്വ: ടി.എം.സാവാൻ കുട്ടിസാഹിബ് അനുസ്മരിക്കുകയുണ്ടായി.

'സൽകർമ്മത്തിന്റെ അടിസ്ഥാനമാണ് നിസ്ക്കാരം. നിസ്ക്കാരത്തിൽ വ്യാപൃതനാവുമ്പോഴാണ് സൽകർമ്മങ്ങൾക്ക് മൂല്യം കൂടുന്നത്. മണ്ണും വിത്തും വളവും കാലാവസ്ഥയും എല്ലാം ശിഫത്തൊത്തതായാൽ മാത്രമെ ഫലം സിദ്ധിക്കുകയുള്ളൂ. വിത്തുകൾ ഏതുമണ്ണിലും പൊടിച്ചു വളരും. കായുണ്ടായെന്നും വരും. പക്ഷേ ഫലത്തിന് ഗുണം കുറയും.

അഞ്ചു നേരത്തെ നിസ്ക്കാരം നിർവ്വഹിച്ചു കൊള്ളാമെന്ന് അല്ലാഹുവിനോട് വാക്ക് കൊടുത്തവനാണ് മുസൽമാൻ. യുദ്ധക്കളത്തിലായാലും രോഗശയ്യയിലായാലും വാക്കു പാലിക്കുന്നവനാണ് മുസൽമാൻ.

നിസ്ക്കരിക്കാത്തവൻ വാഗ്ദത്ത ലംഘകനാണ്. ഉദാരശീലനായ റബ്ബിനോട് വാഗ്ദത്തലംഘനം നടത്തിയവനെ വിശ്വാസിയൊന്ന് വിശേഷിപ്പിക്കാനാവില്ല.

നാട്ടിലുള്ള പാവങ്ങളുടെ താപാഗ്നി കെടുത്തുവാൻ പോക്കർ സാഹിബ് നിർല്ലോഭം ഒഴിച്ചു കൊടുത്ത സഹായത്തിന്റെ ജലധാരകളിൽ

mappilaheritagelibrary.com

ഇസ്‌ലാമികാവേശത്തിന്റെ സുന്ദരമായ കുളുർമ്മ കലർന്നിരുന്നു.

കാലത്തിന്റെ ഗതിമാറ്റി വിട്ടവരും ചരിത്രത്തിന്റെ വഴിത്താരയിൽ പുതിയ നാഴികക്കല്ലുകൾ നാട്ടിയവരുമാണ് മുസ്‌ലിംകൾ. കാലത്തിന്റെ കുത്തൊഴുക്കിൽ കടപുഴകി വീഴുന്നവരും ചരിത്രത്തിന്റെ ചവറ്റു കൊട്ടയിൽ എറിയപ്പെട്ടവരുമായി ആധുനിക മുസ്‌ലിംകൾ മാറുന്നത് ദൗർഭാഗ്യകരമായ ദുരവസ്ഥയാണെന്ന് അദ്ദേഹം മനസ്സിലാക്കി.

നഷ്ടപ്പെട്ട ഐക്യത്തിന്റെ ആത്മാവും ആത്മവിശ്വാസത്തിന്റെ ചൈതന്യവും വീണ്ടെടുക്കാൻ കഴിഞ്ഞാൽ വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹം പഠിപ്പിക്കുകയും ചെയ്തു. ഹസ്രത്ത് ഇബ്രാഹിമിന്റെ അചഞ്ചലമായ ആത്മവിശ്വാസമുണ്ടെങ്കിൽ നംറൂദിന്റെ അഗ്നികുണ്ഠത്തിലും ശാന്തിയുടെ പൂക്കൾ വിടരുമെന്ന് തലമുറയോട് അദ്ദേഹം വിളിച്ചു പറഞ്ഞു. മൂസാനബിയുടെ അടിപതറാത്ത ആദർശ ധീരതയുണ്ടെങ്കിൽ ഫിർഔന്റെ കൊട്ടാരത്തിലും തൗഹീദിന്റെ സിംഹഗർജ്ജനം മുഴങ്ങുമെന്നതിൽ സംശയമില്ല.

നിഷ്ക്രിയത്വത്തിന്റെ മൂടൽ മഞ്ഞുരുകി നീങ്ങി നഷ്ടപ്പെട്ട പ്രതാപത്തിന്റെ പ്രോജ്ജ്വലമായ പ്രഭാതം കാലത്തിന്റെ ചക്രവാളത്തിലിനിയും പ്രകാശം പരത്തുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അടങ്ങാത്ത നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് നീങ്ങാൻ ഇത് സമുദായത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മുന്നിട്ട കാലഘട്ടങ്ങളുടെ അനിവാര്യമായ വഴിത്തിരിവുകൾ ഏതു ജനതയുടേയും ചരിത്രവും സംസ്കാരവും സമന്വയിപ്പിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. മുമ്പേ നടന്നു നീങ്ങിയവർ വിട്ടേച്ചുപോയ പാദമുദ്രകൾ, നഷ്ടപ്പെട്ട സംഭവപരമ്പരകളിൽ പതിഞ്ഞു കിടക്കുന്നു. പിറകെ വരുന്നവർക്ക് ലഭ്യമായ പാരമ്പര്യ ശൃംഖലകളിൽ പുതിയ കണ്ണികൾ വിളക്കിച്ചേർക്കാനുള്ള ഉൾവിളിയായി ആ പൈതൃകത്തെ അദ്ദേഹം പരിചയപ്പെടുത്തി. ഇസ്ലാം മതത്തെപോലെ സാമൂഹ്യജീവിതത്തിന്റെ അടിത്തറയാവാൻ കഴിയുന്ന ജീവിത ഗന്ധിയായ ഒരു സാമൂഹിക ദർശനത്തെ അവതരിപ്പിക്കാൻ മറ്റേത് മതത്തിനാണ് കഴിഞ്ഞതെന്ന് അദ്ദേഹം ചോദിച്ചു. സാമൂഹ്യജീവിതത്തിൽ ജനാധിപത്യപരമായ സിദ്ധാന്തവുമായി വന്നു എന്നതാണ് ഇസ്‌ലാമിന്റെ ചരിത്രപരമായ പ്രാധാന്യമെന്ന് ഒരിയ്ക്കൽ എം.എസ്.എഫ് പ്രവർത്തകരുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം വിവരിച്ചതോർക്കുന്നു.

ഒരായിരം പ്രസംഗങ്ങളേക്കാൾ ഫലപ്രദം ഒരിത്തിരി പ്രവർത്തനമാണെന്നും അദ്ദേഹം എപ്പോഴും പറയുമായിരുന്നു. ഈ അടിസ്ഥാനത്തിൽ പോക്കർ സാഹിബിന്റെ ജീവിതം തന്നെയായിരുന്നു ഏറ്റവും വലിയ ദൃഷ്ടാന്തം. നിഷ്ക്കളങ്കതയുടെ നിറദീപവുമേന്തി നിസ്വാർത്ഥ സേവനത്തിന്റെ പൗർണ്ണമി പരത്തി പ്രകാശത്തിന്റെ പ്രഭാഗോപുരമായി ഉയർന്നു നിന്ന മഹാനായ കർമ്മയോഗിയായിരുന്നു പോക്കർ സാഹിബ്. ചുറ്റും വിശുദ്ധിയുടെ സുഗന്ധം പ്രസരിച്ചു നിന്ന വ്യക്തിത്വം.

mappilaheritagelibrary.com

14
ഇടപെടലിന്റെ രജതരേഖ

തന്റെ ഹൈക്കോടതിയിലെ വക്കീൽപണി മാസങ്ങളോളം നിർത്തി വെച്ചുകൊണ്ട് ലഹള ബാധിത പ്രദേശങ്ങളിൽ പോക്കർ സാഹിബ് നടത്തിയ പര്യടനം നിസ്വാർത്ഥവും നിഷ്കളങ്കവും സാഹസികവുമായ കഠിനയത്നത്തിന്റെ ചരിത്രമായി മാറി. മാപ്പിളയാണെന്ന് പറയുവാൻ പോലും ഭയപ്പെട്ടിരുന്ന കാലമായിരുന്നു അത്. ഗതാഗത സൗകര്യം ദുർലഭം. വാഹനങ്ങളും കിട്ടാനില്ല. ഉള്ള വാഹനങ്ങൾ ലഹളക്കാരും പട്ടാളക്കാരും കേടു വരുത്തിക്കഴിഞ്ഞിരുന്നു. കല്ലും മുള്ളും നിറഞ്ഞതായിരുന്നു വഴികൾ! വീടുകളാണെങ്കിൽ വയലിലും കുന്നുകളിലും– ഓരോ വീഥിയിലും കയറിയിറങ്ങി റിലീഫ് പ്രവർത്തനം നടത്താനുള്ള വിഷമം പറഞ്ഞറിയിക്കാനാവാത്ത വിധം കഠിനമായിരുന്നു.

കേസ്സിൽ പെടുത്താതിരിക്കാൻ ചില പോലീസുകാരോ ഗുമസ്ഥന്മാരോ കനത്ത സംഖ്യ കൈക്കൂലി വാങ്ങുന്നതായി പോക്കർ സാഹിബിന്റെ ശ്രദ്ധയിൽ പെട്ടു. അത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ഗവർമ്മെണ്ടിലേക്ക് അദ്ദേഹം റിപ്പോർട്ടുകൾ അയച്ചു. ലഹള പ്രദേശങ്ങളിലേക്കുള്ള യാത്ര പോക്കർ സാഹിബ് തിരൂരങ്ങാടിയിലെ എട്ടുവീട്ടിൽ കോയക്കുട്ടിയുടെ വസതിയിൽ നിന്നാണ് ആരംഭിച്ചത്. പോക്കർ സാഹിബിന്റെ കൂടെ ശെറൂൽ സാഹിബും ജാക്കോബും ഉണ്ടായിരുന്നു.

ദുരിതാശ്വാസ സംഘത്തിലെ 'ത്രിമൂർത്തികളെ' പത്രപ്രവർത്തകൻ എം.ആലിക്കുഞ്ഞി വർണ്ണിക്കുന്നു: മാപ്പിളത്തൊപ്പിയും കോട്ടും ധരിച്ച പോക്കർ സാഹിബ്, ഖദർ ജുബ്ബയും ഗാന്ധിത്തൊപ്പിയും ധരിച്ച ശെറൂൽ സാഹിബ്, മുറിയൻ ട്രൗസറും പാന്റുമിട്ട ജാക്കോബും അവരുടെ കൂടെ കോമുക്കുട്ടിയും ഇറങ്ങി.

നാലംഗ സംഘം തിരൂരങ്ങാടി അംശത്തിലെ വീടുകളിലേക്ക് നീങ്ങിയപ്പോൾ സ്ത്രീകളും കുട്ടികളും നിലവിളിച്ചോടി വാതിലടച്ചു. വിഭിന്ന വേഷത്തിൽ വീട്ടുമുറ്റത്ത് നിന്നവർ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി. വീട്ടുകാരുടെ ഭീതി അകറ്റി. റിലീഫ് ഡിപ്പോകൾ തുറന്ന് പ്രവർത്തിപ്പിച്ചു. എന്നിട്ടും റിലീഫ് സംഘത്തിന്റെ യാതനക്ക് അറുതി വന്നില്ല.

mappilaheritagelibrary.com

പത്തും ഇരുപതും നാഴിക നടന്ന് വിശന്ന് പൊരിഞ്ഞ് ഒടുവിൽ രാത്രി സ്വയം ചോറുണ്ടാക്കി തിന്ന് എവിടെയെങ്കിലും ഉറങ്ങാനുള്ള പരീക്ഷണത്തിലായിരുന്നു സംഘം.

റിലീഫ് കേന്ദ്രങ്ങളുടെ വിജയകരമായ പ്രവർത്തനത്തിനു പിന്നിൽ കയ്പേറിയ അനുഭവങ്ങളായിരുന്നു. നിഷ്കാമ കർമ്മം കൊണ്ട് നിത്യ വിസ്മയം സൃഷ്ടിച്ച മനുഷ്യസ്നേഹികളിൽ മഹാനായ കർമ്മയോഗിയായി പോക്കർ സാഹിബ് തെളിഞ്ഞു നിന്നു.

മലബാറിൽ മുസ്ലിം കൾക്ക് ഒരു പത്രം വേണമെന്ന ചിന്ത ഉദിക്കുന്നത് ഇക്കാലത്താണ്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് അൽ അമീനുമായി രംഗത്തുവന്നപ്പോൾ അതിന്റെ നിയമോപദേഷ്ടാവായി പോക്കർ സാഹിബ് നിയമിതനായി. ഇതും മറ്റൊരു സാഹസമായിരുന്നു. ദേശീയ രാഷ്ട്രീയത്തിൽ അബ്ദുറഹിമാൻ സാഹിബ് പ്രകടിപ്പിച്ച ത്യാഗമനോഭാവത്തിൽ നിന്ന് പോക്കർ സാഹിബിന്റെ മനോഭാവം അല്പം പോലും വില കുറഞ്ഞതായില്ല.

രണ്ടു പേരുടേതും സമാനമായ രാഷ്ട്രീയ ത്യാഗമായിരുന്ന അൽ അമീൻ മാനവികതയുടെ വികാസഘട്ടത്തിലെ ചാലകശക്തിയായിട്ടാണ് പോക്കർ സാഹിബ് പരിഗണിച്ചത്. കാലപ്രവാഹത്തിൽ പോലും മാഞ്ഞു പോകാതെ അദ്ദേഹത്തിന്റെ ആശയങ്ങൾ അത്ഭുതകരമായി നിലകൊള്ളുന്നു. ധീരവും എന്നാൽ ലളിതശുഭ്രവുമായ ഒരു പൊതുജീവിതമാതൃകയാണദ്ദേഹം തലമുറകൾക്ക് സംഭാവന നൽകിയത്. രാഷ്ട്രീയത്തിന് നേതൃത്വം നൽകുന്നവർ മത-ധാർമ്മികതയുടെ മേഖലകൾ വിസ്മരിക്കരുതെന്ന് ആ ജീവിതം പഠിപ്പിക്കുന്നു.

mappilaheritagelibrary.com

15
സഫലമായ ജീവിതയാത്ര

പ്രതാപഐശ്വര്യങ്ങൾ കൊടികുത്തിവാണ കുടുംബത്തിൽ പെറ്റു വീണ പോക്കർ സാഹിബ് മലബാറിലെ വിദ്യാഭ്യാസചരിത്രത്തിൽ ഗതി മാറ്റമുണ്ടാക്കിയതുപോലെ എക്കാലവും ഓർക്കപ്പെടുന്ന വിദ്യാഭ്യാസ സംഘടനകൾക്കും വിത്തിട്ടു- അനന്യ സാധാരണമായ നയതന്ത്ര വൈഭവത്തോടെയാണ് അദ്ദേഹം കരുക്കൾ നീക്കിയത്.

സൗത്ത് ഇന്ത്യൻ മുഹമ്മദൻ എഡ്യുക്കേഷണൽ അസോസിയേഷൻ ഉപാദ്ധ്യക്ഷനായി അദ്ദേഹം സജീവമായി പ്രവർത്തിച്ചു. പ്രഗത്ഭനായ സംഘാടകൻ എന്ന സൽകീർത്തി എളുപ്പത്തിൽ അദ്ദേഹം നേടിയെടുക്കുകയും ചെയ്തു.

മദിരാശി മലബാർ മുസ്ലിം അസോസിയേഷന്റെ പേട്രൺ ആയപ്പോൾ പല ചരിത്രമുഹൂർത്തങ്ങൾക്കും അദ്ദേഹം സാക്ഷ്യം വഹിച്ചു. മൺമറഞ്ഞുപോയ മഹാരഥന്മാരുടെ ജീവിതത്തിലെ പല ഏടുകളും തലമുറക്ക് അദ്ദേഹം പകർന്നു നൽകി. ധന്യമായ ആദർശജീവിതം നയിച്ച് നമ്മിൽ നിന്ന് എന്നന്നേക്കുമായി വിട്ടുപോയവർക്ക് പകരം ത്യാഗത്തിന്റെയും സേവനത്തിന്റെയും പ്രതീകങ്ങളായ വ്യക്തിത്വങ്ങളെ സൃഷ്ടിക്കാൻ അദ്ദേഹം പാടുപെട്ടു. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ വർക്കിംഗ് കമ്മിറ്റി മെമ്പറായിരുന്നപ്പോഴും മദിരാശി പ്രസിഡൻസി മുസ്ലിംലീഗ് വൈസ് പ്രസിഡണ്ടായിരുന്നപ്പോഴും രാഷ്ട്രീയരംഗത്തും ലൗകികവിദ്യാഭ്യാസരംഗത്തും അദ്ദേഹം അർപ്പിച്ച നിസ്വാർത്ഥ സേവനം എന്നും ഓർമ്മിക്കപ്പെട്ടു.

ഇന്ത്യയിലെ മുസ്ലിം ജീവിതം സ്വാതന്ത്ര്യത്തിന്റെ ചോരപ്പാടുകളിൽ പകച്ചുനിന്ന കാലത്ത് കരുത്ത് വീണ്ടെടുത്തത് പോക്കർ സാഹിബിനെ പോലുള്ളവരുടെ ചങ്കൂറ്റമായിരുന്നു. പ്രതികൂലാവസ്ഥകളെ നേരിടുക എന്ന ഭാരിച്ച ചുമതലയായിരുന്നു എന്നും പോക്കർ സാഹിബിന്റെ ചുമലിൽ- ഈ ഭാരം ലഘൂകരിക്കാൻ പ്രശംസനീയമായ സേവനങ്ങളാണദ്ദേഹമർപ്പിച്ചത്.

നേതാക്കൾ ദന്തഗോപുരവാസികളാവുന്നതിനെ അദ്ദേഹം എതിർത്തു. ജനങ്ങളെ നന്മയിലേക്കു നയിക്കാൻ കർമ്മ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം തെളിയിച്ചു. കാലത്തിന്റെ

mappilaheritagelibrary.com

കാലടിപ്പാടുകളിലൂടെ നടന്നു നോക്കുമ്പോൾ എന്തു കൊണ്ടും അഭിമാനാർഹമായ ചരിത്രപാരമ്പര്യവും സാംസ്കാരിക പൈതൃകവുമാണ് ആ മഹാൻ കെട്ടിപ്പടുത്ത പ്രസ്ഥാനത്തിനുള്ളതെന്ന് കണ്ടെത്താനാവും.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സിരാകേന്ദ്രമായിരുന്ന തിരൂരങ്ങാടിയിൽ മലബാർ ജില്ലാ മുസ്ലിംലീഗിന് വേരോട്ടമുണ്ടാക്കിയത് കെ.എം. മൗലവി തുടങ്ങി എം.കെ.ഹാജി വരെയുള്ളവരാണ്. എം.കെ.ഹാജിയും ബി.പോക്കർ സാഹിബും തമ്മിലുള്ള ബന്ധം വൈദേശിക മേധാവിത്വത്തിനെതിരെ സന്ധിയില്ലാ സമരത്തിന് നേതൃത്വം നൽകിയ മണ്ണിനെ അനുഗൃഹീതമാക്കി.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ അനാഥാലയമായി മാറിയ തിരൂരങ്ങാടി യത്തീംഖാനക്ക് തുടക്കമിട്ട എം.കെ.ഹാജിയോടൊപ്പം പോക്കർ സാഹിബ് കഠിനാദ്ധ്വാനം ചെയ്തു. ബി.പോക്കർ സാഹിബിന്റെ പേരിൽ ആർട്സ് ആന്റ് സയൻസ് കോളേജ് പണിതുയർത്തിയാണ് എം.കെ. ഹാജി വിട പറഞ്ഞത്.

നന്മയുടെ വിളക്കുമാടമായി തലയുയർത്തി നിൽക്കുന്ന അനേകം സ്ഥാപനങ്ങൾ ഇന്ന് തിരൂരങ്ങാടിയിലുണ്ട്. ബാഫഖി തങ്ങൾ ശിലാസ്ഥാപനം നിർവ്വഹിച്ച ജുമാമസ്ജിദ്, സീതിസാഹിബിന്റെ നാമധേയത്തിലുള്ള ടീച്ചേഴ്സ് ട്രൈനിംഗ് സ്കൂൾ, കെ.എം.മൗലവി സാഹിബിന്റെ സ്മരണാർത്ഥമുള്ള അറബിക് കോളേജ് എം.കെ.ഹാജി ആശുപത്രി എന്നിങ്ങനെ പലതും.

എം.കെ.ഹാജി അനുസ്മരണ പ്രഭാഷണത്തിന് ഞാൻ പോക്കർ സാഹിബ് സ്മാരക കോളേജിലെത്തിയപ്പോൾ കണ്ണാടിക്കൂട്ടിൽ ഒരു വിദ്യാർത്ഥി വരച്ച പോക്കർ സാഹിബിന്റെ ചിത്രം ശ്രദ്ധയിൽ പെട്ടു. ചിത്രം വരച്ച വിദ്യാർത്ഥിയെ വിളിപ്പിച്ചപ്പോൾ യത്തീംഖാനയുടെ അന്തേവാസികളിൽ പ്രമുഖനായിരുന്ന കെ.പി.രാമൻ മാസ്റ്ററുടെ നാട്ടുകാരനായ ഒരു ബാലനാണ് എന്റെ മുമ്പിലെത്തിയത്.

ഒരു പുസ്തകം സമ്മാനമായി നൽകി കുട്ടിയോട് ഞാൻ ചോദിച്ചു: "എന്തിനാണ് പോക്കർ സാഹിബിന്റെ ചിത്രം വരച്ചത്?"

എം.കെ.ഹാജി എന്ന വലിയ മനുഷ്യന്റെ മനസ്സിൽ ഇടം നേടിയ പോക്കർ സാഹിബ് മഹാനായിരുന്നു എന്ന് മനസ്സിലായത് അദ്ദേഹത്തിന്റെ നാമധേയത്തിൽ കോളേജ് തുടങ്ങിയതിനാലാണ്. ചരിത്രവഴികളിൽ ഏറെ കാര്യങ്ങൾ അവശേഷിപ്പിച്ചു കടന്നു പോയൊരു മഹാന്റെ ചിത്രം വരയ്ക്കുന്നതു തന്നെ പുണ്യമാണെന്നായിരുന്നു കുട്ടിയുടെ മറുപടി.

മുസ്ലിംലീഗിന്റെ സമുന്നത നേതാവും രാജ്യസഭാംഗവുമായിരുന്ന ബി.വി.അബ്ദുല്ലക്കോയാ സാഹിബിന്റെ പുത്രൻ പ്രശസ്ത പത്രപ്രവർത്തകനായ കെ.അബൂബക്കർ പോക്കർ സാഹിബിന്റെ അരനൂറ്റാണ്ട് കാലത്തെ പൊതുജീവിതത്തെ സംഭവബഹുലമാണെന്ന വിശേഷണ

mappilaheritagelibrary.com

ത്തോടെ അപസർപ്പക കഥ പോലെ ചുരുളഴിക്കുകയുണ്ടായി.

1965-ൽ 75-ാം വയസ്സിൽ പോക്കർ സാഹിബ് ചരിത്രത്തിന്റെ ഭാഗമായപ്പോൾ മാപ്പിള സമുദായത്തിൽ നിന്ന് അഭിഭാഷകനായ ആദ്യത്തെ ആളാണ് നഷ്ടപ്പെട്ടതെന്ന് അബൂബക്കർ സാഹിബ് എഴുതി. ഹൈക്കോടതി ജഡ്ജി പദത്തിന് പോലും പരിഗണിക്കപ്പെട്ട പോക്കർ സാഹിബ് സ്ഥാനമാനങ്ങൾക്കപ്പുറത്ത് ജനസേവനം മാത്രമാണ് ലക്ഷ്യമാക്കിയത്. പൊതുജനസമ്പർക്കമാണ് അദ്ദേഹത്തെ അതിവേഗം ഖിലാഫത്ത് പ്രസ്ഥാനത്തിലെത്തിച്ചത്. സമുദായ നവോത്ഥാനം ലക്ഷ്യമാക്കി രൂപം കൊണ്ട മുസ്ലിം ഐക്യസംഘവുമായി ബന്ധം സ്ഥാപിച്ചു. കൊച്ചി പ്രദേശത്ത് വേരുകൾ ഇറക്കിയ ഐക്യസംഘത്തിന് മലബാറിൽ ചിറകുകൾ വിടർത്താൻ സജീവമായി രംഗത്തുവന്നു. രാജ്യാന്തര പ്രസിദ്ധിയുള്ള പണ്ഡിത പ്രമുഖനായ മുഹമ്മദ് മാർമ്മഡ്യൂക്ക് പിക്താളിനെ തലശ്ശേരിയിൽ കൊണ്ടുവന്നു പ്രസംഗിപ്പിച്ചു. കൊടുങ്ങല്ലൂർ ഏറിയാട് ചന്തമൈതാനത്ത് സംഘത്തിന്റെ പത്താമത് വാർഷിക സമ്മേളനത്തിൽ കൊടുങ്ങല്ലൂർക്കാർ അദ്ധ്യക്ഷനാക്കിയത് പോക്കർ സാഹിബിനെ. 1946-ൽ മദ്രാസ് നിയമസഭയിലേക്ക് ലീഗ് സ്ഥാനാർത്ഥിയാക്കി. ലോക്സഭയിൽ ലീഗിന്റെ ഒറ്റയാൻ മെമ്പറായി. ഇന്ത്യൻ മുസ്ലിം ജനകോടികളുടെ ശബ്ദമായി.

ഇന്ത്യ റിപ്പബ്ലിക്കായതിനെ തുടർന്ന് ആദ്യമായി നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ആദ്യത്തെ മുസ്ലിംലീഗ് അംഗമായി പോക്കർ സാഹിബ് ജയിച്ചു കയറിയതിനെ പത്രലേഖകന്റെ ഭാഷയിൽ വിവരിക്കുന്നു:

'പോക്കർ സാഹിബ് 79, 470 വോട്ടു നേടിയപ്പോൾ കോൺഗ്രസ്സ് സ്ഥാനാർത്ഥി ടി.വി.ചാത്തുണ്ണി നായർ 16, 971 വോട്ടിനാണ് ത്രികോണ മത്സരത്തിൽ പരാജയപ്പെട്ടത്.

1957-ൽ മഞ്ചേരിയായി പുനർനാമകരണം ചെയ്യപ്പെട്ട ലോക്സഭാ മണ്ഡലത്തിൽ നിന്ന് ഭൂരിപക്ഷം 20 955 ആയി വർദ്ധിപ്പിച്ചു. കോൺഗ്രസ് നേതാവ് പാലാട്ട് കുഞ്ഞിക്കോയ 78, 822 വോട്ടു നേടിയിട്ടും തോറ്റുപോയി. ദേശാഭിമാനി പത്രാധിപസമിതി അംഗമായിരുന്ന കെ.പി. മുഹമ്മദ് കോയ (കമ്മ്യൂണിസ്റ്റ്) 50, 807 വോട്ടുമായി മൂന്നാംസ്ഥാനത്തേക്ക് പോയി.

1954-ൽ തിരുകൊച്ചിയിൽ ലീഗ് ശാഖകൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകാൻ മലബാർ ജില്ലാലീഗ് രൂപീകരിച്ച അഞ്ചംഗ സമിതിയിലെ ഒന്നാം മെമ്പർ പോക്കർ സാഹിബായിരുന്നു. 1956ൽ എറണാകുളത്ത് ഔപചാരികമായി കേരള സ്റ്റേറ്റ് മുസ്ലിം ലീഗ് ഉദ്ഘാടനം ചെയ്യപ്പെട്ട വേദിയിൽ പോക്കർ സാഹിബ് മർമ്മസ്ഥാനത്ത്!

അഞ്ഞൂറിലേറെ അംഗങ്ങളുള്ള ഒരു സഭയിൽ വേറിട്ട ശബ്ദം ഉയർത്താൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് പോക്കർ സാഹിബ് 75-ാം വയസ്സിൽ കണ്ണടച്ചത്.

mappilaheritagelibrary.com

16
പോക്കർ സാഹിബ് മെമ്മോറിയൽ റിലീഫ് കമ്മിറ്റി

തിക്കോടി വൈദ്യരകത്ത് കുടുംബം സമൂഹത്തിനർപ്പിച്ച സംഭാവനകൾ അദ്വിതീയങ്ങളായിരുന്നു. അക്കൂട്ടത്തിലൊന്നായിരുന്നു റാബിയയെ പോക്കർ സാഹിബിന് കെട്ടിച്ചു കൊടുത്തത്.

ഉദാരതയുടെ കളിത്തൊട്ടിലായ തിക്കോടിയിൽ രാഷ്ട്രീയം കടന്നു കയറിയപ്പോൾ സേവനം രാഷ്ട്രീയത്തിൽ ജ്വലിപ്പിച്ചു നിർത്തണമെന്ന ആശയം ഉണർവ്വോടെ നിലനിന്നു. പോക്കർ സാഹിബിന്റെ ഒടുവിലത്തെ ശ്വാസവും നിലച്ചപ്പോൾ തിക്കോടിക്കാർ നിശബ്ദരായി നിന്നില്ല. തിക്കോടി ജുമുഅത്ത് പള്ളിയിലെ ഖബറടക്കച്ചടങ്ങിൽ പങ്കെടുത്തവരെല്ലാം പോക്കർ സാഹിബ് തിക്കോടിയുടെ വരദാനമാണെന്ന് എടുത്തു പറഞ്ഞിരുന്നു. അത് കഴിഞ്ഞ് ചരമദിനങ്ങൾ മൂന്നെണ്ണം കൂടി കടന്നുപോയപ്പോൾ തിക്കോടിക്കാരനായ കെ.കുട്ട്യാലി സി.എച്ചിനെ കാണാൻ കോഴിക്കോട്ടെത്തുന്നു. പോക്കർസാഹിബിനെക്കുറിച്ച് കേട്ടപ്പോൾ അദ്ദേഹം പൊരുതി നിന്ന നാളുകളെക്കുറിച്ച് സി.എച്ച്. ഏറെ വാചാലനായി. കുട്ട്യാലിയുടെ അഭിപ്രായ പ്രകടനങ്ങൾ വില കൂടിയതായി സി.എച്ചിന് തോന്നി. പോക്കർ സാഹിബിന്റെ സ്മാരകമായി റിലീഫ് കമ്മിറ്റി രൂപം നൽകുന്നതിന് സി.എച്ച്. പച്ചക്കൊടി വീശി. കെ.കുട്ട്യാലി പ്രസിഡണ്ടായും പി.കെ.മമ്മു സെക്രട്ടറിയായും ബി.പോക്കർ സാഹിബ് മെമ്മോറിയൽ റിലീഫ് കമ്മിറ്റി തിക്കോടിയിൽ രൂപം കൊള്ളുന്നതെങ്ങിനെയാണ് ജ.വി.കെ.മൊയ്തുഹാജിയും അന്ന് ചന്ദ്രികയുടെ ചീഫ് സബ് എഡിറ്ററായ ഞാനുമായിരുന്നു കമ്മിറ്റിയുടെ രക്ഷാധികാരികൾ.

സേവന പ്രവർത്തനങ്ങൾ ഇല്ലാതെ പോവരുതെന്നും അവശതയനുഭവിക്കുന്ന അനാഥർ തിക്കോടിയിലും പയ്യോളിയിലും മേലടിയിലും ഉണ്ടാവരുതെന്നുമുള്ളവാശിയോടെയായിരുന്നു കുട്ട്യാലിയുടെ മുന്നേറ്റം. ചില സ്ഥലങ്ങളിൽ നിന്ന് സഹകരണം ഇല്ലാതിരുന്നിട്ടും പ്രസിഡണ്ട് കുട്ട്യാലി തളർന്നില്ല. സാമ്പത്തിക പ്രശ്നങ്ങളും രോഗവും പേറി നടന്നപ്പോഴും കുട്ട്യാലിക്ക് പറയാനുള്ളത് റിലീഫ് കമ്മിറ്റിയെക്കുറിച്ചായിരുന്നു. മഴ കഴിഞ്ഞാൽ മരങ്ങളിൽ മുത്തുമണികൾ ഉണ്ടാവുമെന്ന് തിക്കോടിക്കാരെ

mappilaheritagelibrary.com

പോക്കർ സാഹിബ് സ്മാരക റിലീഫ് കമ്മിറ്റിയിലൂടെ കുട്ട്യാലി പഠിപ്പിച്ചു.

ചരിത്രത്തിന്റെ നിഴലനക്കങ്ങളുള്ള തിക്കോടി ലൈറ്റ് ഹൗസിലൂടെ സേവനത്തിന്റെ ഹൃദയസ്പന്ദനങ്ങളറിയാനാവില്ലെന്ന് കുട്ട്യാലി തെളിയിച്ചു. പോക്കർ സാഹിബിന് അമ്മിഞ്ഞപ്പാലിനോടൊപ്പം പകർന്നു കിട്ടിയതാണ് സേവനരാഷ്ട്രീയമെന്ന് പറഞ്ഞു ഫലിപ്പിച്ചു കൊണ്ടു തന്നെ കുട്ട്യാലി റിലീഫ് കമ്മിറ്റിക്ക് പണമുണ്ടാക്കി. അവകാശ പോരാട്ടങ്ങളിൽ വിട്ടുവീഴ്ച കാണിക്കാത്ത പോരാളി എന്നും ചൂഷിതന്റെ പക്ഷത്ത് നിലയുറപ്പിച്ചതുപോലെ കമ്മിറ്റി പ്രസിഡണ്ട് അനിതര സാധാരണമായ സംഘടനാ പാടവത്തോടെ ലീഗണികളെ കർമ്മാത്സുകരാക്കി.

തന്റെ ചുറ്റുമുള്ള ജനതയുടെ ദൈന്യത ഏല്പിച്ച മുറിവ് റിലീഫ് കമ്മിറ്റി സെക്രട്ടറിയും ഉണക്കി. വേദനിക്കുന്നവന്റെ നോവുകൾ ആവാഹിക്കുകയും അവ ചരിത്രത്തിന്റെ സ്തംഭങ്ങളാക്കി അന്തമാനിൽ ഉയർത്തിക്കാട്ടുകയും ചെയ്ത പോക്കർ സാഹിബിന്റെ നാമം ഉദാരമതികളുടെ ശ്രദ്ധ പിടിച്ചു പറ്റി.

വർണ്ണാഭമായ ചുമരെഴുത്തുകൾ നടത്താതെ, അച്ചുകൾ തേഞ്ഞ മങ്ങിയ അക്ഷരങ്ങളിലൂടെ റിലീഫ് കമ്മിറ്റി തുക ശേഖരിച്ചു. തിരക്കുകൾക്കിടയിൽ വല്ലപ്പോഴും വീണു കിട്ടുന്ന സമയങ്ങളിൽ പോക്കർ സാഹിബ് റിലീഫ് കമ്മറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സി.എച്ച്. ആരായും.

പോക്കർ സാഹിബ് സ്മാരക റിലീഫ് കമ്മിറ്റിക്ക് ഒരിക്കലും ചികിത്സിക്കാൻ വേണ്ടി രോഗിയെ അന്വേഷിച്ചു നടക്കേണ്ടി വന്നിട്ടില്ല. മനസ്സിനെ നോവിക്കുന്ന സംഭവങ്ങളെയും കഥാപാത്രങ്ങളെയും സൃഷ്ടിക്കേണ്ടിയും വന്നിട്ടില്ല.

ചിലപ്പോൾ റിലീഫ് കമ്മിറ്റി ഭാരവാഹികൾ എത്തിച്ചേരുക അറിയാതെ വയർ വീർക്കുന്ന അനാഥ ബാലന്റെ കുടിലിലേക്കായിരിക്കും. ചിലപ്പോൾ കെട്ടുപ്രായം കഴിഞ്ഞ് പുരനിറഞ്ഞു നിൽക്കുന്ന ഇരുപതുകാരിയുടെ വീട്ടിലേക്കായിരിക്കും. പോക്കർ സാഹിബിന്റെ ജീവിതകഥയുടെ ഊർജത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടവർ സേവനരംഗത്തെ പ്രോത്സാഹിപ്പിച്ചു. റിലീഫ് കമ്മിറ്റി കടലിനക്കരെ നിന്ന് വെള്ളവും വളവും സ്വീകരിച്ചു വെളിച്ചവും വായുവും നുകരാൻ ആകാശക്കപ്പലുകളിൽ ആളുകളെത്തി. ഇന്ന് രാഷ്ട്രീയത്തിലെ അവിഭാജ്യഘടകമായിത്തീർന്ന് റിലീഫ് പ്രവർത്തനങ്ങൾക്ക് വഴിമരുന്നിട്ടത് ഇത്തരം റിലീഫ് കമ്മിറ്റികളാണ്. പോക്കർ സാഹിബ് സ്മാരക റിലീഫ് കമ്മിറ്റി ഒരു കാലഘട്ടത്തിൽ കൊയിലാണ്ടി താലൂക്കിനേയും കോഴിക്കോട് ജില്ലയേയും ആഴത്തിൽ സ്വാധീനിച്ചതാണ്. മനുഷ്യജീവിതമാണ് ഏറ്റവും ഉദാത്തമായ കലയെന്ന് സ്വജീവിതത്തിൽ കൂടി ദൃഷ്ടാന്തീകരിച്ച പോക്കർ സാഹിബിന്റെ പൊതുജീവിതവും സ്വകാര്യജീവിതവും തമ്മിൽ ഭിന്നമല്ലെന്നും രണ്ടും ഒന്നു

mappilaheritagelibrary.com

തന്നെയാണെന്നും റിലീഫ് കമ്മിറ്റിയുമായി ബന്ധപ്പെട്ട യോഗത്തിലാണ് സി.എച്ച്. വന്ന് സമർത്ഥിച്ചത്.

തത്വദീക്ഷയില്ലാത്ത രാഷ്ട്രീയത്തെ (Politics without principles) ഏറ്റവും ശക്തമായി എതിർത്ത നേതാവായിരുന്നു പോക്കർ സാഹിബ്. രാഷ്ട്രസേവനത്തിന്റെ പേരിൽ രാഷ്ട്രീയ പാർട്ടികൾ കാട്ടിക്കൂട്ടുന്ന വിക്രിയകളെ അതിശക്തമായി അദ്ദേഹം ചെറുത്തു. കക്ഷിരാഷ്ട്രീയം തീണ്ടാത്ത സേവനങ്ങൾക്ക് അദ്ദേഹം അടിവരയിടുകയും ചെയ്തു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ നാമത്തിലുള്ള കമ്മിറ്റിക്ക് കക്ഷിരാഷ്ട്രീയത്തിന്റെ വിഴുപ്പലക്കേണ്ടി വന്നതുമില്ല. കമ്മിറ്റിയുടെ രക്ഷാധികാരികളായ എനിക്കും മൊയ്തു ഹാജിക്കും കൂട്ടായ്മയിലും ഐക്യത്തിലും സഹകരണത്തിലും സ്നേഹത്തിലും പോറലേല്പിക്കേണ്ടി വന്നതുമില്ല. സമൂഹത്തിന്റെ ഒട്ടാകെയുള്ള നന്മയെ ലക്ഷീകരിച്ച പോക്കർ സാഹിബ് തിക്കോടിയിൽ ശ്മശാന ഭൂമിയിലെ ശാന്തതയല്ല ഇഷ്ടപ്പെട്ടത്. ചലനാത്മകവും ഊർജ്ജസ്വലവും കർമ്മനിരതവുമായ രാഷ്ട്രീയ ശക്തിയേയാണ്. ഓരോരുത്തർക്കും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടുമ്പോഴേ രാഷ്ട്രീയം അർത്ഥവത്തും മൂല്യവത്തുമാകൂ എന്ന സന്ദേശമാണ് റിലീഫ് കമ്മിറ്റിയിലൂടെ പുതിയതലമുറയ്ക്ക് ലഭിക്കുന്നത്.

പയ്യോളി ഇടിഞ്ഞ കടവിലെ പാവപ്പെട്ട കുട്ടി ചികിത്സ ഫലിക്കാതെ മരിച്ചപ്പോൾ ഖബറടക്കത്തിന് എന്നെ കൂട്ടിക്കൊണ്ടുപോയ റിലീഫ് കമ്മിറ്റി പ്രസിഡണ്ട് കാണുന്നവരോടൊക്കെ പറഞ്ഞത് പോക്കർ സാഹിബിന്റെ പേരിലാണ് ചന്ദ്രിക കുട്ടിയെ ദത്തെടുത്ത് ചികിത്സിച്ചത് എന്നായിരുന്നു. മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകന് മരം വീണ് മാരകമായ പരിക്കേറ്റപ്പോൾ പോക്കർ സാഹിബ് റിലീഫ് കമ്മിറ്റിയുടെ പേരിലാണ് ചന്ദ്രിക വഴി പണപ്പിരിവ് ആരംഭിച്ചത്. അന്ന് ചന്ദ്രികമാനേജിംഗ് എഡിറ്റർ ടി.പി.കുട്ട്യമ്മു സാഹിബ് വലിയ സഹകരണം നൽകിയപ്പോൾ പോക്കർ സാഹിബിന്റെ നന്മകളാൽ സമൃദ്ധമായ ജീവിതത്തെ കുട്ട്യാലിക്ക് വിവരിച്ചു കൊടുക്കുന്നത് കേൾക്കാമായിരുന്നു.

ജസ്റ്റീസ് പാർട്ടിയിൽ നിന്ന് പോക്കർ സാഹിബ് ലീഗിൽ ചേർന്ന കഥ പറഞ്ഞാണ് പല സോഷ്യലിസ്റ്റുകാരേയും റിലീഫ് കമ്മിറ്റി പ്രസിഡണ്ട് മുസ്ലിംലീഗിലേക്ക് കൊണ്ടുവന്നത്.

mappilaheritagelibrary.com

17
മുസ്‌ലിംലീഗിന്റെ സ്ഥാപകനേതാവ്

ജനയുഗം പത്രാധിപർ കാമ്പിശ്ശേരി കരുണാകരൻ അവതാരിക എഴുതി പ്രഭാത്ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച പവനന്റെ പരിചയത്തിൽ പോക്കർ സാഹിബിനെ മുസ്‌ലിംലീഗിന്റെ സ്ഥാപക നേതാവായി വിശേഷിപ്പിക്കുന്നു.

"കേരളത്തിൽ മുസ്‌ലിംലീഗിന്റെ തുടക്കം ഖിലാഫത്ത് പ്രസ്ഥാനത്തോടെയാണ് അതിന്റെ സ്ഥാപകനേതാക്കളിൽ ബി.പോക്കർ സാഹിബ്, സത്താർസേട്ടു, എ.കെ.കുഞ്ഞിമായൻ ഹാജി സാഹിബ്, കെ.എം.സീതിസാഹിബ് എന്നിവർ ഉൾപ്പെടുന്നു."

പവനൻ തുടരുന്നു:

"സുപ്രസിദ്ധമായ മലബാർ കലാപത്തെ തുടർന്ന് മാപ്പിളനാടെന്നറിയപ്പെടുന്ന ഏറനാട്ടിലെയും പരിസരപ്രദേശങ്ങളിലേയും മുസ്‌ലിംകൾ അനുഭവിച്ച നരകയാതന അവർണ്ണനീയമായിരുന്നു. അവർക്ക് പുറംലോകവുമായി ബന്ധമില്ലാതായിത്തീർന്നു. സ്വന്തം നാട്ടിൽ തന്നെ അവർ ബന്ധിതരും നിന്ദിതരും പീഡിതരുമായി. അവശത അനുഭവിക്കുന്ന ഈ സഹോദരങ്ങൾക്ക് സഹായമെത്തിക്കുവാൻ മുൻനിന്നു പ്രവർത്തിച്ചത് ജ. പോക്കർ സാഹിബായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിക്കപ്പെട്ട മാപ്പിള അമിലിയറേഷൻ കമ്മിറ്റിയാണ് ഇക്കാര്യത്തിൽ സമൂർത്തമായ ചില നടപടികളെടുത്തത്. ഈ ഒരൊറ്റ കാരണം കൊണ്ടു തന്നെ ജ.പോക്കർ സാഹിബിനും അദ്ദേഹത്തെ തുടർന്ന് മുസ്‌ലിംലീഗിനും മാപ്പിള ഹൃദയങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ സാധിച്ചു. ജ.പോക്കർ സാഹിബിനേയും അദ്ദേഹത്തിന്റെ സംഘടനയായ മുസ്‌ലിം ലീഗിനേയും മുസ്‌ലിം ജനസാമാന്യം തെരഞ്ഞെടുപ്പിന് നിന്നപ്പോഴെല്ലാം ജയിപ്പിച്ചതിനു പിന്നിൽ ഈ പഴയ കഥ കൂടി ഒളിഞ്ഞിരിപ്പുണ്ടെന്ന വസ്തുത മറച്ചു വെച്ചിട്ട് കാര്യമില്ല."

പവനൻ കഥ തുടരുന്നു.

"എന്നാൽ പോക്കർ സാഹിബ് ഒരിക്കൽ തെരഞ്ഞെടുപ്പിൽ തോൽക്കുകയുണ്ടായി. 1936 ൽ മദിരാശി അസംബ്ലിയിലേക്ക് കോഴിക്കോട്- ഏറനാട് മുസ്‌ലിം നിയോജക മണ്ഡലത്തിൽ നിന്ന് കോൺഗ്രസിന്റെ സഹാ

mappilaheritagelibrary.com

യത്തോടെ മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയായി അദ്ദേഹം മത്സരിച്ചു. എതിരാളി ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ തങ്ങളായിരുന്നു. പോക്കർ സാഹിബിന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിന് മൗലാനാ ഷൗക്കത്തലി, കെ.എം.സീതി സാഹിബ്, സത്താർസേട്ടു, പിന്നീട് മദിരാശി ഹൈക്കോർട്ട് ജഡ്ജിയായി തീർന്ന ഹാജി പി.കുഞ്ഞഹമ്മദ് കുട്ടി സാഹിബ്, എ.കെ. കുഞ്ഞിമായൻ ഹാജി തുടങ്ങിയ പ്രമുഖരായ പലരുമുണ്ടായിരുന്നു. ആറ്റക്കോയ തങ്ങളുടെ സഹായി അക്കാലത്ത് യൗവന ദശയിൽ വർത്തിക്കുന്ന അബ്ദുറഹിമാൻ ബാഫഖി തങ്ങൾ മാത്രമായിരുന്നു. മുൻ ചൊന്ന പട്ടികയിൽ വൻ കിടക്കാരെയൊക്കെ വെല്ലുവിളിച്ചു കൊണ്ട് ബാഫക്കി തങ്ങൾ തെരഞ്ഞെടുപ്പ് രംഗത്ത് പ്രവർത്തിച്ചു. മുസ്‌ലിംകളുടെ പ്രിയപ്പെട്ട സഹോദരനും വന്ദ്യനേതാവുമായിരുന്ന പോക്കർ സാഹിബ് പരാജയപ്പെട്ടു.

ബാഫഖി തങ്ങളെ അറിയുന്നവർക്ക് അതിൽ അത്ഭുതം തോന്നുകയില്ല. കാരണം അദ്ദേഹത്തിന്റെ വംശപാരമ്പര്യവും മതഭക്തിയും ആകാരപ്രത്യേകതയും അദ്ദേഹത്തിന് ആ തരത്തിൽ പറഞ്ഞാൽ ഒരു മാന്ത്രിക ശക്തി തന്നെ നൽകുന്നു. മുസ്‌ലിംലീഗിന്റെ പിന്നീടുള്ള പല തെരഞ്ഞെടുപ്പ് വിജയങ്ങൾക്കും പ്രേരകമായി വർത്തിച്ചത് ഈ മാന്ത്രിക വ്യക്തിത്വമാണെന്നും അല്ലാതെ അവരുടെ രാഷ്ട്രീയം മാത്രമല്ലെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ബാഫഖി തങ്ങൾ, ലീഗ് സ്ഥാനാർത്ഥിയായിരുന്ന പോക്കർ സാഹിബിനെതിരെ മുസ്‌ലിംകളെ കൊണ്ട് വോട്ടു ചെയ്യിച്ചത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. അദ്ദേഹം പിന്നീട് മുസ്‌ലിം ലീഗിൽ ചേർന്ന ശേഷവും ഇതേ തരത്തിലുള്ള അത്ഭുതങ്ങൾ കാട്ടിയിട്ടുണ്ട്. 1936 വരേയും തങ്ങൾ രാഷ്ട്രീയത്തെപ്പറ്റി ആലോചിച്ചിട്ടേ ഇല്ല. മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയായ പോക്കർ സാഹിബിനെ തന്റെ സഹോദരീ ഭർത്താവിനെ കൊണ്ട് പരാജയപ്പെടുത്തിയതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ആദ്യത്തെ രാഷ്ട്രീയ സംഭവം.

ലീഗിന്റെ സ്ഥാപനത്തിലോ പ്രവർത്തനത്തിലോ അതുവരെ പങ്കില്ലാതിരുന്ന ബാഫഖി തങ്ങൾ ലീഗിനെതിരായ തന്റെ വിജയത്തോടെ ലീഗിൽ ചേർന്നത് ഒരു വിരോധാഭാസമായി ചിത്രീകരിക്കുന്ന പവനൻ പോക്കർ സാഹിബിന്റെ പരാജയമാണ് തങ്ങളുടെ മനംമാറ്റത്തിന് കാരണമെന്ന് വരികൾക്കിടയിലൂടെ സമർത്ഥിക്കുകയാണ്.

പോക്കർ സാഹിബിന്റെ ലീഗിലേക്ക് തങ്ങൾ കടന്നു വന്നപ്പോൾ അതിവേഗം നേതൃസ്ഥാനത്തേക്ക് അദ്ദേഹം ഉയർന്നതും പവനൻ വിവരിക്കുന്നു. ആദ്യം കോഴിക്കോട് ടൗൺ ലീഗ് പ്രസിഡണ്ടായും പിന്നീട് മലബാർ ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡണ്ടായും അതിന് ശേഷം കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രസിഡണ്ടായും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ബാഫഖി തങ്ങൾ പോക്കർ സാഹിബിന്റെ ഉപദേശ നിർദ്ദേശങ്ങൾ സ്വീക

mappilaheritagelibrary.com

രിച്ചിരുന്നു. തങ്ങൾ മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ പ്രസിഡണ്ടായിരിക്കെയാണ് ലീഗിന്റെ ഫണ്ടിൽ നിന്ന് കാൽ ലക്ഷം ക.യും കാറും ഫാറൂഖ് കോളേജിന് സംഭാവന നൽകിയത്. കെ.എം.സീതിസാഹിബിന്റേയും ബി. പോക്കർ സാഹിബിന്റെയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പച്ചക്കൊടി കാണിച്ച നേതാവായിരുന്നു ബാഫഖി തങ്ങളെന്ന് ഇതിൽ നിന്ന് തെളിയുന്നു.

mappilaheritagelibrary.com

18
കുരിക്കളുടെ വഴികാട്ടി

അഹമ്മദ് കുരിക്കളുടെ മുസ്‌ലിംലീഗിലേക്കുള്ള വരവും പോക്കർ സാഹിബ് മുഖേനയായിരുന്നുവെന്ന് കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെ തൂലികാചിത്രങ്ങളിൽ കൂടി പവനൻ വിവരിക്കുന്നുണ്ട്. അഹമ്മദ് കുരിക്കളുടെ അകാല ചരമം രാഷ്ട്രീയ രംഗത്തെ നികത്താനാവാത്ത വിടവായി കണ്ട പവനൻ ജനയുഗം പത്രാധിപർ കാമ്പിശ്ശേരിയുടേയും അദ്ദേഹത്തിന്റെ സഹായി വിതുരബേബിയുടേയും സഹകരണത്തോടെ പുറത്തിറക്കിയ പുസ്തകത്തിൽ അഹമ്മദ് കുരിക്കളെപ്പറ്റി എഴുതിയപ്പോൾ അത് ഒരു കാലഘട്ടത്തിന്റെ ചരിത്രമായി മാറുകയായിരുന്നു.

1921 നവംബർ 10 ന് നടന്ന വാഗൺ ട്രാജഡിയിൽ നിന്നാണ് കുരിക്കളുടെ കഥ പവനൻ ആരംഭിക്കുന്നത്.

"കൽക്കത്തയിലെ ബ്ലാക്ക് ഹോളിനെപ്പറ്റി വായിച്ചിട്ടില്ലെ? ഏതാണ്ട് അത്തരത്തിലുള്ള ഒരു സംഭവമാണ് വാഗൺ ട്രാജഡി. മലബാർ ലഹള എന്ന് വിളിക്കപ്പെട്ട സുപ്രസിദ്ധമായ കാർഷിക കലാപത്തിൽ പങ്കെടുത്തുവെന്ന പേരിൽ ബ്രിട്ടീഷ് പട്ടാളക്കാർ ബയനറ്റ് ചൂണ്ടി വേട്ടയാടിപ്പിടിച്ച കുറേ മുസ്‌ലിം സഹോദരന്മാരുണ്ടായിരുന്നു. അവരെയൊക്കെ കൂടി ഒരു ഗുഡ്സ് വണ്ടിയുടെ വാഗണിൽ ബ്രിട്ടീഷ് യജമാനന്മാർ പൂട്ടിയിട്ടു. അടച്ചിട്ട വാഗണിൽ 90 ആളുകളെ കയറ്റിയിരുന്നു എന്നാണ് ഔദ്യോഗിക കണക്ക്. അവരെ തിരൂരിൽ നിന്ന് കോയമ്പത്തൂരിലേക്ക് കൊണ്ടു പോവുകയായിരുന്നു. വണ്ടിയിൽ കയറ്റപ്പെട്ട മനുഷ്യർ കാറ്റു കിട്ടാതെ, വെള്ളം കിട്ടാതെ പിടഞ്ഞു മരിച്ചു കൊണ്ടിരുന്നു. വണ്ടി പോത്തന്നൂരിലെത്തിയപ്പോൾ ആരോ ഈ വാഗൺ തുറന്നു നോക്കി. 61 പേർ മരിച്ചു കഴിഞ്ഞിരുന്നു. ബാക്കിയുള്ളവർ മരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

വാഗൺട്രാജഡി ഒരു ആകസ്മിക സംഭവമായിരുന്നില്ല. ഒരു നൂറ്റാണ്ടുകാലമായി ബ്രിട്ടീഷധികാരികൾ മാപ്പിളനാട്ടിൽ നടത്തി വരികയായിരുന്ന മർദ്ദന ഭരണത്തിന് കിരീടം വെക്കുന്ന സംഭവമായിരുന്നു. പക്ഷെ മാപ്പിളമാരുടെ സമരവീര്യത്തെ ഈ മർദ്ദന ഭരണത്തിന് അടിച്ചമർത്താൻ കഴിഞ്ഞിട്ടില്ല. ഏറനാട്ടിലെ മാപ്പിളമാർക്ക് മയ്യത്തായാൽ ഖബറടക്കാൻ ശ്മശാന ഭൂമി പോലും കൊടുക്കാത്ത ജന്മിത്വത്തിനും അതിന് കൂട്ടു

mappilaheritagelibrary.com

നിന്ന ബ്രിട്ടീഷ് ഭരണത്തിനും എതിരായ സായുധ കലാപങ്ങളുടെ ഘോഷയാത്രയാണ് യഥാർത്ഥത്തിൽ ഒരു നൂറ്റാണ്ട് കാലത്തോളം കേരളം കണ്ടത്.

... ഈ സമരങ്ങളും അതിനെതിരായ കിരാത മർദ്ദനവും ഏറനാടൻ മുസ്ലിംകളുടെ ജീവിത പുരോഗതിയെ സ്തംഭിപ്പിക്കുകയുണ്ടായി. അവരുടെ കൂട്ടത്തിൽ പണക്കാർ അധികമുണ്ടായിരുന്നില്ല. വിദ്യാഭ്യാസം അവർക്ക് നന്നേ കുറവായിരുന്നു. അവരിലധികം പേരും വരുമാനം കുറഞ്ഞ കൃഷിക്കാരും കർഷകത്തൊഴിലാളികളുമായിരുന്നു. നീതിനിഷേധിക്കപ്പെട്ട അവർക്ക് ഇന്ത്യാവിഭജനവും പാക്കിസ്താൻ രൂപീകരണവും കൂടിയായപ്പോൾ കഷ്ടപ്പാടിന്റെ കയ്പ് നിറഞ്ഞൊഴുകി.

ഖാൻ ബഹദൂർ മൊയ്തീൻ കുട്ടി കുരിക്കളുടെ മകനായി 1920 ആഗസ്ത് 23 ന് ജനിച്ച അഹമ്മദ് കുരിക്കളെ ചെറുപ്പത്തിൽ തന്നെ രാഷ്ട്രീയത്തിലേക്കാകർഷിച്ചത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബായിരുന്നു. കോൺഗ്രസിൽ ചേർന്ന് കുരിക്കൾ കെ.പി.സി.സി. മെമ്പറായി. കുറച്ചുകാലം കേളപ്പൻ ഗ്രൂപ്പിൽ നിന്നു. കോൺഗ്രസ് വിട്ട് കേളപ്പൻ പ്രജാപാർട്ടിയിൽ ചേർന്നപ്പോൾ കുരിക്കൾ അങ്ങോട്ട് ചെന്നില്ല. പട്ടിണിജാഥയിലൂടെ മഞ്ചേരിയെ പിടിച്ചു കുലുക്കിയ എ.കെ.ഗോപാലന്റെ കൂടെയും പോയില്ല. കോൺഗ്രസും കമ്യൂണിസ്റ്റ് പാർട്ടിയും മുസ്ലിംജനസാമ്രാജ്യത്തിന്റെ താല്പര്യങ്ങൾ രക്ഷിക്കുകയില്ലെന്ന് മനസ്സിലാക്കിയ കുരിക്കൾ പോക്കർ സാഹിബിന്റെ നേതൃത്വം ബഹുമാനാദരങ്ങളോടെ സ്വീകരിക്കുകയായിരുന്നു.

പോക്കർ സാഹിബിന്റെ ലീഗിൽ കുരിക്കൾ പ്രവേശിച്ചതോടെ ഏറനാട് താലൂക്കിൽ നവോന്മേഷം കളിയാടിയതായി പവനൻ ചൂണ്ടിക്കാട്ടുന്നു. ഏറനാട്ടിലെ മാപ്പിളമാരുടെ രക്ഷയ്ക്ക് പോക്കർ സാഹിബ് നടത്തിയ ത്യാഗഭൂയിഷ്ഠമായ പ്രവർത്തനത്തിന് നന്ദിസൂചകമായി മുസ്ലിംലീഗിനെ പരിപോഷിപ്പിക്കുകയായിരുന്നു കുരിക്കൾ. ഏറനാട് താലൂക്ക് മുസ്ലിം ലീഗിന്റെ സെക്രട്ടറി സംസ്ഥാന വൈസ് പ്രസിഡണ്ടും ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് നിർവ്വാഹക സമിതി അംഗവുമൊക്കെയായി. 1957 ലെ തെരഞ്ഞെടുപ്പിൽ ജയിച്ച് ലീഗ് നിയമസഭാ കക്ഷി സെക്രട്ടറിയായി. പിന്നീട് ഉപനേതാവായി. 1960 ലും 65ലും 67 ലും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പോക്കർ സാഹിബിന്റെ പാർട്ടിയായ മുസ്ലിംലീഗിൽ ചേർന്നതുകൊണ്ട് ഉണ്ടായ നേട്ടങ്ങൾ മന്ത്രിയായിരിക്കെ കുരിക്കൾ പവനനോട് ഇങ്ങിനെയാണ് വിവരിച്ചത്:

"ഏറനാട് പഴയ മട്ടിലല്ല ഇന്നുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗതാഗത മാർഗങ്ങൾ, ആരോഗ്യ-ചികിത്സാകേന്ദ്രങ്ങൾ എന്നിവയെല്ലാം ഏറനാടിന്റെ എല്ലാ ഭാഗത്തും ഇപ്പോഴുണ്ട്. ഞാൻ പഠിക്കുന്ന കാലത്ത് മഞ്ചേരി, മലപ്പുറം, കോട്ടക്കൽ എന്നിവിടങ്ങളിലേ ഹൈസ്കൂളുകൾ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ പുളിക്കൽ, കൊണ്ടോട്ടി, വാഴക്കാട്, മൊറ

mappilaheritagelibrary.com

യൂർ, പൂക്കോട്ടൂർ, ചുങ്കത്തറ, നിലമ്പൂർ, കാളികാവ്, വണ്ടൂർ, പാണ്ടിക്കാട് എന്നിവിടങ്ങളിലെല്ലാം ഹൈസ്കൂളുകളായിരിക്കുന്നു. മലപ്പുറത്തു തന്നെ രണ്ടാമത് ഒരു ഹൈസ്കൂൾ ഉണ്ടായിരിക്കുന്നു. മമ്പാട്ട് ഒരു ജൂനിയർ കോളേജ് സ്ഥാപിച്ചു കഴിഞ്ഞു. എളിയ തോതിൽ ഞാനും ഇതിനു വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലിം പെൺകുട്ടികളും വിദ്യാഭ്യാസത്തിനായി പോയിത്തുടങ്ങിയിരിക്കുന്നു. ഇപ്പോൾ ഏറനാട് താലൂക്കിൽ മുസ്ലിം വനിതാ ഡോക്ടർമാർ തന്നെയുണ്ട്.”

വിദ്യകൊണ്ട് അറിവുള്ളവരായിത്തീരുന്ന മാപ്പിളമാരായിരുന്നു പോക്കർ സാഹിബിന്റെ സ്വപ്നമെന്ന് കുരിക്കളുടെ ഈ വിശദീകരണത്തോടെ വ്യക്തമാവുന്നു.

mappilaheritagelibrary.com

19
കാലിക പ്രസക്തമായ സന്ദേശം

അനിവാര്യമായതിനെ നേരിടാൻ തയ്യാറായി നിന്ന ഒരു ആദർശവാദി യായിരുന്നു പോക്കർ സാഹിബ്. അദ്ദേഹത്തിന്റെ ഊർജ്ജസ്വലത വിപു ലമായിരുന്നു. പ്രയാസമേറിയ ലക്ഷ്യങ്ങൾ തന്റെ മുന്നിൽ വെക്കുകയും അവയെല്ലാം നിറവേറ്റുകയും ചെയ്തു. യഥാർത്ഥമായ മത താല്പര്യമാ യിരുന്നു പോക്കർ സാഹിബിന്റെ ജീവിതത്തിലെ കേന്ദ്രബിന്ദു. അടിച്ച മർത്തപ്പെട്ട ഒരു സമുദായത്തിന്റെ മനോവീര്യം പുനഃസ്ഥാപിച്ച പുതുമ പുലർത്തിയ മനുഷ്യനായിരുന്നു സർ സയ്യിദിനെ പോലെ പോക്കർ സാഹിബും.

ആത്മവിശ്വാസം മുറ്റിയ, അസ്വസ്ഥരായ, ചൈതന്യമുള്ള ജനങ്ങളെ യാണ് മാപ്പിള നാട്ടിൽ പോക്കർ സാഹിബ് കണ്ടത്. മലബാർ കലാപകാ ലത്തെ ഭീഷണമായ സാഹചര്യങ്ങളിൽ ധീരതയോടെ പ്രസംഗിക്കുകയും ഔചിത്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുകയായിരുന്നു പോക്കർ സാഹിബ്.

ഇസ്ലാമിനോടും രാജ്യത്തോടുമുള്ള വൈകാരിക സ്നേഹങ്ങൾ തമ്മിൽ ഒരു വൈരുദ്ധ്യവും അദ്ദേഹം കണ്ടില്ല. സമർത്ഥവും എന്നാൽ അപകടം വരുത്തുന്നതുമായ ശൈലി പ്രയോഗത്തോടുള്ള ഭ്രമം കോട തികളിലും ഇന്ത്യൻ പാർലിമെന്റിൽ പോലും അദ്ദേഹത്തെ വിട്ടുമാറിയി രുന്നില്ല. സമ്മേളനങ്ങളിൽ പോക്കർ സാഹിബ് ചെയ്ത പ്രസംഗം ഖാലി ക്കുസ്സമാന്റെ വാക്കുകളിൽ മൗലാനാ മുഹമ്മദലി ചെയ്ത പ്രസംഗത്തിന് തുല്യമായിരുന്നു. "ഒരു അഗ്നി പർവ്വതം പൊട്ടിത്തെറിക്കുന്നതു പോലെ. ലാവയും പുകയും പൊടിപടലങ്ങളും മൂർച്ചയുള്ള കല്ലുകളും പ്രകോപ നങ്ങളും ഭീഷണിയും അതിലുണ്ടായിരുന്നു. എന്നാൽ ഹൃദയം മലർക്കെ തുറന്നു വെച്ചു കരച്ചിലും ചിരിയും ഉയർത്തി അല്ലാഹുവിന്റെ അപാര മായ കാരുണ്യത്തിൽ വിശ്വസിച്ച പോക്കർ സാഹിബിന്റെ വാക്കുകൾ ചരിത്രത്തിന്റെ ഭാഗമായിത്തീരുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രഹര ങ്ങൾ കഠിനമായി തോന്നാമെങ്കിലും അവ പൂർണ്ണമായും തുറന്ന മന സ്സോടെയുള്ളവയായിരുന്നുവെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്

mappilaheritagelibrary.com

പോലും മനസ്സിലായി. പോക്കർ സാഹിബിന്റെ പ്രത്യക്ഷത്തിലുള്ള പാരുഷ്യം അദ്ദേഹത്തിന്റെ അഗാധമായ സത്യസന്ധതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാലമാണ് തെളിയിച്ചത്. അദ്ദേഹത്തിന്റെ സാമർത്ഥ്യവും മിതത്വവും അനേകം പേരെ ആകർഷിച്ചു. കരുത്തുറ്റ ഉള്ളമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ആ ജീവിതം പ്രതിജ്ഞാർപ്പിതമായിരുന്നു. അദ്ദേഹം ഒരിക്കലും ലക്ഷ്യം മറന്നു കളിച്ചില്ല.

വഴങ്ങാത്ത നൈരന്തര്യം എന്ന സ്വഭാവം അദ്ദേഹത്തിന്റെ തന്നെ ആത്മവിശ്വാസത്തിന് തിളക്കം കൂട്ടി. അവശതയനുഭവിക്കുന്നവരും അവഗണിക്കപ്പെട്ടവരുമായ മാപ്പിള മക്കളെ സംരക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിലുള്ള വിശ്വാസത്തിന് ഈ സ്വഭാവം വഴി മാറിക്കൊടുത്തു. കലാപം കണ്ട് ആഘാതമേറ്റ ആ ഉരുക്കു മനുഷ്യന് കണ്ണീർ പൊഴിക്കേണ്ടിവന്ന കഥ മനസ്സിലാക്കി കൊണ്ടു തന്നെയാണ് മാപ്പിളനാട് അദ്ദേഹത്തെ പാർലമെന്റിലെക്കെത്തിച്ചത്. ഒരു പഴുത്ത ഇല പോലെ മാപ്പിളനാട് നമ്മുടെ മടിയിൽ വീഴും എന്നു മോഹിച്ചവർ അതോടെ നിരാശരായി.

കൊടുങ്കാറ്റിന്റെ വേഗതയോടെ ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥന്മാർക്കെതിരെ തിരിയുകയും വിശ്വപ്രസിദ്ധി നേടിയ സർ സഫറുല്ലാഖാന്നെതിരെ ഹൈക്കോടതിയിൽ കേസ് വാദിക്കുകയും ചെയ്ത പോക്കർ സാഹിബിനോടുള്ള മാപ്പിള മക്കളുടെ കൃതജ്ഞതയുടെ നോട്ടം ആ വിദ്യാഭ്യാസ വിചക്ഷണനേയും നിയമജ്ഞനേയും അവർ അംഗീകരിച്ചതിന്റെ തെളിവായിരുന്നു. അനുകമ്പ നിറഞ്ഞ നേതാവും അവകാശങ്ങളുടെ ശക്തനായ വക്താവുമായി അംഗീകരിക്കപ്പെട്ട പോക്കർ സാഹിബ് തന്റെ ശ്രമത്തിന്റെ ആവേശവും നിഷ്ക്കളങ്കതയും ഏകാഗ്രമായ അർപ്പണ ബോധവും ലോക്സഭയിൽ പ്രകടമാക്കിയപ്പോൾ അത് സംഘടനക്ക് അഗാധമായ മതിപ്പുളവാക്കുന്നതായി. പോക്കർ സാഹിബിന്റെ ജനസമ്മിതിക്കും അദ്ദേഹത്തിന്റെ രീതികൾക്കും സാക്ഷ്യം വഹിച്ചവർ കൃതജ്ഞതാനിർഭരമായ ആ ഹൃദയത്തിന്റെ അപദാനങ്ങൾ ഉറക്കെ പറയാൻ സന്നദ്ധരായി.

പരമ്പരാഗത സമൂഹം മാറി നിന്നപ്പോൾ ഭൗതിക വിദ്യയുടെ പുതിയ ഒരു തലമുറ പടുത്തുയർത്താൻ പോക്കർ സാഹിബ് ശ്രമിച്ചു. വ്യക്തികളുടെ കാര്യത്തിലെന്നപോലെ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളുടെയഥാർത്ഥ ഉറവിടം വിജ്ഞാനമാണെന്നദ്ദേഹം തെളിയിച്ചു. ഈ കാര്യത്തിൽ നൈരാശ്യത്തിന്റേയും അവശതയുടെയും മാനസികനില സമുദായത്തിൽ പിടികൂടരുതെന്ന് അദ്ദേഹം ശഠിച്ചു. പോക്കർ സാഹിബിന്റെ വിജ്ഞാന സന്ദേശവും ധീരമായിരുന്നു. സ്രഷ്ടാവിന് വഴങ്ങലും സൽക്കർമ്മങ്ങൾ നിറഞ്ഞ ജീവിതം നയിക്കലുമാണ് വിജ്ഞാനത്തിന്റെ കാതലായ വശമെന്ന് പരിപൂർണ്ണ ആത്മവിശ്വാസത്തോടെ അദ്ദേഹം പഠിപ്പിച്ചു. ആശയങ്ങളേക്കാൾ എത്രയോ എളുപ്പത്തിൽ അനുയായി വലയങ്ങൾ ആവിയായിപ്പോവുകയോ നശിച്ചു പോവുകയോ ചെയ്യുന്ന നാട്ടിൽ പോക്കർ സാഹിബിന്റെ സന്ദേശം എന്നും കാലിക പ്രസക്തമാണെന്ന്

mappilaheritagelibrary.com

അദ്ദേഹം പടുത്തുയർത്തിയ സംഘടന വ്യക്തമാക്കുന്നു. ദേശീയതല ത്തിൽ ശക്തമായ ഒരു സംഘടനയായി ലീഗ് രൂപാന്തരപ്പെട്ട ചരിത്ര ത്തിലെ കനപ്പെട്ട അധ്യായമായി ഈ സന്ദേശം നില കൊള്ളുന്നു.

mappilaheritagelibrary.com

20
അമ്പരപ്പിക്കുന്ന സത്യാധിഷ്ഠിത സമീപനം

ചരിത്രയാഥാർത്ഥ്യങ്ങളുടെ നേരെ മുഖം തിരിക്കുന്നത് പോലെയുള്ള പാതകമാണ് ചരിത്രത്തിൽ ചിലരെ തമസ്കരിച്ചു കളയുക എന്നത്. അത്പോലെ ചരിത്രം വിസ്മരിച്ചു കളഞ്ഞ ഒരു കഥാപാത്രമായി മുൻ രാജ്യസഭാംഗവും മുസ്ലിംലീഗ് നേതാവുമായ അഡ്വ: ഹമീദലിശംനാട് കാലഘട്ടത്തിന്റെ ചരിത്ര പുരുഷനായ പോക്കർ സാഹിബിനെ കാണുന്നു. കേരളം കണ്ടതിൽ വെച്ചേറ്റവും ശ്രേഷ്ഠനായ അഭിഭാഷകനും സ്വാഭിപ്രായങ്ങളെ മലർക്കെ തുറന്ന് ധീരതയോടെ അവതരിപ്പിച്ച മതാഭിമാനിയുമായിരുന്നു അദ്ദേഹം. വിവേചന ശക്തിയിൽ നിന്ന് കടഞ്ഞെടുത്ത രാഷ്ട്രീയ പ്രത്യേകതയും അചഞ്ചലമായ വിശ്വാസവും നെറിവുകേടിനെതിരെയുള്ള നിരന്തര സമരവും കൊണ്ട് ജീവിതം അവിസ്മരണീയമാക്കിയ പോക്കർ സാഹിബിനെക്കുറിച്ച് ഷംനാട് സാഹിബ് വിവരിക്കുന്നു:

"ഒരു മലബാർ മാപ്പിള ഹൈക്കോടതിയിൽ ഓക്സ്ഫോർഡ് ശൈലിയിൽ ഇംഗ്ലീഷ് ഭാഷ സംസാരിക്കുക ഒരു പക്ഷെ ഇന്നും അതിശയം ജനിപ്പിക്കും. പതിറ്റാണ്ടുകൾക്കപ്പുറം മദ്രാസ് ഹൈക്കോടതിയിൽ അങ്ങനെ സംസാരിച്ച ഒരു വ്യക്തി അഡ്വ. പോക്കർ സാഹിബായിരുന്നു."

മദ്രാസ് ലോ-കോളേജിൽ ശംനാട് പഠിച്ചിരുന്ന കാലത്ത് പോക്കർ സാഹിബിന്റെ ഭവനം സന്ദർശിക്കുക പതിവായിരുന്നു. അന്നേ പോക്കർ സാഹിബിന് ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാ ഈൽ സാഹിബ് താങ്ങും തണലുമായിരുന്നു. മുസ്ലിം സമുദായം വിദ്യാഭ്യാസപരമായി മുന്നേറണം എന്ന ഒരൊറ്റ ചിന്ത മാത്രമേ ഇവർക്കുള്ളുവെന്ന് പലപ്പോഴും തോന്നിപ്പോയിട്ടുണ്ട്. 'സാലിഹായ അഭിഭാഷകന്റെ' അമ്പരപ്പിക്കുന്ന സത്യാധിഷ്ഠിത സമീപനങ്ങളെ കുറിച്ച് തുടർന്ന് വായിക്കുക:

"മദിരാശി ഹൈക്കോടതിയിൽ ജസ്റ്റിസ് ഗോവിന്ദ മേനോന്റെ ബെഞ്ചിൽ മരുമക്കത്തായത്തിനു വേണ്ടി പോക്കർ സാഹിബ് വാദിച്ചു തുടങ്ങി.

വാദത്തിനിടയിൽ ജസ്റ്റിസ് ഗോവിന്ദ മേനോൻ ചോദിച്ചു: 'മിസ്റ്റർ പോക്കർ, നിങ്ങൾ മുസ്ലിം ലീഗ് നേതാവും പാർലിമെന്റ് അംഗവുമല്ലേ? എന്നിട്ട് ഇവിടെ മരുമക്കത്തായത്തിന് വേണ്ടി എന്തിനാണ് വാദിക്കുന്നത്?'

mappilaheritagelibrary.com

പോക്കർസാഹിബ് മറുപടി നൽകി. ഇവിടെ എങ്ങിനെയാണ് വാദിക്കേണ്ടതെന്ന് ബഹുമാനപ്പെട്ട കോടതിയല്ല തീരുമാനിക്കേണ്ടത്. പാർല്ലിമെന്റിൽ ഞാൻ എങ്ങനെ വാദിക്കണമെന്ന് എന്റെ പാർട്ടി തീരുമാനിച്ചു കൊള്ളും."

മുസ്‌ലിം ലീഗ് മരുമക്കത്തായത്തിന് എതിരായിരുന്നു. പാർലമെന്റിൽ പാർട്ടി നയത്തിനനുസരിച്ചായിരുന്നു പോക്കർ സാഹിബ് സംസാരിച്ചത്.

പയ്യോളി കൊലക്കേസ്സിൽ ജാമ്യാപേക്ഷയിൽ വാദിക്കാൻ തുടങ്ങവെ ജഡ്ജി ചോദിച്ചു. 'പകൽവെളിച്ചത്തിൽ നടന്ന ക്രൂരമായ കൊലപാതകം. ആ പ്രതിക്ക് വേണ്ടിയാണോ നിങ്ങൾ ജാമ്യം ആവശ്യപ്പെടുന്നത്?

കോടതി എന്റെ വാദം കേട്ടിട്ടാണ് വിധി പറയേണ്ടത് എന്നായി പോക്കർ സാഹിബ്.

ജഡ്ജി വിട്ടില്ല: ഞാൻ കേട്ടിടത്തോളം ക്രൂരമായ കൊലപാതകമാണിത്.

'ഒരു മുൻ ധാരണയോടെ അങ്ങ് ഈ പ്രശ്നം കാണുകയാണ്. ബഹുമാനപ്പെട്ട കോടതിയിൽ നിന്ന് അതുകൊണ്ട് നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. ഞാൻ കേസ് വാദിക്കുന്നുമില്ല.' പോക്കർ സാഹിബിന്റെ മറുപടി കുറിക്ക് കൊണ്ടു.

കേസ് വാദിക്കണം, ഞാൻ കേൾക്കാം എന്ന് ജഡ്ജി പറഞ്ഞു. വാദിക്കാൻ എനിക്ക് തോന്നുന്നില്ല. 'ഞാൻ പ്രൊസീഡ് ചെയ്യുന്നില്ല എന്ന് പോക്കർ സാഹിബ് വീണ്ടും പറഞ്ഞപ്പോൾ.

നിങ്ങൾ വാദിച്ചേ തീരൂ എന്നായി ജഡ്ജി.

ബഹുമാനപ്പെട്ട കോടതിക്ക് എന്റെ വാദം കേൾക്കാം. എന്നല്ലാതെ വാദിക്കണം എന്ന് ആജ്ഞാപിക്കാൻ അധികാരമില്ല.' ഇവിടെയും പോക്കർ സാഹിബിന്റെ മുമ്പിൽ ജഡ്ജി മുട്ടുകുത്തി.

കോടതിക്കകത്തെ സ്ഥിതി ഇതാണെങ്കിൽ കോടതിക്ക് പുറത്തും പോക്കർ സാഹിബിന് ന്യായം പറയാൻ നാവ് കോടിയില്ല.

ബ്രിട്ടീഷുകാരനായ ചീഫ് ജസ്റ്റീസ് കോടതിയിലേക്ക് വരുന്ന വഴിയാണ് പോക്കർ സാഹിബിനെ കണ്ടത്. 'മിസ്റ്റർ പോക്കർ, നിങ്ങളുടെ പേർ ജഡ്ജിമാരുടെ പേനലിലേക്ക് ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്.'

അതു കേൾക്കേണ്ട താമസം പോക്കർ സാഹിബ് പറഞ്ഞു. 'അങ്ങയോട് ഞാൻ അത് ആവശ്യപ്പെട്ടിട്ടില്ലല്ലോ.'

ഈ മറുപടി ചീഫ് ജസ്റ്റീസ് ഒരു ധിക്കാരമായി കണക്കാക്കി തന്റെ നിർദ്ദേശം പിൻവലിച്ചു.

സംഭവമറിഞ്ഞപ്പോൾ പലരും പ്രതികരിച്ചത് ഇപ്രകാരമായിരുന്നു.

"പനി പിടിച്ചു കിടന്നിരുന്നുവെങ്കിൽ പോക്കർ സാഹിബ് ജഡ്ജിയാവുമായിരുന്നു. കോടതിയിൽ പോകുന്ന വഴിയിൽ ചീഫ് ജസ്റ്റീസിനെ കണ്ടിരുന്നില്ലെങ്കിൽ മലബാർ മാപ്പിളയിൽ നിന്ന് ആദ്യമായി മദ്രാസ് ഹൈക്കോടതിയിൽ ഒരു ജഡ്ജി ഉണ്ടാവുമായിരുന്നു."

mappilaheritagelibrary.com

ശംനാട് സാഹിബിന് മൂന്നു തലമുറകളിലായി നിറഞ്ഞു നിൽക്കുന്ന ബന്ധമായിരുന്നു പോക്കർ സാഹിബുമായി ഉണ്ടായിരുന്നത്. ശംനാടിന്റെ പിതാമഹൻ ഖാൻ ബഹദൂർ ശംനാട്, പിതാവ് അബ്ദുൽ ഖാദർ ശംനാട് എന്നിവരുമായുള്ള പോക്കർ സാഹിബിന്റെ അഭേദ്യബന്ധം ശംനാട് സാഹിബും തുടരുകയാണുണ്ടായത്.

ഇന്ന് തിരുവനന്തപുരത്ത് പോകുന്നതു പോലെയാണ് അന്ന് എല്ലാ കാര്യത്തിനുമുള്ള മദ്രാസ് യാത്ര. സെക്രട്ടറിയേറ്റും ഹൈക്കോടതിയുമുള്ള മദ്രാസ്, മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട് എന്നീ മല ബാർ പ്രദേശത്തുകാരുടെ പ്രധാന ഇടത്താവളമായിരുന്നു. അവിടെ എത്തിയാൽ അഭയ കേന്ദ്രമായി അവർ കണ്ടത് പോക്കർ സാഹിബിന്റെ വസതിയായിരുന്നു.

mappilaheritagelibrary.com

അനുബന്ധം 1

ബി. പോക്കർ സാഹിബ് ജീവിതരേഖ

ജനനം : 1890
ജന്മസ്ഥലം : തലശ്ശേരി
പിതാവ് : അഞ്ചരക്കണ്ടി വെങ്ങിലിൽ ചാലിക്കണ്ടി കുട്ട്യാത്ത
വിദ്യാഭ്യാസം : തലശ്ശേരി ബ്രണ്ണൻ കോളേജ് (ഇന്റർമീഡിയറ്റ്)
മദ്രാസ് ക്രിസ്ത്യൻ കോളേജ് (ബി.എ)
മദിരാശി ലോ കോളേജ് (നിയമ ബിരുദം)
1917ൽ- മദിരാശി ഹൈക്കോടതിയിൽ അഭിഭാഷകൻ
വഹിച്ച സ്ഥാനങ്ങൾ:
മദിരാശി മലബാർ മുസ്‌ലിം അസോസിയേഷൻ രക്ഷാധികാരി
ഖിലാഫത്ത് സമ്മേളന സംഘാടകൻ
വൈസ്രോയി കൗൺസിലിൽ മുസ്‌ലിംലീഗ് പ്രതിനിധി
മാപ്പിള അമിലിയറേഷൻ കമ്മിറ്റി സെക്രട്ടറി
ഐക്യസംഘം സ്വാഗതസംഘം കൺവീനർ
1930ൽ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം
1936 വരെ എം.എൽ.സി
1946ൽ മദിരാശി നിയമസഭാ മുസ്‌ലിംലീഗ് പ്രതിനിധി
കേരള മുസ്‌ലിം എഡുക്കേഷനൽ അസോസിയേഷൻ സ്ഥാപകൻ
1952 ലോക്സഭയിൽ മുസ്‌ലിംലീഗിന്റെ ഒറ്റയാൾ മെമ്പർ
1956 സ്റ്റേറ്റ് ലീഗ് വൈസ് പ്രസിഡണ്ട്
1957ൽ മഞ്ചേരിയിൽ നിന്നു വീണ്ടും പാർലിമെന്റിലേക്ക്
ഭാര്യ : തിക്കോടി വൈദ്യരകത്ത് റാബിയ
മക്കൾ : വി.അബ്ദുല്ല, വി.ഉമ്മർ, മറിയം
മരണം : 1965 ജൂലായ് 29 (കോഴിക്കോട്)
ഖബറടക്കം : തിക്കോടി ജുമാഅത്ത്പള്ളി ഖബറിസ്ഥാൻ

mappilaheritagelibrary.com

അനുബന്ധം 2

ഭരണഘടനാ നിർമാണ സഭയും ബി. പോക്കർ സാഹിബും

രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്ര ഭരണത്തിനായുള്ള നിർദ്ദേശകതത്വങ്ങൾ മുതലായവ വിവരിക്കുന്ന ഇന്ത്യയിലെ പരമോന്നത നിയമമാണ് ഭരണഘടന. പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുത്. തുടക്കത്തിലുണ്ടായിരുന്ന 395ഉം പിന്നീട് കൂട്ടിച്ചേർത്തതും ഉൾപ്പെടെ ഇന്ത്യൻ ഭരണഘടനയ്ക്ക് ഇതുവരെയായി 450 വകുപ്പുകൾ ഉണ്ട്. 1946ലെ കാബിനെറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപവത്കരിച്ച ഭരണഘടനാനിർമ്മാണസഭയിൽ പതിമൂന്നു കമ്മിറ്റികൾ ഉണ്ടായിരുന്നു. പ്രവിശ്യാനിയമസഭകളിൽ നിന്ന് അവയിലെ അംഗങ്ങൾ തിരഞ്ഞെടുത്തവരും(292) നാട്ടുരാജ്യങ്ങളുടെയും (93) മറ്റു പ്രദേശങ്ങളുടെയും പ്രതിനിധികളും (4) ഉൾപ്പെടെ ആകെ 389 അംഗങ്ങളുണ്ടായിരുന്നു സഭയിൽ. 1946 ഡിസംബർ 9നായിരുന്നു ഉദ്ഘാടനയോഗം.

1947 ജൂൺ 3ലെ മൗണ്ട് ബാറ്റൺ പദ്ധതി പ്രകാരം രാജ്യം വിഭജിക്കപ്പെട്ടപ്പോൾ പാക്കിസ്ഥാനു വേണ്ടി പ്രത്യേകമായ ഭരണഘടനാനിർമ്മാണസഭ വേണ്ടി വരികയും ചില പ്രവിശ്യകളിൽ നിന്നുള്ള അംഗങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്തു. അങ്ങനെ അംഗങ്ങളുടെ എണ്ണം 299 ആയി ചുരുങ്ങി. 1949 നവംബർ 26 വരെ സഭ പ്രവർത്തിച്ചു. ഡോ.സച്ചിദാനന്ദ സിൻഹ ആയിരുന്നു സഭയുടെ തുടക്കത്തിലെ താത്കാലിക ചെയർമാൻ. 1946 ഡിസംബർ 11ന് ഡോ. രാജേന്ദ്രപ്രസാദ് സഭയുടെ പ്രസിഡന്റായി. നിയമോപദേഷ്ടാവ് ബി.എൻ. റാവു ആയിരുന്നു. 1947 ഓഗസ്റ്റ് 29ന് സഭ നിയമമന്ത്രി ഡോ.ബി.ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു കരട് (ഡ്രാഫ്റ്റിംഗ്) കമ്മിറ്റി രൂപവത്കരിച്ചു. ഇന്ത്യൻ ഭരണഘടന പൂർത്തിയാക്കാൻ കൃത്യം രണ്ടു വർഷം, പതിനൊന്ന് മാസം, പതിനേഴ്

mappilaheritagelibrary.com

ദിവസം വേണ്ടി വന്നു. ആകെ 165 ദിവസത്തോളം ചർച്ചകൾ നീണ്ടു. ഇ വയിൽ 114 ദിവസവും കരട് ഭരണഘടനയുടെ ചർച്ചയായിരുന്നു. കരടു ഭരണഘടനയിൽ 7,635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. 2,473 ഭേദഗതി കൾ തീരുമാനിക്കപ്പെട്ടു. ഭരണഘടനയുടെ ആദ്യപകർപ്പ് 1948 ഫെബ്രു വരിയിൽ പ്രസിദ്ധീകരിച്ചു. സഭയിലെ 284 അംഗങ്ങൾ ഭരണഘടനയിൽ ഒപ്പുവക്കുന്നത് 1950 ജനുവരി 24നാണ്. 1949 നവംബർ 26 ന് ഭരണഘട നാ നിർമ്മാണ സഭ അംഗീകരിച്ച ഇന്ത്യയുടെ ഭരണഘടന 1950 ജനുവ രി 26 ന് പ്രഖ്യാപിക്കപ്പെടുകയും പ്രാബല്യത്തിൽ വരികയും ചെയ്തു. അതോടെ സഭ പിരിച്ചവിടപ്പെടുകയും എന്നാൽ 1952ൽ പാർലമെന്റ് രൂ പവൽക്കരിക്കപ്പെടുന്നതുവരെ താൽക്കാലിക പാർലമെന്ററായി വർത്തിക്കു കയും ചെയ്തു.

mappilaheritagelibrary.com

ഭരണഘടനാനിർമ്മാണസഭയിൽ നടന്ന ചർച്ചകൾ ഭരണഘടനയുടെ ആന്തരികാർഥം മനസ്സിലാക്കാൻ സഹായിക്കും. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി എന്ന ഭരണഘടനാനിർമാണസഭയിൽ ബി പോക്കർ സാഹിബ് ചെയ്ത ചില പ്രസംഗങ്ങൾ.

വിവർത്തനം: സുൽത്താൻ

1947, ആഗസ്ത് 30, ശനി

സർ,

ഭേദഗതി നമ്പർ 34 സംബന്ധിച്ച് ചില കാര്യങ്ങൾ മാത്രം പറയാനാണ് ആഗ്രഹിക്കുന്നത്. ഈ ഭേദഗതിയുടെ ലക്ഷ്യം രാജ്യത്തെ എല്ലാ ജനങ്ങളെയും ഒരു മതത്തിലൂടെ ഒരുമിപ്പിക്കുകയോ അതിലേക്ക് അടുപ്പിക്കുകയോ ചെയ്യുകയെന്നതാണ്. അതാണ് ലക്ഷ്യമെങ്കിൽ ഞാൻ തീർച്ചയായും അതിനെ എതിർക്കുന്നു. നേരത്തെ പൊതു ചർച്ചയിൽ ഹിന്ദുസ്ഥാനി ഭാഷയിൽ സംസാരിച്ച ചിലരും സമാനമായ നിർദേശങ്ങൾ വച്ചിരുന്നു. ഭാഷാപരിമിതിയുള്ളതുകൊണ്ട് അതുസംബന്ധിച്ച് കൂടുതൽ പറയുന്നില്ല. എന്നാൽ പൊതുവായി പറഞ്ഞാൽ, എല്ലാ മതങ്ങളെയും ഏകീകരിക്കാനായി ശ്രമിക്കുകയോ, അതിനായി പൊതു വിദ്യാലയങ്ങൾ വഴി നിർദേശം നൽകുകയോ ചെയ്യുന്നത് നാം പാസാക്കിയ മൗലികാവകാശങ്ങളുടെ ക്ലോസുകൾക്കു തന്നെ വിരുദ്ധമാണ്.

സർ, ഈ 34-ാം നമ്പർ ഭേദഗതി മറ്റു ക്ലോസുകൾക്ക് എതിരാകും. നാം ഇതുവരെ തയ്യാറാക്കിയ മൗലികാവകാശങ്ങൾ സംബന്ധിച്ച പല ക്ലോസുകൾക്കും ഇത് എതിരാകും. ഭേദഗതി കൊണ്ടുവരുന്നതോടെ ജനങ്ങൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ടാവുമെന്ന് മാത്രമല്ല, ഭരണഘടനാ രൂപീകരണത്തിന് അടിസ്ഥാനമായ തത്വങ്ങളിൽ നിന്നുതന്നെയുള്ള വ്യതിചലനവുമാകും അത്. 59-ാം നമ്പർ ഭേദഗതി സംബന്ധിച്ച് എനിക്ക് എതിർപ്പൊന്നുമില്ലെങ്കിലും സ്കൂളുകളിൽ വിഭാഗീയമായ മതപാഠങ്ങളൊന്നുമില്ലെങ്കിലും വിവിധ ക്ലാസുകളിലേക്കുള്ള എല്ലാ ടെക്സ്റ്റ് ബുക്കുകളിലും നിരവധി മതപരമായ വിഷയങ്ങൾ ഉള്ളതായി കാണുന്നു. പ്രത്യേകിച്ചും ഹിന്ദു മതവുമായോ മറ്റു മതവുമായോ ബന്ധപ്പെട്ടത്. മതപരമായ ആശയങ്ങളല്ലാതെ, ധാർമിക വശങ്ങൾ ഉൾപ്പെടുത്തിയുള്ള പാഠങ്ങൾ ഉൾപ്പെടുത്താമെന്നും അതേസമയം അല്ലാത്തവ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ അത് ഏതെങ്കിലും ഒരു മതത്തിന്റേതായി പരിമിതപ്പെടുത്താതെ എല്ലാ മതങ്ങളിൽ നിന്നും ഒരുപോലെ ഉൾപ്പെടുത്തണമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

mappilaheritagelibrary.com

ആയതിനാൽ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയും യ ഥാർഥ ക്ലോസിനെ അതുപോലെ പിന്തുണക്കുകയും ചെയ്യുന്നു. എന്നാൽ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാനാ യി ചില പ്രത്യേക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രോത്സാഹനം നൽകാൻ വേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളു മുണ്ട് എന്ന് ചേർത്തുപറയാനും ഞാൻ ആഗ്രഹിക്കുന്നു. ഈ ക്ലോ സ് അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബാധിക്കരുതെന്നും ഞാൻ വിനയപൂർവം ഉണർത്തുന്നു.

1948, നവംബർ ഒൻപത്, ചൊവ്വ

സർ,

ഈ പ്രമേയം സംബന്ധിച്ച് സംസാരിക്കാൻ അവസരം തന്നതി ലുള്ള കൃതജ്ഞത അറിയിക്കുന്നു. ആദ്യമായി ഭാഷാപ്രശ്നത്തെ ക്കുറിച്ച് ചിലതു പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ ഉന്ന തമായ സംവിധാനത്തിലേക്ക് ഞാൻ ആദ്യമായി എത്തിപ്പെട്ടപ്പോൾ ഇതിന്റെ നടപടിക്രമങ്ങൾ പൂർണമായി മനസിലാക്കാൻ കഴിയാ ത്ത ഒരു സാഹചര്യമാണ് അനുഭവപ്പെട്ടത്. അതേ വിധത്തിൽ നിർഭാഗ്യവാൻമാരായ നിരവധി പേർ സഭയിലുണ്ടെന്ന് പിന്നീട് മ നസിലാകുകയും ചെയ്തു. ദശലക്ഷക്കണക്കിന് ആളുകളുടെ വി ധി എന്നെന്നേക്കുമായി നിർണയിക്കേണ്ട കോൺസ്റ്റിറ്റുവന്റ് അ സംബ്ലി ഈ രൂപത്തിൽ പ്രവർത്തിച്ചാൽ രാജ്യത്തിനോ അസം ബ്ലിക്കു തന്നെയോ അതുകൊണ്ട് നേട്ടമൊന്നും ഉണ്ടാവില്ലെന്ന് പി ന്നീട് തോന്നി. നമ്മളിൽപ്പെട്ട എല്ലാവർക്കും പരസ്പരം മനസ്സിലാ കാഞ്ഞിട്ടും നാം വളരെ ഗൗരവമേറിയ വിഷയങ്ങളെക്കുറിച്ച് ദീർ ഘമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതു സംബ ന്ധിച്ച് ഞാൻ എന്റെ സങ്കടം അറിയിച്ചെങ്കിലും ഫലമൊന്നുമുണ്ടാ യില്ല. ആ വൈകല്യം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ചെ റിയ തോതിലെങ്കിലും അതിനൊരു കുറവ് വന്നിട്ടുണ്ടെന്നുള്ളതിൽ സന്തോഷവുമുണ്ട്.

സർ, ഭരണഘടനയുടെ കരടിൽ ഔദ്യോഗിക ഭാഷ ഹിന്ദിയും ഇംഗ്ലീഷുമാക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതും അ സ്വാഭാവികതയുണ്ടാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു ഭാഷയിൽ നടത്തുന്ന പ്രസംഗങ്ങളുടെ രത്നച്ചുരുക്കം മറ്റേ ഭാഷ യിൽ നൽകാനുള്ള വ്യവസ്ഥ തീർച്ചയായും ഉണ്ടെങ്കിലും അതി ന് ഏതുവരെയെന്നും ഏതു രീതി സ്വീകരിക്കണമെന്നുമുള്ള വ്യ വസ്ഥകളൊന്നും ആയിട്ടില്ല. ഒരു നിശ്ചിത കാലത്തേക്ക്, അത് പ ത്തു വർഷമോ പതിനഞ്ചു വർഷമോ സൗകര്യപ്രദമായി ഔദ്യോ ഗിക ഭാഷ ഇംഗ്ലീഷായി തന്നെ തുടരാൻ വ്യവസ്ഥയുണ്ടാകണ

mappilaheritagelibrary.com

മെന്നാണ് എനിക്ക് സഭയിൽ ഉണർത്താനുള്ളത്. ഇംഗ്ലീഷ് ഭാഷയെ വെറുക്കേണ്ട കാര്യമൊന്നുമില്ല. ആ ഭാഷയിൽ നിന്ന് നാം ഉൾക്കൊണ്ട സംസ്കാരങ്ങളെക്കുറിച്ച് നന്ദിയുള്ളവരാകുകയാണ് വാസ്തവത്തിൽ വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യ സമരത്തിലും നാം നേടിയ സ്വാതന്ത്ര്യത്തിലും ഇംഗ്ലീഷ് ഭാഷയും അതിൽ നിന്നു നാം ഉൾക്കൊണ്ട സംസ്കാരവുമെല്ലാം പകർന്ന സംഭാവനകൾ ചെറുതല്ല. അതുകൊണ്ട് ആ ഭാഷയെ വെറുക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല, പ്രത്യേകിച്ച് നാം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ ശേഷം. നമുക്ക് ഭൂമിയുടെ ഏതു ഭാഗത്തുള്ള രാജ്യത്തു നിന്നും ഇഷ്ടമുള്ളത് സ്വീകരിക്കാൻ അവകാശമുണ്ട്. ഭാഷയിൽ ആർക്കും ഉടമസ്ഥതയില്ലെന്ന് കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷുകാരന് ഇംഗ്ലീഷ് അവന്റെ മാത്രം ഭാഷയെന്നോ നമുക്ക് ഹിന്ദി നമ്മുടെ മാത്രം ഭാഷയൊന്നോ അവകാശപ്പെടാൻ കഴിയില്ല. ലോകത്ത് നിരവധി ഭാഷകളുള്ളതുകൊണ്ട് ഏതു ഭാഷയും നമുക്ക് ഉപയോഗിക്കാം. അതു കൊണ്ട് രാജ്യത്തെ പൊതു ജനങ്ങൾക്ക് പൊതുഭാഷയായി ഹിന്ദി ഉപയോഗിക്കാൻ കഴിയും വരെയുള്ള കാലത്തേക്ക് ഇംഗ്ലീഷ് ഭാഷയെ നമുക്ക് ദേശീയ ഭാഷയായി സ്വീകരിക്കാം. അത്തരമൊരു അവസ്ഥയിലെത്തും വരെ നാം ഇംഗ്ലീഷ് തന്നെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചാൽ പാർലമെന്റിൽ ഒത്തുചേരുന്നവർക്കെല്ലാം അത് മനസ്സിലാക്കാൻ സാധിക്കും. തീർച്ചയായും, ഇക്കൂട്ടത്തിൽ ഇംഗ്ലീഷ് മനസിലാക്കാൻ പ്രയാസമുള്ള ചിലരെങ്കിലും ഉണ്ടായേക്കാം. എന്നാൽ ബഹുഭൂരിപക്ഷവും ഇംഗ്ലീഷ് പരിജ്ഞാനമുള്ളവരാണ്. അതുകൊണ്ട് അടുത്ത 15 വർഷത്തേക്കെങ്കിലും ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷ് തന്നെ തുടരണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. അതിനുള്ളിൽ രാജ്യത്തിന് സ്വന്തമായ ഒരു ദേശീയ ഭാഷയുണ്ടാക്കുകയും ചെയ്യാം.

സർ, എന്താവണം ദേശീയ ഭാഷ എന്ന് തീരുമാനിക്കേണ്ടത് ഈ ഉന്നതമായ സംവിധാനമാണ്. എനിക്ക് ഹിന്ദി, ഉറുദു, ഹിന്ദുസ്ഥാനി ഭാഷകളിൽ പരിചയമില്ലെന്ന് ആദ്യമേ പറയട്ടെ. അതുകൊണ്ട് നിസ്സംഗമായ കാഴ്ചപ്പാടാണ് ഞാൻ സ്വീകരിക്കുന്നത്. ഒറ്റ രാത്രി കൊണ്ട് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഹിന്ദി പഠിക്കാൻ കഴിയുമെന്ന് പറയുന്നത് വളരെ പ്രയാസകരമായ കാര്യമാണ്. നമുക്കൊരു ദേശീയ ഭാഷ വേണമെന്ന കാര്യത്തിൽ തർക്കമില്ല, എന്നാൽ അത് പഠിക്കാനുള്ള സാഹചര്യവും സാവകാശവും നൽകി രാജ്യത്തെ നാം ഒരുക്കണം. ഇപ്പോൾ ഹിന്ദി നിർബന്ധമായി ഔദ്യോഗിക ഭാഷയാക്കിയാൽ വരുന്ന തെരഞ്ഞെടുപ്പിൽ ഹിന്ദി അറിഞ്ഞിരിക്കുക എന്നത് സ്ഥാനാർഥികളുടെ പ്രാഥമിക

mappilaheritagelibrary.com

യോഗ്യതയായി മാറും. അത് രാജ്യത്തിന്റെ താൽപര്യങ്ങൾക്ക് ഹാനികരമാകും. അങ്ങനെ വന്നാൽ ഹിന്ദിയിലുള്ള അറിവായിരിക്കും പ്രതിനിധികളെ കണ്ടെത്തുന്നതിനുള്ള പ്രധാന മാനദണ്ഡം.

സമയപരിമിതി മൂലം അതു സംബന്ധിച്ച് കൂടുതൽ പറയുന്നില്ല. മറ്റൊന്നു കൊണ്ടുമല്ല, രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ പവിത്രാഭിലാഷമായിരുന്നു എന്നതു കൊണ്ട് ഈ ഉന്നത സംവിധാനം ഹിന്ദുസ്ഥാനി ദേശീയ ഭാഷയായി തെരഞ്ഞെടുക്കണം. ഈ ഭാഷകൾ തമ്മിലുള്ള തർക്കത്തിൽ ഏറ്റവും കൂടുതൽ ഇടപെട്ടതും അദ്ദേഹമായിരുന്നു. അതുകൊണ്ടു തന്നെ പരിപക്വമായ ആലോചനകൾക്കു ശേഷം ആ മഹാനുഭാവൻ നിർദേശിച്ചത് ദേവനാഗരി, പേർഷ്യൻ ലിപികളുള്ള ഹിന്ദുസ്ഥാനി ഭാഷയെ ഔദ്യോഗിക ഭാഷയായി സ്വീകരിക്കണമൊണ്. ഈ ഭാഷയെ സ്വീകരിച്ചുകൊണ്ട് രാജ്യം ആ മഹാന്റെ സ്മരണയോട് ആദരവു കാട്ടണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

സർ, അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്ക് അനുസരിച്ച് നീങ്ങാൻ നമുക്ക് സാധിച്ചില്ലെങ്കിൽ മഹാത്മജിയോട് നാം കാട്ടുന്ന ആദരവും ആത്മാർഥതയുമെല്ലാം വെറും അധരസേവയും അധര വ്യായാമവും മാത്രമാണെന്ന് പറയേണ്ടി വരും. ആ മഹാത്മാവിന് നാം നൽകുന്ന ആദരവ് കേവലം അധരസേവ മാത്രമാണെന്ന് നമുക്ക് പറയിപ്പിക്കാതിരിക്കാം. മഹാത്മാ ഗാന്ധി മരിച്ചയുടനെ തന്നെ അദ്ദേഹത്തിന്റെ വീക്ഷണങ്ങളെയും ആഗ്രഹങ്ങളെയും ആറടി മണ്ണിൽ കുഴിച്ചുമൂടിയെന്ന കുറ്റപ്പെടുത്തൽ കേൾക്കാനുള്ള അവസരം നമുക്കുണ്ടാക്കാതിരിക്കാം. അദ്ദേഹത്തിന്റെ സ്മരണക്കു വേണ്ടിയെങ്കിലും ഹിന്ദുസ്ഥാനി ഔദ്യോഗിക ഭാഷയാക്കാനായി വോട്ടു ചെയ്യണമെന്ന് സഭയിലെ എല്ലാ അംഗങ്ങളോടും ഞാൻ അഭ്യർഥിക്കുന്നു.

ഇനി, മറ്റൊരു പ്രശ്നത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്, വ്യക്തിസ്വാതന്ത്ര്യം സംബന്ധിച്ചുള്ളതാണത്. വിവിധ സർക്കാരുകൾക്ക് ഓർഡിനൻസ് ഇറക്കാനുള്ള അധികാരത്തെക്കുറിച്ച് അടുത്തിടെയായി നാം ഏറെ കേട്ടിട്ടുണ്ട്. പ്രത്യേകിച്ച് മദ്രാസ് പ്രസിഡൻസിയിൽ ഓർഡിനൻസ് ഭരണം എനിക്ക് നന്നായി അറിയാം. നിയമനിർമാണ സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ദിവസം വൈകി സഭാ സമ്മേളനം നിർത്തിവച്ചുകൊണ്ട് തൊട്ടടുത്ത ദിവസം രാവിലെ വരുന്നു ഈ ഓർഡിനൻസ് ബോംബ്. ക്രിമിനൽ പ്രൊസീജ്യർ കോഡ് 491-ാം വകുപ്പ് പ്രകാരം ഹേബിയസ് കോർപ്പസ് റിട്ട് അനുവദിക്കാനുള്ള ഹൈക്കോടതിയുടെ അധികാരം കൂടി എടുത്തുകളഞ്ഞുകൊണ്ടുള്ള ഓർഡിനൻസ്. ഓർഡിനൻസ് ഇറക്കാനുള്ള അധികാരം നില

mappilaheritagelibrary.com

നിർത്തിയാൽ, അധികാരം ദുർവിനിയോഗം ചെയ്യപ്പെടാനും പ്രജകളുടെ സ്വാതന്ത്ര്യത്തെ വളരെ അശ്രദ്ധമായി കൈകാര്യം ചെയ്യപ്പെടാനുമിടയുണ്ടെന്ന് ചൂണ്ടിക്കാട്ടാനാണ് ഞാനീ സംഭവം പറഞ്ഞത്. ഈ ഓർഡിനൻസുകളുടെ പശ്ചാത്തലത്തിൽ ആയിരക്കണക്കിന് നിഷ്കളങ്കരായ ആളുകളെയാണ് സ്വന്തം സ്ഥാവര ജംഗമസ്വത്തു പോലെ അറസ്റ്റ് ചെയ്യുകയും തുറുങ്കിലടക്കുകയും ചെയ്തിരിക്കുന്നത്. അവർ ചെയ്ത കുറ്റമെന്തെന്ന് അറിയിക്കണമെന്നു പറയുന്ന പൊതു സുരക്ഷാ നിയമം പോലും കാറ്റിൽ പറത്തിയിരിക്കുന്നു. പ്രജാ സ്വാതന്ത്ര്യത്തിന്റെ പേരിലാണെങ്കിലും ഹൈക്കോടതിയുടെ അധികാരങ്ങൾ കവർന്നെടുക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ സഭയ്ക്കു് സാധിക്കണമെന്നാണ് എന്റെ അഭ്യർഥന. പ്രജകളുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനായി നിയമനിർമാണ സഭകൾക്കോ സർക്കാരിനോ ഹൈക്കോടതിയുടെ അധികാരം എടുത്തുകളയാനുള്ള ഓർഡിനൻസുകൾ ഇറക്കാൻ അനുമതി നൽകരുത്. അത് വളരെ അടിസ്ഥാനമായ കാര്യമാണ്. വിചാരണ കൂടാതെ ആളുകളെ തടങ്കലിൽ പാർപ്പിച്ചിരുന്നപ്പോൾ ബ്രിട്ടീഷുകാർക്കെതിരെ പ്രതിഷേധിച്ചിരുന്നവരാണ് നാം. ഇതൊരു ദൈവികമായ അവകാശമാണെന്ന് ഞാൻ പറയുന്നു. മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തി ഏതു മതത്തിൽ പെട്ടയാളായാലും ഏതു രാഷ്ട്രീയ, വർഗത്തിൽ പെട്ടയാളായിരുന്നാലും നീതിപീഠം വഴിയുള്ള വിചാരണക്കു ശേഷമല്ലാതെ അയാളെ തുറുങ്കിലടക്കില്ലെന്ന് ഉറപ്പുവരുത്തണം. ദൈവികമായ ഈ അവകാശത്തിൽ നിന്ന് ഒരു പൗരനെയും ഒഴിവാക്കരുത്. അടിയന്തര സാഹചര്യങ്ങൾ വന്നേക്കാം എന്നു പറയാറുണ്ട്. അങ്ങനെ വന്നാൽ പോലും അയാൾ വ്യക്തമായ വിചാരണ കൂടാതെ തടവിൽ പാർപ്പിക്കപ്പെടില്ലെന്ന് ഉറപ്പാക്കാൻ ഹൈക്കോടതിക്ക് അധികാരം വേണം. നീതിപീഠത്തിനു മുന്നിലുള്ള വിചാരണ കൂടാതെ ഒരു പൗരന്റെ സ്വാതന്ത്ര്യം ഇല്ലാതാക്കും വിധം നിയമം നിർമിക്കുന്നതിനോ ഓർഡിനൻസ് ഇറക്കുന്നതിനോ നിയമനിർമാണ സഭയ്ക്കോ സർക്കാരിനോ ആർക്കും ഒരധികാരവും അനുവദിക്കരുത്. അതുകൊണ്ട് ഓരോ പൗരന്റെയും സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും നീതിന്യായ വ്യവസ്ഥക്കു മുന്നിൽ വിചാരണ കൂടാതെ തടവിലിടാൻ കഴിയാത്ത വിധമുള്ള ആ വ്യവസ്ഥ മൗലികാവകാശമായി മാറ്റണമെന്നും സഭയോട് ഞാൻ അഭ്യർഥിക്കുന്നു.

ഒരു വാക്കു കൂടി. സർ, അത് ഹൈക്കോടതി ജഡ്ജിമാരുടെ ശമ്പളം സംബന്ധിച്ചാണ്. ഫെഡറൽ കോടതി ചീഫ് ജസ്റ്റിസിന്റെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും ശമ്പളം ചുരുക്കാനുള്ള നടപടി പിൻവലിക്കണമൊവശ്യപ്പെട്ട് അവർ നൽകിയ

mappilaheritagelibrary.com

ഹർജി ഇന്ന് രാവിലെ ഞങ്ങൾക്കു വിതരണം ചെയ്തിരുന്നു. അ വർ വളരെ ന്യായമായ ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നതെന്നാ ണ് ഹർജി നോക്കിയപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്. അവരു ടെ ശമ്പളം 70 വർഷം മുമ്പ് നിശ്ചയിച്ചതാണ്. അതിനു ശേഷം എല്ലാം ഉയർന്നു പോയ സ്ഥിതിക്ക് അവരുടെ ശമ്പളം കുറയ്ക്കുന്ന തിനെതിരാണ് സാഹചര്യങ്ങൾ. രൂപയുടെ ക്രയമൂല്യം താഴെ പോ യിരിക്കുന്നു, ആദായ നികുതി കൂട്ടി, ആധുനിക ജീവിതം കൂടു തൽ ചെലവേറിയതായി. അവരുടെ ഉയർന്ന പദവി നിലനിർത്താ നും പ്രകോപനങ്ങൾക്കതീതരായി അവരെ നിർത്താനും ഹൈ ക്കോടതി ജഡ്ജിമാരുടെ ശമ്പളം കുറയ്ക്കാതെ ഇപ്പോഴുള്ളതു തന്നെ നിലനിർത്തേണ്ടത് വളരെ അനിവാര്യമാണ്.

ഒരു നിമിഷം കൂടി, സർ. ന്യൂനപക്ഷങ്ങളുടെ അവകാശം നി ലനിർത്തുതിനുള്ള ഏകമാർഗം പ്രത്യേക ഇലക്ടറേറ്റ് നൽകുക യാണെന്ന അഭിപ്രായമാണ് ഞാൻ പ്രകടിപ്പിച്ചത്. അത് കൂടുതൽ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇക്കാര്യം സഭ നേരത്തെ ചർച്ച ചെയ്തതാണെന്നും സഭ അതിനെതിരായിരുന്നുവെന്നും എ നിക്കറിയാം. ഇപ്പോഴും സഭ അതിനെതിരാണെന്നും അറിയാം. ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനുള്ള ഏകമാർഗം അതാണെന്ന എന്റെ ആത്മാർഥമായ ചിന്തയാണ് ഇവിടെ വയ് ക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തെ സഭ മുൻവിധികളില്ലാതെ സമീപിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഒരു കാരണവശാ ലും അത് പ്രായോഗികമല്ലെങ്കിൽ, സഭയ്ക്ക് അത് അംഗീകരിക്കാൻ കഴിയില്ലെങ്കിൽ സംവരണം വളരെ അനിവാര്യമായിത്തീരും. അ തിന്റെ കാരണങ്ങളിലേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തു തന്നെയായാലും സീറ്റുകളുടെ സംവരണം നിലനിർത്തു ക തന്നെ വേണം. കൈമാറാവുന്ന ഒറ്റവോട്ടിലൂടെ ആനുപാതിക പ്രാതിനിധ്യമനുസരിച്ചുള്ള തെരഞ്ഞെടുപ്പോ ഒരുമിച്ചു വോട്ടു ചെ യ്തുകൊണ്ട് ബഹുമണ്ഡല രൂപീകരണമോ തുടങ്ങിയവ മറ്റു ബ ദലുകളാവാം. ന്യൂനപക്ഷ സംരക്ഷണത്തിനുള്ള യഥാർഥ പരി ഹാരവും ശരിയായ രീതിയും പ്രത്യേക ഇലക്ടറേറ്റ് ആണെന്നേ ഞാൻ പറയൂ. ആനുപാതിക പ്രാതിനിധ്യമനുസരിച്ച് കൈമാറാ വുന്ന ഒറ്റവോട്ടിലൂടെയുള്ള തെരഞ്ഞെടുപ്പ് വളരെ സങ്കീർണമാ യ രീതിയാണ്, അല്ലെങ്കിൽ ഞാൻ അത് തെരഞ്ഞെടുക്കുമായി രുന്നു.

mappilaheritagelibrary.com

1948 നവംബർ 19, വെള്ളി

സർ,

ഈ ഭേദഗതിയെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. സഭയുടെ അധികസമയം എടുക്കാതെ ഒരു വസ്തുത സഭയുടെ മുന്നിൽ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിരോധന വ്യവസ്ഥയിലൂടെ ഉയർന്നുവരാവുന്ന സാമ്പത്തിക പ്രയാസങ്ങൾ മുൻ പ്രസംഗകരിലൊരാൾ ചൂണ്ടിക്കാട്ടുകയുണ്ടായി. നിരോധന നിയമം മദ്രാസ് സർക്കാരും മദ്രാസ് നിയമനിർമാണ സഭയും അംഗീകരിക്കുകയും അത് മനോഹരമായ രീതിയിൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു എന്ന കാര്യവും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും അത് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രയാസങ്ങൾ മറികടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സാമ്പത്തിക പ്രയാസങ്ങൾ നമുക്ക് വഴിമുടക്കിയാവരുതെന്നാണ് എനിക്കു പറയാനുള്ളത്. മുൻ പ്രസംഗകൻ സൂചിപ്പിച്ചതു പോലെ ഗാന്ധിജിയോട് നമുക്ക് യഥാർഥ ആദരവുണ്ടെങ്കിൽ മൗലികാവകാശങ്ങളുടെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയില്ലെങ്കിലും നിരോധന വ്യവസ്ഥയെ നിർദേശക തത്വങ്ങളിലെങ്കിലും നാം ഉൾപ്പെടുത്തണം. നിർദേശക തത്വങ്ങളിൽ ഈ അധ്യായം ഉൾപ്പെടുത്തുകയെന്നത് ഒരു ബുദ്ധിമുട്ടുള്ള കാര്യമേയല്ല.

എന്തായാലും അതിൽ പറയുന്ന കാര്യങ്ങൾ നേടിയെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുമെന്നു മാത്രമേ അതു പറയുന്നുള്ളൂ. ഇക്കാര്യത്തിൽ ഗാന്ധിജിയുടെ മരണ ശേഷം അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ മണ്ണിട്ടു മൂടിയവരെന്ന ദുഷ്പേര് ഈ സഭാംഗങ്ങൾക്ക് ലഭിക്കാതിരിക്കും വിധമുള്ള സമീപനം സ്വീകരിക്കണമൊണ് എന്റെ അഭ്യർഥന.

1948 നവംബർ 23, ചൊവ്വ

സർ, ചട്ടം 35ൽ താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ചേർക്കണമെന്ന് ശ്രീ മുഹമ്മദ് ഇസ്മായിൽ സാഹിബ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

"ഏതു ഗ്രൂപ്പ്, ജനവിഭാഗം, സമുദായമായാലും അവരുടെ സ്വന്തം നിയമങ്ങളെ തള്ളിക്കളയാൻ അവരെ നിർബന്ധിക്കരുത്, അവർക്ക് അത്തരമൊരു നിയമമുണ്ടെങ്കിൽ"

ചട്ടം 35നുള്ള വളരെ മിതമായതും ന്യായമായതുമായൊരു ഭേദഗതിയാണിത്. ഇത് കേവലം മുസൽമാൻമാരുടെ സമുദായത്തി

mappilaheritagelibrary.com

ന്റെ മാത്രം വീക്ഷണത്തിൽ നിന്നുള്ള ഭേദഗതിയായി ഇതിനെ സഭയിലെ മാന്യ അംഗങ്ങൾ കാണരുത്. പരമ്പരാവകാശം, വിവാഹം, പിന്തുടർച്ചാവകാശം, വിവാഹ മോചനം, എൻഡോവ്മെന്റുകൾ വിവിധ നിയമങ്ങൾ പാലിക്കുക രാജ്യത്തെ വിവിധ സമുദായങ്ങളുടെ വീക്ഷണത്തിൽ നിന്നുള്ളതാണ്. രാജ്യത്തെ കീഴടക്കാനും കഴിഞ്ഞ ഒന്നര നൂറ്റാണ്ടോളം ഭരണം നടത്താനും ബ്രിട്ടീഷുകാർക്കു കഴിഞ്ഞതിന്റെ കാരണങ്ങളിലൊന്ന് അവർ ഇവിടെയുള്ള വിവിധ സമുദായങ്ങൾക്ക് അവരുടെ നിയമങ്ങളും ആചാരങ്ങളും പാലിക്കാനുള്ള അവസരം നൽകിയിരുന്നു എന്നതാണെന്നത് ശ്രദ്ധേയമാണ്. അതാണ് നീതിപൂർവകമായ ഭരണകൂടത്തിന്റെ വിജയരഹസ്യം, അതിന്റെ അടിസ്ഥാനത്തിലാണ് വിദേശി ഭരണം പോലും നടന്നത്. രാജ്യത്തിനായി നേടിയെടുത്ത സ്വാതന്ത്ര്യത്തിലൂടെ മതാചാരങ്ങൾക്കുള്ള സ്വാതന്ത്ര്യവും വിശ്വാസ സ്വാതന്ത്ര്യവും സ്വന്തം നിയമ ആചാരങ്ങളെ പിന്തുടരാനുള്ള സ്വാതന്ത്ര്യവുമെല്ലാം കളഞ്ഞുകുളിക്കണമെന്നാണോ പറയുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തു മുഴുവനും ഏക സിവിൽ നിയമങ്ങൾ നടപ്പാക്കണമെന്ന് പറയുന്നത് എന്തർഥത്തിലാണ്. അതിലാവട്ടെ വിവാഹ നിയമം, അനന്തരാവകാശ നിയമം, വിവാഹ മോചന നിയമം തുടങ്ങിയ സിവിൽ നിയമത്തിന്റെ എല്ലാ വിഭാഗങ്ങളും അടങ്ങുന്നതെങ്ങനെ?

ആദ്യമായി, ഈ ക്ലോസ് കൊണ്ടുവന്നതിന്റെ ലക്ഷ്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. 'സിവിൽ കോഡ്' എന്ന പദങ്ങൾ ലക്ഷ്യമാക്കുന്നത് ഇന്ത്യയിൽ ഏകരൂപത്തിൽ സ്വീകരിച്ച സിവിൽ പ്രൊസീജ്യർ കോഡ് പോലെയുള്ള നടപടിക്രമങ്ങളുടെ കാര്യത്തിലോ അതുപോലുള്ള മറ്റു നിയമങ്ങളുടെ കാര്യത്തിലോ ആണെങ്കിൽ ആർക്കും അതിന് എതിർപ്പൊന്നുമില്ല. എന്നാൽ വിവിധ പ്രവിശ്യകളിലെസംസ്ഥാനങ്ങളിലെ വിവിധ സിവിൽ കോടതി നിയമങ്ങൾ മുഖേന ഓരോ സമുദായവും അവരുടെ നിയമ ആചാരങ്ങൾ ഉദാഹരണത്തിന്, വിവാഹം, അനന്തരാവകാശം, വിവാഹമോചനം തുടങ്ങിയ വ്യക്തിപരമായ നിയമങ്ങൾ പിന്തുടരാനുള്ള അനുമതി നേടിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ, വിവിധ പ്രവിശ്യകളിൽ നടക്കുന്ന സിവിൽ കോടതി നിയമപ്രകാരമുള്ള വ്യവസ്ഥകളെയെല്ലാം മറികടക്കാനും എല്ലാവിഭാഗം ജനങ്ങൾക്കു മേലും നടപ്പാക്കാനുമാണ് ഭരണകൂടം ലക്ഷ്യമിടുന്നതെങ്കിൽ, ഞാൻ ഇത്ര മാത്രം പറയുന്നു, സർ, ഇത് വച്ചു പൊറുപ്പിക്കാനാവാത്ത വളരെ സ്വേച്ഛാധിപത്യപരമായൊരു വ്യവസ്ഥയാണ്. ഇത് ഞാൻ മുസൽമാൻമാരുടെ കാര്യം മാത്രം പറയുകയാണെന്ന രീതിയിൽ എടുക്കുകയും വേണ്ട. മതപരമായ ആചാരങ്ങളിൽ മതപരമായ

mappilaheritagelibrary.com

നിയമങ്ങളിൽ ഇടപെടുകയെന്നത് സ്വേച്ഛാധിപത്യപരമാണെന്ന് ചിന്തിക്കുന്ന രാജ്യത്തെ നിരവധി വിഭാഗങ്ങളുടെ ആശങ്കയാണ് ഇതു പറയുന്നതിലൂടെ ഞാൻ പങ്കുവെക്കുന്നത്. ആ മത നിയമങ്ങളനുസരിച്ചാണ് അവർ ഇപ്പോഴും ജീവിക്കുന്നത്.

ഈ വിഷയങ്ങളിൽ വിവിധ വിഭാഗങ്ങൾക്കു പറയാനുള്ള കാര്യങ്ങൾ കുറിപ്പടികളായി നിങ്ങൾക്കൊക്കെ ലഭിച്ചതു പോലെ എനിക്കും ലഭിച്ചിട്ടുണ്ട്. ഇത് സ്വേച്ഛാധിപത്യപരമായ ഇടപെടലാണെന്ന് പറയുന്ന മുസൽമാൻമാർ അല്ലാത്ത ഹിന്ദുസംഘടനകളുടെയും മറ്റും കുറിപ്പടികൾ കൂടി ഞാൻ നോക്കുന്നുണ്ട്. ഭരണഘടനാ വീക്ഷണത്തിലൂന്നി നിന്നുകൊണ്ട് അവരുടെ അവകാശത്തിൽ ഇടപെടാൻ ഈ സഭയ്ക്കുള്ള അധികാരത്തെയും അവകാശത്തെയും വരെ അവർ ചോദ്യം ചെയ്യുന്നുണ്ട്. അവർ ചോദിക്കുന്നു: മതപരമായ അവകാശങ്ങളിലും ആചാരങ്ങളിലും ഇടപെടണമെന്ന് ശഠിക്കുന്ന ഏത് അംഗങ്ങളാണ് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിലുള്ളത്?

ഈ പ്രശ്നം തിരിച്ചയക്കപ്പെട്ടതാണോ അതോ അവർക്ക് അതിനുള്ള അവകാശം ഉണ്ടോ? ഈ പ്രശ്നങ്ങളെല്ലാം ഉന്നയിച്ച് നടത്തിയ തെരഞ്ഞെടുപ്പിനു ശേഷം വിവിധ നിയമനിർമാണ സഭകൾ അവ തിരിച്ചയച്ചിട്ടുണ്ടോ?

ഇതു പോലൊരു സംവിധാനം മതപരമായ അവകാശങ്ങളിലും ആചാരങ്ങളിലും ഇടപെടുന്ന പക്ഷം അത് സ്വേച്ഛാധിപത്യപരമായിരിക്കും. ഈ സംഘടനകൾ ഞാൻ ഉപയോഗിച്ചതിനെക്കാൾ കടുപ്പമുള്ള വാക്കുകളാണ് പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട്, മുസ്‌ലിം സമുദായത്തിൽ നിന്നു വരുന്ന വീക്ഷണം മാത്രമാണെന്ന നിലയിൽ എന്റെ പ്രസംഗത്തെ കാണരുതെന്ന് സഭയിലെ അംഗങ്ങളോട് അഭ്യർഥിക്കുന്നു. ഹിന്ദു സമുദായത്തിലെ തന്നെ വിവിധ വിഭാഗങ്ങൾ തമ്മിൽ അനന്തരാവകാശ നിയമത്തിൽ തന്നെ വലിയ വ്യത്യാസമുണ്ടെന്ന് എനിക്കറിയാം. ഈ വ്യത്യാസങ്ങളെയെല്ലാം മാറ്റിവച്ച് ഈ അസംബ്ലി അവയെ എല്ലാം ഒരേ രൂപത്തിൽ ഏകീകരിക്കാൻ പോകുകയാണോ? ഏകീകരണമെന്നു പറയുമ്പോൾ, ഞാൻ ചോദിക്കട്ടെ, നിങ്ങൾ എന്താണുദ്ദേശിക്കുന്നത്, ഏതു സമുദായത്തിന്റെ ഏതു പ്രത്യേക നിയമമാണു നിങ്ങൾ അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കാൻ പോകുന്നത്? ഇത്തരമൊരു ക്ലോസിനെ പ്രയോഗവത്കരിക്കാൻ ശ്രമിക്കുമ്പോൾ എന്താണു നിങ്ങളുടെ മനസിലിരിപ്പ്? ഇവിടെ മിതാക്ഷര, ദയഭാഗ വ്യവസ്ഥകളുണ്ട്; ഇതു പോലെ വിവിധ വിഭാഗങ്ങൾ പിന്തുടരുന്ന നിരവധി നിയമങ്ങളുണ്ട്. ഏതാണ് നിങ്ങൾ അടിസ്ഥാനമായി സ്വീകരിക്കാൻ പോകുന്നത്? ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാനു

mappilaheritagelibrary.com

ള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുമുണ്ടോ? ഈ ഒരു ക്ലോസു കൊണ്ട് നിങ്ങൾ രാജ്യത്തെയും ഈ സംവിധാനത്തെയും മുഴുവനായി വിപ്ലവത്തിലേക്കു തള്ളിവിടുകയാണ്. അതിന്റെ യാതൊരു ആവശ്യവുമില്ല.

സർ, ഈ പ്രമേയം സംബന്ധിച്ച് നേരത്തെ സംസാരിച്ച അംഗം മൗലികാവകാശങ്ങൾ സംബന്ധിച്ച 19-ാം ഖണ്ഡം പ്രകാരമുള്ള വ്യവസ്ഥക്ക് പൂർണമായും എതിരാണ് ഈ ക്ലോസ് എന്ന് ചൂണ്ടിക്കാട്ടിയിരുന്നു. അങ്ങനെയെങ്കിൽ ഇത്തരമൊരു ക്ലോസിന്റെ ഉദ്ദേശ്യമെന്താണ്? ഒരു രാജ്യത്തെ മുഴുവൻ കലഹത്തിലേക്ക് തള്ളിവിടുന്നൊരു ആർട്ടിക്കിളിനെ ഒരു പേനത്തുമ്പു കൊണ്ട് പാസാക്കിയെടുക്കാനാകുമോ ഈ അസംബ്ലിക്ക്? അതാണോ ഉദ്ദേശ്യം? ഈ ആർട്ടിക്ക്ൾ കൊണ്ട് ശിൽപികൾ എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്കറിയില്ല. ഇത്രയേറെ ഗൗരവമർഹിക്കുന്ന കാര്യത്തിൽ ആർട്ടിക്ക്ൾ തയ്യാറാക്കിയ ശിൽപികൾ ഇക്കാര്യത്തിന് ആവശ്യമായ ശ്രദ്ധ പതിപ്പിച്ചില്ലെന്നുവേണം പറയാൻ. ഇത് എവിടെ നിന്നെങ്കിലും പകർത്തിയെടുത്തതാണോ എന്നും എനിക്കറിയില്ല. അഥവാ ഇത് എവിടെ നിന്നെങ്കിലും പകർത്തിയതാണെങ്കിൽ ആ ഭരണഘടനയിലെ വ്യവസ്ഥയെയും ഞാൻ അപലപിക്കും. സാഹചര്യങ്ങൾ തീർത്തും വ്യത്യസ്തമായ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്ന് ചില ഭാഗങ്ങൾ പകർത്തുക എളുപ്പമാണ്. നൂറ്റാണ്ടുകളായോ ആയിരക്കണക്കിന് വർഷങ്ങളായോ തുടർന്നുവരുന്ന ആചാര രീതികളുള്ള ബഹുവിധ സമുദായങ്ങൾ നിരവധിയനവധിയാണ്. ഒറ്റ പേനാവെട്ടു കൊണ്ട് അവയെയെല്ലാം ഒന്നാക്കി ഏകീകരിക്കുകയാണ് നിങ്ങൾക്കു വേണ്ടത്. അതിന്റെ ലക്ഷ്യമെന്താണ്? ജനങ്ങളുടെ സ്വത്വബോധത്തെ കൊല ചെയ്യുകയും അവരുടെ മതവിശ്വാസത്തിന്റെയും ആചാരത്തിന്റെയും അടിസ്ഥാനത്തിൽ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നുമുള്ള ചിന്ത വളർത്തുകയുമല്ലാതെ എന്തു ലക്ഷ്യമാണ് ഈ ഏകീകരണത്തിലൂടെ നേടിയെടുക്കാനാവുക? അത്തരമൊരു സ്വേച്ഛാപരമായ നിലപാട് നമ്മുടെ ഭരണഘടനയിൽ ഇടം നേടിക്കൂടാ. ഞാൻ ഉപയോഗിക്കുന്ന ഭാഷയെക്കാൾ വളരെ ശക്തമായ ഭാഷയിൽ ഇതിനെ എതിർക്കുന്ന ഹിന്ദു സമുദായത്തിലെ നിരവധി വിഭാഗങ്ങളുണ്ടെന്ന് സഭയെ ഉണർത്തട്ടെ. ഭൂരിപക്ഷ സമുദായങ്ങൾ ഇതിനെ പിന്തുണക്കുന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ് എന്ന് ഭരണഘടനാ ശിൽപികൾക്ക് വാദമുണ്ടെങ്കിൽ ഞാൻ അതിനെ വെല്ലുവിളിക്കുന്നു. അത് അങ്ങനെയല്ല. ഇനി ഭൂരിപക്ഷം മുഴുവൻ അങ്ങനെ കാണുന്നുണ്ടെങ്കിൽ പോലും അതിനെ അപലപിക്കേണ്ടതാണെന്ന് ഞാൻ പറയും. കാരണം ഒരു ജനാധിപത്യ വ്യവ

mappilaheritagelibrary.com

സ്ഥയിൽ ന്യൂനപക്ഷങ്ങളുടെ ദൈവികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് ഭൂരിപക്ഷങ്ങളുടെ കൂടി ബാധ്യതയാണ്. ഭൂരിപക്ഷം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെയും വികാരങ്ങളെയും മാനിക്കാതിരിക്കുമ്പോൾ എന്നെ സംബന്ധിച്ചിടത്തോളം അതിനെ ജനാധിപത്യമെന്നു വിളിച്ചാൽ ശരിയാവില്ല. അത് ജനാധിപത്യമേ അല്ല, അത് സ്വേച്ഛാധിപത്യമാണ്. അതുകൊണ്ട് ഈ ആർട്ടിക്കൾ സംബന്ധിച്ച ചർച്ചയെ വളരെ ഗൗരവമായി കാണണമെന്നാണ് സഭയിലെ അംഗങ്ങളോട് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഇത് വളരെ ലളിതമായി പാസാക്കാവുന്നതല്ല.

1948, ഡിസംബർ 9, വ്യാഴം

ഈ ആർട്ടിക്കൾ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ അനന്തശയനം അയ്യങ്കാർ നിരീക്ഷിച്ചതുപോലെ ഭരണഘടനയുടെഏറ്റവും പ്രധാന ആർട്ടിക്കിൾ ആണിത്. ഈ ആർട്ടിക്കൾ നൽകുന്ന അവകാശങ്ങളിൽ മറ്റു ആർട്ടിക്കിളുകൾ വഴിയോ ക്ലോസുകൾ വഴിയോ വെള്ളം ചേർക്കപ്പടുകയോ മാറ്റം വരുത്തപ്പെടുകയോ ചെയ്യാതെ കാത്തു സൂക്ഷിക്കേണ്ടതുണ്ട്. വിദേശികളുടെ ഭരണത്തിൻ കീഴിലുണ്ടായിരുന്നതിനെക്കാൾ വ്യക്തിസ്വാതന്ത്ര്യവും പൗരാവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് സ്വാതന്ത്ര്യലബ്ധിക്കു ശേഷമുണ്ടായ അനുഭവങ്ങളിൽ നിന്ന് നാം പഠിച്ചു. അടുത്തിടെ ചില പ്രവിശ്യാ സർക്കാരുകളുടെ ഇടപെടലുകൾ നമ്മെ പഠിപ്പിച്ചത്, അത്തരത്തിൽ ഇടപെടാൻ അവരെ അനുവദിച്ചുകൂടാ എന്നാണ്. സ്വയം ഉണ്ടെന്നു കരുതുന്ന അധികാരങ്ങളുടെ പേരിൽ ചില പ്രവിശ്യാ സർക്കാരുകൾ വ്യക്തിസ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും കൈകാര്യം ചെയ്ത രീതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. "ചില അടിയന്തര ഘട്ടങ്ങൾ വന്നതുകൊണ്ട്, പൊതു താൽപര്യ സംരക്ഷണാർഥം നമുക്ക് പൊതു സുരക്ഷാ നിയമം അനുവദിച്ചു നൽകുന്ന അധികാരങ്ങൾ ഉപയോഗിക്കാമെന്നും അതിനുവേണ്ടി നിരവധി പേരുടെ വ്യക്തിസ്വാതന്ത്ര്യം വെട്ടിച്ചുരുക്കി അവരെ ജയിലിൽ അടയ്ക്കേണ്ടി വന്നേക്കാം" എന്ന വിധത്തിലുള്ള ഫാഷൻ പ്രസ്താവനകൾ പ്രവിശ്യാ സർക്കാരുകൾ ഇറക്കുന്നത് പതിവായിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യം വെട്ടിച്ചുരുക്കാനായി, അവർ ചെയ്ത പാപമെന്തെന്നറിയാതെ, രാജ്യത്തിനെതിരെയോ മറ്റോ എന്തു കുറ്റമാണ് തങ്ങൾ ചെയ്തതെന്നു പോലും അറിയാതെ തന്നെ ഉത്തരവാദിത്തമില്ലാതെ അവരെ അറസ്റ്റു ചെയ്ത് തുറുങ്കിലടക്കുകയാണ്. ആ മാനസികാവസ്ഥയിൽ ആഴ്ചകളും മാസങ്ങളും അവർ തുടരാൻ വിധിക്കപ്പെടുന്നു. സർക്കാർ അവരെ അറസ്റ്റു ചെയ്യാൻ ഉപയോ

mappilaheritagelibrary.com

ഗിച്ച നിയമം തന്നെ അതിനുള്ള കാരണം അവരെ ബോധിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും എന്തിനു അറസ്റ്റിലായെന്നറിയാതെ ദീർഘകാലം അവർ തടവിൽ കഴിയേണ്ടി വരുന്നു.

സമീപകാലത്തായി നടന്ന ഇത്തരം സംഭവങ്ങൾ പരിശോധിച്ചാൽ ഈ ഉത്തരവാദിത്തമില്ലായ്മ ബോധ്യപ്പെടും. ഈ സർക്കാരുകൾക്ക് മേൽ നൽകിയ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുന്നത് സംബന്ധിച്ച് ശക്തമായ സുരക്ഷാമാർഗങ്ങൾ അവലംബിക്കേണ്ടത് അനിവാര്യമാണ്. മന്ത്രിസഭകളുടെ കാലം കഴിഞ്ഞാലും സർക്കാരുകൾ മാറിമാറി വന്നാലും ഇവിടെയുള്ള നീതിന്യായ ഭരണ സംവിധാനത്തെ അതൊന്നും ബാധിക്കാതെ തുടർന്നു പോകണമെന്നുള്ള തത്വം മനസിൽ കണ്ടു വേണം നാം ഭരണ ഘടന രൂപീകരിക്കാൻ എന്നാണ് എന്റെ അഭിപ്രായം. പൊതു ലക്ഷ്യത്തിനപ്പുറം സ്വന്തം അധികാരം, സ്വന്തം പാർട്ടിയുടെ അധികാരം അല്ലെങ്കിൽ അധികാരത്തിലെ സ്വാധീനം അരക്കിട്ടുറപ്പിക്കാനാണ് ഈ നടപടികളെല്ലാം കൈക്കൊള്ളുതെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അത്തരമൊരു സാഹചര്യം ഒരിക്കലും വച്ചുപൊറുപ്പിക്കാവതല്ല. ഞാൻ ഒരു ഉദാഹരണം പറയാം.

മദ്രാസിൽ നിയമനിർമാണ സഭ സമ്മേളനം നടന്നുകൊണ്ടിരിക്കെ, പെട്ടെന്ന് ഒരു വൈകുന്നേരം സഭാ സമ്മേളനം താൽക്കാലികമായി നിർത്തിവെക്കപ്പെട്ടതായി അറിയിപ്പു വന്നു. എന്തിനായിരുന്നു അതെന്ന് ആർക്കും അറിയില്ല. തൊട്ടടുത്ത ദിവസം രാവിലെ ഒരു ഓർഡിനൻസ് ഇറങ്ങി. എന്തിനു വേണ്ടി? നിരവധി വിഷയങ്ങൾ വേറെ മുന്നിലുണ്ടെങ്കിലും പൊതു സുരക്ഷാ നിയമം അവിടെയുണ്ടായിരുന്നു, അതിനു കീഴിൽ നിരവധി ആളുകളെ എന്തിനെന്നു പറയാതെ അറസ്റ്റ് ചെയ്യുകയും തടവിലാക്കുകയും ചെയ്തിരുന്നു. നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയുള്ളതുകൊണ്ടാണ് അവർ അത്തരം സമീപനം സ്വീകരിച്ചിരുന്നത്. നിരവധി ഹേബിയസ് കോർപ്പസ് ഹർജികൾ ഹൈക്കോടതിയിൽ ബാക്കിയായിരുന്നു. അർഹമായ കേസുകളിൽ ഹൈക്കോടതി ഹേബിയസ് കോർപ്പസ് അനുവദിച്ചു. എന്നാൽ ഹൈക്കോടതി ഉത്തരവു പ്രകാരം തടങ്കലിൽ നിന്ന് പുറത്തിറങ്ങിയ അയാളെ അടുത്ത നിമിഷം വീണ്ടും അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ഇതൊന്നും മതിയാവാതെ, ക്രിമിനൽ പ്രൊസീജ്യർ കോഡ് 491-ാം വകുപ്പു പ്രകാരമുള്ള അധികാരം ഹൈക്കോടതി ഉപയോഗിക്കുന്നത് സർക്കാരിനെ അലോസരപ്പെടുത്തി. എന്താണു സംഭവിച്ചതെന്നു വച്ചാൽ, ഒരു വൈകുന്നേരം സഭാ സമ്മേളനം നിർത്തിവെച്ചു, പിറ്റേന്ന് രാവിലെ ക്രിമിനൽ പ്രൊസീജ്യർ കോഡ് ഹൈക്കോടതിയുടെ 491-ാം വകുപ്പു പ്രകാരമുള്ള അധികാരം എടുത്തുകളഞ്ഞ് ഓർഡി

mappilaheritagelibrary.com

നൻസ് ഇറക്കി. ഇതിൽ സത്യസന്ധമായ ഉദ്ദേശ്യമുണ്ടോ? സ്വയാധികാരമുള്ള ഒന്നിനോട് ഇങ്ങനെ ചെയ്യാമെന്ന് ശരാശരി ബുദ്ധിയുള്ള ആരെങ്കിലും പറയുമോ? സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഏറ്റവും വിവാദമായ രീതിയിൽ കൈകാര്യം ചെയ്തതാണിത്. അവരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ പേരിൽ അവർ ഏറ്റവും ഉത്തരവാദിത്തരഹിതരായി പെരുമാറി. അതുകൊണ്ടാണ് ഞാൻ പറയുന്നത്, സർക്കാരിന്റെ മോഹവും സന്തോഷവും അനുസരിച്ചായിരിക്കരുത് കോടതിയുടെ അധികാരങ്ങളെന്ന്. നീതിന്യായ കോടതികളിൽ നിക്ഷിപ്തമായ അധികാരങ്ങളിൽ ഇടപെടാൻ ഒരു കാരണവശാലും സർക്കാരുകളെ അനുവദിക്കാനും പാടില്ല. ജനാധിപത്യ സർക്കാരിന്റെ അടിസ്ഥാനമായ വ്യക്തിസ്വാതന്ത്ര്യം സംബന്ധിച്ച ഉറപ്പും നീതിന്യായ കോടതികളിൽ നിക്ഷിപ്തമായ അധികാരവും ഇത്തരം ഇടപെടലുകൾക്ക് അനുവദിച്ചു നൽകിയാൽ പിന്നെ ആരും സുരക്ഷിതരല്ല. തീർച്ചയായും ഇത് ഭൂരിപക്ഷ സമുദായത്തിന്റെ ന്യൂനപക്ഷ സമുദായത്തിന്റെയോ പ്രശ്നമല്ല. തങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അധികാരത്തെ അട്ടിമറിച്ചേക്കാമെന്ന ഭയം മൂലമോ മറ്റോ അവർക്കിഷ്ടപ്പെടാത്തവരെ, സ്വതന്ത്രരായി ജീവിക്കാൻ അവർ ഇഷ്ടപ്പെടാത്ത വ്യക്തികളെ, ഗ്രൂപ്പുകളെ ജയിലിൽ അടക്കുന്നതാണ് പ്രശ്നം. രാജ്യത്ത് പൊതുവായി ക്രമസമാധാന പ്രശ്നമുള്ളപ്പോൾ സുരക്ഷാനടപടികൾ സ്വീകരിക്കുന്നത് വേറെ, 'അടിയന്തര അധികാരം' എന്ന കണക്കിൽ പെടുത്തി സർക്കാരുകൾക്ക് എന്തും ചെയ്യാനും വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള കോടതികളുടെ പോലും അധികാരം കവർന്നെടുക്കാൻ അനുവദിക്കുകയും ചെയ്യുന്നത് വേറെ.

ഭരണഘടനയ്ക്കു കീഴിൽ ലഭിക്കുന്ന സുപ്രധാന അവകാശങ്ങളിലൊന്നാണിതെങ്കിലും ഇതിലെ ക്ലോസ് (4) ഒരു കൈ കൊണ്ട് നേടിയത് മറ്റേ കൈ കൊണ്ട് കളയുന്നതു പോലെയാണെന്ന് ഞാൻ ആശങ്കപ്പെടുന്നു. അതിനാൽ ഈ ക്ലോസ് ഒഴിവാക്കാനായി മൂവ് ചെയ്ത ഭേദഗതിയെ ഞാൻ പിന്തുണക്കുന്നു. ഈ ക്ലോസിന്റെ ആവശ്യമേയില്ല. അടിയന്തര ഘട്ടങ്ങളിൽ പ്രയോഗിക്കേണ്ട അധികാരം സംബന്ധിച്ച് 280-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്. അതിനും മാറ്റങ്ങൾ ആവശ്യമുണ്ട്, എന്നാൽ അക്കാര്യം ആ ആർട്ടിക്കിളിലേക്ക് ചർച്ച എത്തുമ്പോൾ സംസാരിക്കാം. എന്നാൽ ഈ ക്ലോസിലൂടെ മുമ്പത്തെ ക്ലോസുകൾ നൽകിയ അധികാരങ്ങളിൽ ഇടപെടലുകൾ ഉണ്ടാകുന്നു. അതുകൊണ്ട് ഈ ക്ലോസ് ഇല്ലാതാക്കാനുള്ള ഭേദഗതിയെ ഞാൻ ശക്തമായി പിന്തുണക്കുന്നു. ഇത് നേരത്തെ ഒരു അംഗം ചൂണ്ടിക്കാട്ടിയതു പോലെ ആർട്ടിക്കിൾ 280ന് വിരുദ്ധമായി വരുന്നതു കൊണ്ട് കൂടുതൽ സങ്കീർണതകളുണ്ടാ

mappilaheritagelibrary.com

കും. അതുകൊണ്ട് ക്ലോസ് ഒഴിവാക്കാനുള്ള ഭേദഗതിയെ ഞാൻ പിന്തുണക്കുന്നു.

1948, ഡിസംബർ 30, വ്യാഴം

ഈ ക്ലോസ് ഇപ്പോഴത്തെ രീതിയിൽ ഫെഡറേഷൻ എന്നതിനെ പൂർണമായും കേന്ദ്രീകൃത സർക്കാർ രൂപമാക്കി മാറ്റുമെന്നു റപ്പാണ്. ഇത് വളരെ ഗൗരവമേറിയ കാര്യമാണ്. സർ, നാം ഇപ്പോൾ രൂപീകരിക്കുന്ന ഭരണഘടനയുടെ സ്വഭാവം ഫെഡറൽ രീതിയിലുള്ളതാവുമെന്നാണ് നാം കരുതിയതും പ്രസംഗിച്ചതും. കൺകറന്റ് പട്ടികയിലുള്ള വിഷയങ്ങൾ സംബന്ധിച്ച ഭരണനിർവഹണാധികാരങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിലേക്ക് വക ചേർക്കാൻ അനുവദിക്കുന്ന ഈ ആർട്ടിക്കിൾ പാസാക്കിയാൽ പിന്നെ ഭരണഘടനയെ ഫെഡറൽ എന്ന് വിളിക്കാൻ ഒരു ന്യായവുമുണ്ടാകില്ല. അങ്ങനെ വിളിക്കുന്നത് അനുചിതമാകും. ഇത്തരം വ്യവസ്ഥകളുള്ള ഭരണഘടനയെ ഫെഡറൽ എന്നു വിളിക്കുന്നത് ലളിതമായി പറഞ്ഞാൽ കപടതന്ത്രം മാത്രമാകും. കൺകറന്റ് പട്ടികയിൽ പറയുന്ന ചില വിഷയങ്ങൾ സംബന്ധിച്ച് നിയമനിർമാണം നടത്താനുള്ള അധികാരം കേന്ദ്രസർക്കാരിന് നൽകണമെന്നാണ് പറയുന്നത്. എന്നാൽ അത് തീർത്തും മറ്റൊരു കാര്യമാണ്. ഭരണ നിർവഹണാധികാരം കൂടി കേന്ദ്രത്തിന് നൽകുന്ന വ്യവസ്ഥ വന്നാൽ പ്രവിശ്യകളുടെ അധികാരം ഫലത്തിൽ ശൂന്യമായിരിക്കും. കൺകറന്റ് പട്ടികയിൽ തന്നെ അതിൽ ഇടംപിടിക്കേണ്ടതില്ലാത്ത നിരവധി വിഷയങ്ങൾ നിറഞ്ഞതാണ്. അക്കാര്യം നമുക്ക് അതിന്റെ സമയം വരുമ്പോൾ നോക്കാം. കൺകറന്റ് പട്ടികയിൽ വിശദമായി പ്രതിപാദിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച ഭരണനിർവഹണാധികാരം കൂടി കേന്ദ്രത്തിന് നൽകുന്നതാണ് ഈ ക്ലോസ്. ഇതുമായി ബന്ധപ്പെട്ട്, വളരെ സ്പഷ്ടവും വിശദവുമായ ചോദ്യങ്ങൾ ബഹുമാനപ്പെട്ട പണ്ഡിറ്റ് കുൻസ്രു ഉയർത്തിക്കഴിഞ്ഞ സ്ഥിതിക്ക് സഭയുടെ കൂടുതൽ സമയം കവരാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇനി വിഷയത്തിന്റെ മറ്റൊരു വശം. ഇന്ത്യ പോലെ വലിയൊരു ഉപഭൂഖണ്ഡത്തിൽ ഏറ്റവും ഉൾപ്രദേശങ്ങളിലെ പോലും ജനങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി കണ്ടറിയാൻ കേന്ദ്രത്തിലെ അധികാരികൾക്ക് വളരെ പ്രയാസകരമായിരിക്കും. ഈ വൈകല്യം നിയമനിർമാണത്തിന്റെ കാര്യത്തിലും ഉണ്ടായിരിക്കും. കൺകറന്റ് പട്ടികയിൽ പെടുത്തിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ഭരണനിർവഹണാധികാരം കൂടി കേന്ദ്രത്തിനു നൽകിയാലും രാജ്യ

mappilaheritagelibrary.com

ത്തെ ഏതെങ്കിലും ഉൾപ്രദേശത്തുള്ള ഒരാൾക്ക് നിയമം നടപ്പാക്കിയതു സംബന്ധിച്ച പരാതികൾക്ക് പരിഹാരം തേടി കേന്ദ്രത്തെ സമീപിക്കേണ്ടി വരും. ആയിരക്കണക്കിന് മൈലുകൾ അകലെയുള്ള ഭരണകേന്ദ്രവുമായി ബന്ധപ്പെടാൻ സാധാരണക്കാരായ ആളുകൾക്കെല്ലാം ഒരു ഭാഗത്തു നിന്ന് മറ്റൊരു ഭാഗത്തേക്ക് മണിക്കൂറുകൾ കൊണ്ട് വിമാനം പിടിച്ചു പോകാനൊന്നും കഴിയില്ലല്ലോ. കൺകറന്റ് പട്ടിക നോക്കുകയാണെങ്കിൽ അതിൽ വരേണ്ടതില്ലാത്ത നിരവധി വിഷയങ്ങൾ കാണാൻ കഴിയും. എന്തായാലും, അക്കാര്യങ്ങൾ കേന്ദ്രത്തിനു കീഴിലുള്ള ഉദ്യോഗസ്ഥ സംവിധാനമാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ അത് വളരെ പ്രയാസകരമായിരിക്കും. അതിനുള്ള സംവിധാനം വളരെ ദുർബലവുമാണ്. ഭരണകൂടത്തിനു മേൽ തന്നെ അതൊരു കളങ്കമായിരിക്കും.

കൺകറന്റ് പട്ടികയിൽ പറയുന്ന വിഷയങ്ങൾ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്നതിന്റെ പ്രയാസം അനുഭവിക്കേണ്ടി വരുന്നയാൾക്ക് പരിഹാരം തേടി ഒരുപാട് ദൂരം സഞ്ചരിക്കേണ്ടി വരും. അങ്ങനെ എത്തിയാൽ പോലും കേന്ദ്രത്തിലുള്ള ഉദ്യോഗസ്ഥർക്ക് ആ പ്രയാസം മനസിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. ഇപ്പോഴത്തെ സാഹചര്യത്തിൽ കൺകറന്റ് പട്ടികയിലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രവിശ്യകളിലാണ്. ആ വിഷയങ്ങളുടെ ഭരണനിർവഹണാധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാക്കുകയെന്നത് വളരെ പിറകോട്ടു പോകുന്ന നീക്കമാണ്. ബ്രിട്ടീഷ് ഭരണം തുടങ്ങിയ 1919 മുതൽ തന്നെ പ്രവിശ്യാ സ്വയം ഭരണം ഭരണപരിഷ്കാരത്തിന്റെ ലക്ഷ്യങ്ങളിലൊന്നായി കണ്ടിരുന്നതാണ്. ഇപ്പോൾ നാം സ്വാതന്ത്ര്യം നേടിയ ശേഷം പ്രവിശ്യാ സ്വയംഭരണം എടുത്തുകളയുകയും അധികാരമെല്ലാം കേന്ദ്രത്തിൽ മാത്രം നിക്ഷിപ്തമാക്കുകയും ചെയ്യുന്നത് ഏകകക്ഷി ആധിപത്യത്തിനു തുല്യമായ നീക്കമാണ്. തീർത്തും അപലപനീയവും. ഒരു പട്ടിയെ ചീത്ത പേരു വിളിച്ച് തൂക്കിക്കൊല്ലുന്നത് സർവസാധാരണമായിരിക്കുന്നു. പ്രവിശ്യാ സ്വയംഭരണത്തെ സംരക്ഷിക്കുകയും ചില പ്രത്യേക വിഷയങ്ങൾ അവർ തന്നെ കൈകാര്യം ചെയ്യണമെന്ന് ശഠിക്കുകയും ചെയ്യുന്നതാണ് പ്രവിശ്യാവാദം, അതും അപലപിക്കപ്പെടേണ്ടതാണ്. ഭാഷാടിസ്ഥാനത്തിൽ പ്രവിശ്യാ വിഭജനം ജനങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ അത് വിഭാഗീയതയാണ്, അപലപനീയമാണ്. എന്നാൽ ഇത്തരത്തിൽ വർഗീകരണം നടത്തുന്നവർ സംഭവങ്ങളുടെ ഗതിവിഗതികളും പരിഗണിക്കേണ്ടതാണ്. അത് നീങ്ങുന്നത് സമഗ്രാധിപത്യത്തിലേക്കാണ്, അതിനെ കൂടുതൽ ശക്തമായ ഭാഷയിൽ അപലപിക്കണം. എന്നാൽ, വർഗീയത, പ്രവിശ്യാവാദം, വിഭാഗീയത തുടങ്ങിയ ഇസ

mappilaheritagelibrary.com

ങ്ങളെ അപലപിക്കുന്നവർ എത്തുന്നത് സർവാധിപത്യത്തിലേക്കോ അല്ലെങ്കിൽ ഫാഷിസത്തിലേക്കോ ആണെന്ന് ഞാൻ ആശങ്കപ്പെടുന്നു. പ്രത്യേക ജനവിഭാഗത്തിനായി പ്രത്യേകമായി ചിന്തിക്കുന്ന വിഭാഗമുണ്ടെങ്കിൽ അത് വർഗീയതയെന്ന നിലയിലോ മറ്റേതെങ്കിലും ഇസമെന്ന നിലയിലോ പുച്ഛിക്കപ്പെടുന്നു. എല്ലാ എതിർപ്പുകളെയും ഈ വിധത്തിൽ ഒഴിവാക്കിയാൽ ഫലം ഏറ്റവും മോശമായ സർവാധിപത്യമായിരിക്കും. അതാണ് കരടു ഭരണഘടനയുടെ വ്യവസ്ഥകളുടെ കാര്യത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഈയൊരു പ്രവണതയെ തിരിച്ചറിഞ്ഞ്, അത് ഒഴിവാക്കിയെന്നും പിന്നീട് ദുഃഖിക്കേണ്ടി വരില്ലെന്നും ഉറപ്പാക്കുകയും വേണം. അതുകൊണ്ട് ഈ വ്യവസ്ഥ സംബന്ധിച്ച് വളരെ മിതമായ ഒരാവശ്യമേ ഞാൻ ഉന്നയിക്കുന്നുള്ളൂ. കൺകറന്റ് പട്ടികയിലെ പറയപ്പെട്ട വിഷയങ്ങളുടെ നിയമനിർമാണാധികാരം കേന്ദ്രത്തിനാവാമെങ്കിലും ഭരണനിർവഹണാധികാരം പ്രവിശ്യകൾക്കു തന്നെ വിട്ടുകൊടുക്കണം. വിവിധ പ്രവിശ്യകളിൽ നിന്നുള്ള ബഹുമാന്യ അംഗങ്ങൾ ഇതേ വികാരം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ചില വ്യക്തമായ കാരണങ്ങൾ കൊണ്ട് അവരുടെ കാഴ്ചപ്പാട് വ്യക്തമായി അവതരിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ലെന്ന് നമുക്കെല്ലാം അറിയാം. തർക്കമുണ്ടാക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ബഹുമാന്യ അംഗങ്ങൾക്ക് ഈ ഭേദഗതിയെ സംബന്ധിച്ച് അത് ജനങ്ങളുടെ നൻമയ്ക്കു വേണ്ടിയുള്ളതാണെന്നും സ്വീകരിക്കപ്പെടേണ്ടതാണെന്നും തോന്നുന്നുണ്ടെങ്കിൽ അതും അല്ലെങ്കിൽ അക്കാര്യവും അവരവരുടെ മനസ്സാക്ഷി അനുസരിച്ച് വ്യക്തമാക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. നാം ഇവിടെ എത്തിയിരിക്കുന്നത് ദൈവികമായ ബാധ്യത നിർവഹിക്കാനാണെന്നും ഇവിടെ ചെയ്യുന്ന ഓരോ പ്രവർത്തികൾക്കും നാം ദൈവത്തോടു മറുപടി പറയേണ്ടവരാണെന്നും ഓർക്കണമെന്ന് ബഹുമാന്യ അംഗങ്ങളെ ഉണർത്താൻ ഞാൻ ആഗ്രഹിക്കുന്നു. വിപ്പ് ഇറക്കിയതുമായി ബന്ധപ്പെട്ട് നമ്മുടെ മനസ്സാക്ഷി അനുസരിച്ചുള്ള സമീപനമല്ല സ്വീകരിച്ചതെന്ന ന്യായീകരണമാണ് പറയാനുള്ളതെങ്കിൽ അതൊരു ന്യായീകരണമല്ലെന്ന് ബഹുമാന്യ അംഗങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും.

ചുരുക്കത്തിൽ പാർട്ടി അംഗങ്ങൾക്കുള്ള മാർഗനിർദേശമാണ് പാർട്ടി പുറപ്പെടുവിക്കുന്ന വിപ്പ്. ബഹുമാന്യ അംഗങ്ങളോട് അഭ്യർഥിക്കാനുള്ളത് ഈ ഭേദഗതിയെ പിന്തുണക്കണമെന്നാണ് നിങ്ങളുടെ മനസ്സാക്ഷി പറയുന്നതെങ്കിൽ അങ്ങനെ ചെയ്യാൻ അവർ മടി കാട്ടരുതെന്നാണ്. അങ്ങനെ അവർ ചെയ്യുന്ന പക്ഷം ബ

mappilaheritagelibrary.com

ന്ധപ്പെട്ട പാർട്ടികളിൽ നിന്ന് അവർ അനുവാദം വാങ്ങുകയും വേണം.

സർ, അങ്ങയുടെ അനുവാദത്തോടെ എന്റെ സുഹൃത്തിനെ ഞാനൊന്ന് തിരുത്തിക്കോട്ടെ. ഒരു പ്രവിശ്യയിൽ പോലും ഭൂരിപക്ഷം മുസ്ലിംകളില്ലാത്ത ഇന്ത്യൻ യൂണിയനു വേണ്ടിയാണ് നാം ഭരണഘടന രൂപീകരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി മൂവ് ചെയ്തത് മുസ്ലിം അംഗങ്ങളാണെന്നും മുസ്ലിം ലീഗിന്റെ താൽപര്യം സംരക്ഷിക്കാനാണെന്നുമുള്ള വാദം ഉന്നയിക്കുന്നതിൽ യാതൊരു കഴമ്പുമില്ല. ഇത് തീർത്തും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുണ്ടായ തെറ്റിദ്ധരിപ്പിക്കുന്ന വാദമാണ്. ഇന്ത്യൻ യൂണിയന്റെ ഭാഗമായ മുസ്ലിംകൾ മാത്രമല്ല ഈ ഭേദഗതി കൊണ്ട് നേട്ടമുണ്ടാക്കുന്നതെന്ന വസ്തുത ബഹുമാന്യ നിയമ മന്ത്രി മറന്നു പോകരുത്.

1949, മെയ് 23, തിങ്കൾ

ആർട്ടിക്കിൾ 102 ക്ലോസ് (1) താഴെ പറയുന്ന വ്യവസ്ഥകൾ കൂട്ടിച്ചേർക്കുക.

യോഗ്യമായ നീതിന്യായ കോടതിയുടെ വിചാരണയ്ക്കു ശേഷം കുറ്റം തെളിയിക്കപ്പെട്ട ശേഷമല്ലാതെ ഒരു പൗരന്റെയും സ്വാതന്ത്ര്യം ഇത്തരം ഓർഡിനൻസുകൾ കവർന്നെടുക്കരുത്.

ഓരോ പൗരന്റെയും സ്വാതന്ത്ര്യം ഇല്ലാതാക്കും മുമ്പ് യോഗ്യമായ നീതിന്യായ കോടതിയുടെ വിചാരണ ലഭിക്കുക എന്ന മൗലികാവകാശത്തെ ബാധിക്കുന്ന സുപ്രധാനമായൊരു വിഷയമാണിത്. അടിയന്തര നടപടികൾ സ്വീകരിക്കേണ്ട സാഹചര്യമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഒരു കോടതിയുടെ വിചാരണ നേരിട്ട ശേഷമല്ലാതെ പൗരന്റെ മൗലികാവകാശം ലംഘിക്കപ്പെടരുത്. അടുത്തിടെ വിവിധ പ്രവിശ്യകൾ ഓർഡിനൻസുകളും ചിലപ്പോൾ ഓർഡിനൻസുകളുടെ രൂപം പ്രാപിച്ച പൊതു സുരക്ഷാ നിയമവും നടപ്പാക്കിയതുമായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഇവിടെ ഈ ഭേദഗതി അവതരിപ്പിക്കുന്നതിന്റെ കാരണം. ഓർഡിനൻസുകൾ പിന്നീട് നിയമമാക്കപ്പെട്ടുവെങ്കിലും നീതിന്യായ കോടതിയുടെ വിചാരണ ലഭ്യമാക്കണമെന്ന മൗലികാവകാശത്തിന്റെ ലംഘനമാണ് സംഭവിച്ചത്. മദ്രാസ് പ്രവിശ്യയിൽ അവിടത്തെ നിയമനിർമാണ സഭ തന്നെ പാസാക്കിയ പൊതു സുരക്ഷാ നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ നൂറുകണക്കിന് പേരെയാണ് അറസ്റ്റു ചെയ്ത് വിചാരണ കൂടാതെ തടവിലാക്കിയത്. തടവിൽ പാർപ്പിച്ചത് ഏതാനും ആഴ്ചകളല്ല, മാസങ്ങളാണ്. അതും എന്തു കുറ്റത്തിനാണ് തടവിൽ ക

mappilaheritagelibrary.com

ഴിയുന്നതെന്ന വിവരം പോലും അറിയിക്കാതെ. അപമാനകരമാ
യ സ്ഥിതിവിശേഷമാണിത്. ഇതു സംബന്ധിച്ച വിധികൾ പത്ര
ങ്ങളിൽ വന്നത് നിങ്ങൾ ശ്രദ്ധിച്ചുകാണും. ഈ പ്രവണതയെ വ
ളരെ ശക്തമായ ഭാഷയിൽ ഹൈക്കോടതി അപലപിക്കുകയും ചെ
യ്തിട്ടുണ്ട്. ചില പ്രത്യേകാധികാരങ്ങൾ ഉപയോഗിക്കേണ്ട അടി
യന്തര സാഹചര്യങ്ങൾ ചിലപ്പോൾ ഉണ്ടായിക്കാണും.

mappilaheritagelibrary.com

നേതൃസ്മൃതി

1.	**സർ സയ്യിദ് അഹ്മദ് ഖാൻ** എം.ഐ.തങ്ങൾ	₹ 100
2	**കോട്ടാൽ ഉപ്പിസാഹിബ്** കെ.പി.കുഞ്ഞിമ്മൂസ	₹ 40
3.	**സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ** എം.സി.വടകര	₹ 170
4.	**മൗലാനാ അബുസ്സബാഹ് അഹ്മദ് അലി** പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി	₹ 60
5.	**ഒ.ആബു** ഇബ്രാഹിം ബേവിഞ്ച, സി.ടി.ബഷീർ	₹ 75
6.	**വക്കം അബ്ദുൽ ഖാദർ** എ.കെ.അബ്ദുൽ മജീദ്	₹ 60
7.	**പി.എ.സെയ്തു മുഹമ്മദ്** ജമാൽ കൊച്ചങ്ങാടി	₹ 75
8.	**കെ.കെ.അബുസാഹിബ്** ടി.പി.എം.ബഷീർ	₹ 80

Grace Educational Association
Camp Sayyid, P.B.No.3, Malappuram (Dt). 676317
Mob: 9895114673, 9633902944

നേതൃസ്മൃതി

ബി.പോക്കർ സാഹിബ്

കെ.പി. കുഞ്ഞിമ്മൂസ

മലബാർ രാഷ്ട്രീയത്തിലെ
അതികായനായിരുന്നു
ബി.പോക്കർ സാഹിബ്(1890-1965).
ഭരണഘടനാ നിർമ്മാണസമിതി അംഗം,
ഒന്നും രണ്ടും ലോക്സഭകളിലെ
സജീവ അംഗം എന്നീ
നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച
ബി. പോക്കർ സാഹിബിന്റെ
ലഘുജീവചരിത്ര കൃതിയാണിത്.

പത്രപ്രവർത്തകനും
ഗ്രന്ഥകാരനുമായ
കെ.പി. കുഞ്ഞിമ്മൂസയുടെ രചന.

ഗ്രെയ്സ് ബുക്സ്

ജീവചരിത്രം

2013

വില : 70.00

Grace books